33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 03, 2025 Vol. XXXIII No. 01 Periodicals Postage Paid




## പുതുവത്സരാശംസകൾ

## കേരളാ എക്സ്പ്രസ്സിന് മുപ്പത്തിമൂന്ന് വയസ്



കെ.എം. ഈപ്പൻ



ജോസ് കണിയാലി

അമേരിക്കൻ മലയാളികളുടെ വായനയേയും ചിന്തകളേയും സമ്പുഷ്ടമാക്കിയ കേരളാ എക്സ്പ്രസ് പത്രം മുപ്പത്തിമൂന്നാം വർഷത്തിലേക്ക് കടന്നിരിക്കുമ്പോൾ ലോകം മുഴുവൻ കേരളാ എക്സ്പ്രസ് ഡോട്ട് കോമും ലോകമലയാളികളുടെ ദൈനംദിന വാർത്തകളുമായി ഒപ്പമുണ്ട്. 1992-ൽ മാവേലിക്കര സ്വദേശിയായ കെ.എം. ഈപ്പന്റെ നേതൃത്വത്തിൽ ആരംഭിച്ച കേരളാ എക്സ്പ്രസ് മാതൃഭാഷയ്ക്കു നല്കിയ വെളിച്ചം കൂടിയാണ് കഴിഞ്ഞ മുപ്പത്തിരണ്ട് വർഷത്തെ മാധ്യമസേവനം.

മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ ന്യൂസ്പേപ്പറായ കേരളാ എക്സ്പ്രസ് ഡോട്ട് കോം അമേരിക്കൻ മലയാളികളുടെ വാർത്തകൾക്കൊപ്പം ലോക മലയാളികളുടെ വാർത്തകൾക്കും ജീവിതത്തിന്റെ നേർചിത്രങ്ങൾക്കും അതിവേഗം ദൃശ്യഭാഷ നല്കുന്നു. അമേരിക്കയിലെ പ്രഗത്ഭരായ മലയാളി പ്രതിഭകളുടെ ഇതുവരെയുള്ള ജീവിതം പത്രത്തിലും ഓൺലൈനിലും അവതരിപ്പിക്കുന്ന 'വഴിത്താരകൾ' എന്ന പംക്തി ഇതിനോടകംതന്നെ വായനക്കാരുടെ ശ്രദ്ധ നേടിക്കഴിഞ്ഞു. കൂടാതെ പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ആരംഭിച്ച 'വാരാന്ത്യവും' ശ്രദ്ധനേടിയതും 2025-ൽ കൂടുതൽ പ്രതീക്ഷയ്ക്ക് ഇടനല്കുന്നു.

ഇതിനെല്ലാം വഴിയൊരുക്കിയത് അമേരിക്കൻ മലയാളി വായനക്കാരാണ്. ഒപ്പം സംഘടനാ സുഹൃത്തുക്കൾ, പരസ്യം നല്കി സഹായിച്ചവർ, എഴുത്തുകാർ എന്നിവരുടെ പിന്തുണയും ഹൃദയത്തോടു ചേർക്കുന്നു. തുടർന്നും ഈ പിന്തുണയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!

കെ.എം. ഈപ്പൻ (ചീഫ് എഡിറ്റർ)

ജോസ് കണിയാലി (എക്സിക്യൂട്ടീവ് എഡിറ്റർ)

# FIRST DEATH ANNIVERSARY


**December 29, 2024**



## Abraham Joseph Kallidukil

**Manjoor South**

Born: August 9, 1948 Died: December 29, 2023




# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

**FOR BOOKING:**
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 എം.ടി. വാസുദേവൻ നായർ കാലയവനികയ്ക്കുള്ളിൽ
8 ആഘോഷങ്ങളിലെ വെടിക്കെട്ട് മാനദണ്ഡം ...
11 രാഷ്ട്രീയത്തിലെത്തിയ സാമ്പത്തിക വിദഗ്ദ്ധൻ
15 മാർക്ക് കുടുംബ സംഗമം ജനുവരി 25–ന് ശനിയാഴ്ച
18 ഫാ. സജി പിണർക്കയിലിന്റെ പൗരോഹിത്യ ജൂബിലി

## മുൻ പ്രസിഡണ്ട് ജിമ്മി കാർട്ടർ അന്തരിച്ചു

വാഷിങ്ടൺ: മുൻ പ്രസിഡണ്ടും നൊബേൽ സമ്മാന ജേതാവുമായ ജിമ്മി കാർട്ടർ (100) അന്തരിച്ചു. അമേരിക്കയുടെ 39-ാമത്തെ പ്രസിഡണ്ടാണ്. കാൻസറിനെ അതിജീവിച്ച അദ്ദേഹം കഴിഞ്ഞ യുഎസ് തെരഞ്ഞെടുപ്പിലും വോട്ട് ചെയ്യാനെത്തിയിരുന്നു. ജനുവരി 9-ന് രാജ്യവ്യാപകമായി ദുഃഖാചരണം ഉണ്ടാകുമെന്ന് പ്രസിഡണ്ട് ജോ ബൈഡൻ വ്യക്തമാക്കി.

ഡെമോക്രാറ്റുകാരനായ കാർട്ടർ 1977 മുതൽ 1981 വരെ അമേരിക്കൻ പ്രസിഡണ്ടായിരുന്നു. തുടർഭരണം തേടിയ റിപ്പബ്ലിക്കൻ പ്രസിഡണ്ട് ജെറാൾഡ് ഫോർഡിനെയാണ് കാർട്ടർ അന്ന് പരാജയപ്പെടുത്തിയത്. ഈജിപ്തും ഇസ്രയേലും തമ്മിലുള്ള സമാധാന കരാറായ 1978-ലെ ക്യാംപ് ഡേവിഡ് അക്കോർഡ്സിനു പിന്നിൽ പ്രവർത്തിച്ച യുഎസ് പ്രസിഡണ്ടാണ്. മധ്യപൂർവേഷ്യയിൽ കുറച്ചെങ്കിലും സ്ഥിരത കൊണ്ടുവരാൻ സഹായിച്ചത് ഈ കരാറാണ്. തുടർഭരണം തേടിയ കാർട്ടറെ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായ റോണൾഡ് റെയ്ഗൺ പരാജയപ്പെടുത്തി. നൂറ് വയസ് വരെ ജീവിച്ച ആദ്യത്തെ അമേരിക്കൻ പ്രസിഡണ്ടാണ് കാർട്ടർ. 1978-ൽ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. 77 വർഷം ജീവിതപങ്കാളിയായിരുന്ന റോസ



ലിൻ കഴിഞ്ഞ നവംബറിൽ 96-ാം വയസ്സിൽ അന്തരിച്ചു.

2002-ലാണ് നൊബേൽ സമ്മാനം ലഭിച്ചത്. എത്യോപ്യയും എറിട്രിയയും മുതൽ ബോസ്നിയയും ഹെയ്റ്റിയും വരെ ലോകത്തെ പലയിടങ്ങളിലെയും സംഘർഷങ്ങൾ ഇല്ലാതാക്കാനും മനുഷ്യാവകാശം ഉറപ്പാക്കാനും ജിമ്മി കാർട്ടർ നടത്തിയ ശ്രമങ്ങൾക്കായിരുന്നു പുരസ്കാരം.

(ശേഷം 30-ാം പേജിൽ)

## പീറ്റർ കുളങ്ങര ഫോമാ കേരളാ കൺവൻഷൻ ചെയർമാൻ

**ഷോളി കുമ്പിളുവേലി**



ചിക്കാഗോ: അമേരിക്കൻ മലയാളികളുടെ സാമൂഹിക ജീവകാരുണ്യ മേഖലയിലെ പ്രമുഖനും ഫോമായുടെ മുതിർന്ന നേതാവുമായ പീറ്റർ കുളങ്ങരയെ ഫോമായുടെ 2025 കേരളാ കൺവൻഷൻ ചെയർമാനായി തെരഞ്ഞെടുത്തതായി ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു. കോട്ടയത്തു വെച്ചായിരിക്കും 2025 ഫോമാ കേരളാ കൺവൻഷൻ നടക്കുക.

തികഞ്ഞ സംഘടനാപ്രവർത്തകനും ഫോമായുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുകയും ചെയ്യുന്ന പീറ്റർ കുളങ്ങര അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്. കോട്ടയം ജില്ലയിലെ താഴത്തങ്ങാടിയിൽ കുളങ്ങര കെ.ജെ. മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും മകനായ പീറ്റർ കുളങ്ങര അമേരിക്കയിലെ മലയാളി സംഘടനകളിൽ നിറസാന്നിദ്ധ്യമാണ്. ചിക്കാഗോ കെസിഎസിന്റെ ട്രഷറർ, വൈസ് പ്രസിഡണ്ട്, കെസിസിഎൻഎ ആർവിപി, മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ ആദ്യകാല ചെയർമാൻ, പിന്നീട് പ്രസിഡണ്ട് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. തുടർന്ന് ഫോമാ ആർവിപി, നാഷണൽ കൗൺസിൽ മെംബർ, ഫോമാ അഡൈ്വസറി ബോർഡ് വൈസ് ചെയർമാൻ, ഫോമാ ഹൗസിംഗ് പ്രോജക്ട് മെംബർ, ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയുടെ പ്രഥമ കൈക്കാരൻ (ട്രസ്റ്റി), 2010 മുതൽ പള്ളിയുടെ ഫ്യൂണറൽ കോ-ഓർഡിനേറ്റർ എന്നീ നിലകളിലും പീറ്റർ കുളങ്ങര തന്റെ നേതൃപാടവം തെളിയിച്ചു.

(ശേഷം 13-ാം പേജിൽ)

## ഉമ തോമസ് എംഎൽഎയ്ക്ക് ഗാലറിയിൽനിന്നു വീണ് ഗുരുതരപരുക്ക്

കൊച്ചി: കലൂർ ജവാഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിലെ 15 അടി ഉയരത്തിലുള്ള ഗാലറിയിലെ വേദിയിൽനിന്നുവീണ് ഉമ തോമസ് എംഎൽഎക്കു ഗുരുതര പരുക്ക്. പാലാരിവട്ടം റിനൈ ആശുപത്രിയിലെ ഐസിയു വെന്റിലേറ്ററിൽ 24 മണിക്കൂർ



നിരീക്ഷണത്തിലാണ്. എംഎൽഎയുടെ ആരോഗ്യസ്ഥിതിയിൽ ആശങ്കപ്പെടേണ്ടതില്ലെന്നു ഡോക്ടർമാർ അറിയിച്ചു.

നടി ദിവ്യ ഉണ്ണിയുടെ നേതൃത്വത്തിൽ ലോക റെക്കോർഡ് ലക്ഷ്യമിട്ടു 12,000 നർത്തകരുടെ ഭരതനാട്യം പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിന് എത്തിയതായിരുന്നു ഉമ തോമസ്. എട്ട് മിനിറ്റ് നീണ്ടുനിന്ന റെക്കോഡ് ഭരതനാട്യം സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. മന്ത്രി സജി ചെറിയാൻ ഉൾപ്പെടെയുള്ളവർ വേദിയിലിരിക്കെയാണ് അപകടം. വീഴ്ചയിൽ തലയ്ക്കു പിന്നിൽ ഗുരുതര ക്ഷതമേറ്റു. തലച്ചോറിനും നട്ടെല്ലിനും പരുക്കുണ്ട്. വാരിയെല്ല് ഒടിഞ്ഞു തറച്ചതിനെത്തുടർന്നു ശ്വാസകോശത്തിലും മുറിവുണ്ട്. മുഖത്തെ അസ്ഥികളും പൊട്ടി. ആശുപത്രിയിലെത്തിക്കുമ്പോൾ ആന്തരിക രക്തസ്രാവം ഉണ്ടായിരുന്നെങ്കിലും വൈകാതെ നിയന്ത്രിച്ചു.

കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽനിന്നുള്ള ഡോക്ടർമാരുടെ വിദഗ്ധ സംഘം രാത്രി കൊച്ചിയിലെത്തി. മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം പ്രത്യേക മെഡിക്കൽ ബോർഡ് രൂപീകരിച്ചു.

മന്ത്രിയടക്കം പങ്കെടുത്ത പരിപാടിയിലുണ്ടായതു ഗുരുതര സുരക്ഷാവീഴ്ച. വിഐപി ഗാലറിയിലെ 13 വരി കസേരകൾക്കു മുകളിൽ രണ്ട് തട്ടുകളിലായി കെട്ടി ഉയർത്തിയ താൽക്കാലിക വേദിയിലായിരുന്നു പരിപാടി. വേദിയുടെ മുന്നിൽ കൈവരിക്കു പകരം 'ക്യൂ മാനേജർ' (എയർപോർട്ടുകളിലും മറ്റും തിരക്കു നിയന്ത്രിക്കാൻ കുറ്റികളിൽ നാട വലിച്ചുകെട്ടുന്ന സംവിധാനം) മാത്രമാണുണ്ടായിരുന്നത്.

(ശേഷം 30-ാം പേജിൽ)

## 2024–ൽ യുഎസിൽ എത്തിയത് 20 ലക്ഷം ഇന്ത്യക്കാർ

ന്യൂഡൽഹി: ഇക്കൊല്ലം നവംബർ വരെ 20 ലക്ഷത്തിലേറെപ്പേർ ഇന്ത്യയിൽ നിന്ന് യുഎസിലേക്ക് യാത്ര ചെയ്തിട്ടുണ്ടെന്ന് യുഎസ് എംബസിയുടെ കണക്ക്. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 26 ശതമാനം വർദ്ധനയുണ്ട്.

നാല് വർഷത്തിനിടെ ഇന്ത്യയിൽ നിന്ന് യുഎസിലേക്ക് യാത്ര ചെയ്യുന്നവരുടെ എണ്ണത്തിൽ അഞ്ച് മടങ്ങ് വർദ്ധനയാണുണ്ടായത്. ഈ വർഷം മാത്രം ഇന്ത്യയിൽനിന്ന് 10 ലക്ഷത്തിലേറെ നോൺ-ഇമിഗ്രന്റ് വിസ യുഎസ് എംബസി നല്കി.

ടൂറിസം, ചികിത്സ, ബിസിനസ്, താല്ക്കാലിക ജോലി, വിദ്യാഭ്യാസം പോലെയുള്ള

(ശേഷം 28-ാം പേജിൽ)

## മൻമോഹൻ സിങ് ഓർമയായി

ന്യൂഡൽഹി: ഇന്ത്യയെ ആധുനികതയിലേക്കു കൈപിടിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിനു രാജ്യം വിടനൽകി. ഡൽഹി എയിംസിൽ ഡിസംബർ 26-ന് രാത്രി 9.15-നായിരുന്നു അന്ത്യം. ഡിസംബർ 28-ന് എട്ടോടെയാണ് ഡോ. മൻമോഹൻ സിങ്ങിന് അന്തിമോപചാരമർപ്പിക്കാനുള്ള ചടങ്ങുകൾ ആരംഭിച്ചത്. പൊതുദർശനത്തിനായി കോൺഗ്രസ് ആസ്ഥാനത്തേക്ക് ഭൗതികദേഹം കൊണ്ടുപോകുന്നതിനു മുമ്പായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും കോൺഗ്രസ് ജനറൽ സെക്രട്ടറിയും വയനാട് എംപിയുമായ പ്രിയങ്ക ഗാന്ധിയുമടക്കമുള്ള മുതിർന്ന നേതാക്കൾ മോത്തിലാൽ മാർഗിലെ മൂന്നാം നമ്പർ ഔദ്യോഗിക വസതിയിലെത്തി



യിരുന്നു. തുടർന്ന് സൈനികരുടെ നേതൃത്വത്തിൽ ഒമ്പതോടെ ഭൗതികദേഹം വഹിച്ചു പ്രത്യേകവാഹനം കോൺഗ്രസ് ആസ്ഥാനത്തേക്കെത്തി.

(ശേഷം 30-ാം പേജിൽ)

## വ്യാപാരാവശ്യത്തിനുള്ള സ്വർണം: ഇ–വേ ബിൽ നിർബന്ധം

തിരുവനന്തപുരം: വ്യാപാരാവശ്യങ്ങൾക്കായി 10 ലക്ഷം രൂപയ്ക്കു മേൽ വിലയുള്ള സ്വർണം ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കു കൊണ്ടുപോകുന്നതിന് ഇ-വേ ബിൽ നിർബന്ധമാക്കി. സംസ്ഥാന ജിഎസ്ടി വകുപ്പ് ഇതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. ജനുവരി ഒന്നു മുതൽ ഇതു പ്രാബല്യത്തിലാകും. വ്യക്തികൾ സ്വകാര്യ ആവശ്യത്തിനായി കൊണ്ടുപോകുന്ന സ്വർണത്തിന് ഈ പരിധി ബാധകമല്ല. ആദായനികുതി നിയമമനുസരിച്ച് വിവാഹിതയായ ഒരു സ്ത്രീക്ക് 500 ഗ്രാം സ്വർണം കൈവശം വെക്കാം. 500 ഗ്രാം സ്വർണത്തിന് 35 ലക്ഷം രൂപയിലേറെ വില വരും.

(ശേഷം 28-ാം പേജിൽ)

# എം.ടി. വാസുദേവൻ നായർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു

കോഴിക്കോട്: മലയാളത്തിന്റെ മഹാപ്രതിഭ കാലപ്രവാഹത്തിലെ സുകൃതമായി എരിഞ്ഞടങ്ങി. രോഗശയ്യയിൽനിന്നൊരു രണ്ടാമൂഴം എന്ന പ്രതീക്ഷയുമായി കാത്തിരുന്ന നാടിനെയാകെ കണ്ണീരിലാഴ്ത്തിയാണ് മൂന്നു തലമുറയെ കഥകളുടെ ജ്ഞാനപീഠം കയറ്റിയ എം.ടി. വാസുദേവൻ നായർ (91) ക്രിസ്മസ് ദിനത്തിൽ ഓർമയുടെ നാലുകെട്ടിലേക്കു മടങ്ങിയത്. ഹൃദയസംബന്ധമായ അസുഖത്തെത്തുടർന്ന് 11 ദിവസമായി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.



ഡിസംബർ 25-ന് രാത്രി പതിനൊന്നോടെ കോഴിക്കോട് കൊട്ടാരം റോഡിലെ സിതാര എന്ന വീട്ടിലെത്തിച്ച മൃതദേഹത്തിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ അന്തിമോപചാരമർപ്പിച്ചു. 26-ന് വൈകുന്നേരം 4.15-ന് എം.ടി. അവസാനമായി 'സിതാര'യുടെ പടിയിറങ്ങി. വൈകുന്നേരം അഞ്ചിനു മാവൂർ റോഡ് സ്മൃതിപഥം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു അന്ത്യവിശ്രമം. സഹോദരന്റെ മകൻ ടി. സതീശൻ, മരുമക്കളായ എം.ടി. രാമകൃഷ്ണൻ, എം.ടി. രാജീവ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സംസ്കാരച്ചടങ്ങുകൾ നടത്തിയത്. ഏകാന്തതയെ പ്രണയിച്ച സാഹിത്യകാരന് അന്ത്യോപചാരമർപ്പിക്കാൻ 'സിതാര'യിലേക്ക് ജനസഞ്ചയമാണ് ഒഴുകിയെത്തിയത്. കൊട്ടാരം റോഡ്, നടക്കാവ്, ബാങ്ക് റോഡ്, കെഎസ്ആർടിസി ബസ് സ്റ്റാൻഡ് വഴി മാവൂർ റോഡിലെ പൊതുശ്മശാനത്തിലേക്കു ഭൗതികശരീരം വഹിച്ച് ആംബുലൻസ് എത്തിച്ചേരുന്ന വഴിയോരങ്ങളിലും ആളുകൾ കാത്തുനിന്നിരുന്നു. നൂറുകണക്കിനു പേർ എം.ടിക്കൊപ്പം നടന്നപ്പോൾ അന്ത്യയാത്ര ആരുടെയും ആസൂത്രണമില്ലാതെതന്നെ വലിയ വിലാപയാത്രയായി മാറി. നാലേ മുക്കാലോടെ മൃതശരീരം എത്തിക്കുമ്പോഴേക്കും സ്മൃതിപഥവും പരിസരവും ആൾക്കൂട്ടത്താൽ നിറഞ്ഞിരുന്നു. വൈകുന്നേരം 5.30-ഓടെ ചടങ്ങുകൾ പൂർത്തിയായി.

നൃത്താധ്യാപിക കലാമണ്ഡലം സരസ്വതിയാണ് എം.ടിയുടെ ഭാര്യ. യുഎസിൽ ബിസിനസ് എക്സിക്യൂട്ടീവായ സിതാര, നർത്തകിയും സംവിധായികയുമായ അശ്വതി എന്നിവരാണു മക്കൾ. മരുമക്കൾ: സഞ്ജയ് ഗിർമേ, ശ്രീകാന്ത് നടരാജൻ. അധ്യാപികയും വിവർത്തകയുമായിരുന്ന പരേതയായ പ്രമീള നായർ ആദ്യഭാര്യയാണ്. സഹോദരങ്ങൾ: പരേതരായ എം.ടി. ഗോവിന്ദൻനായർ, നാരായണൻ നായർ, ബാലൻ നായർ.

മുഖ്യമന്ത്രി പിണറായി വിജയൻ, നടൻ മോഹൻലാൽ, മന്ത്രിമാരായ സജി ചെറിയാൻ, പി.എ. മുഹമ്മദ് റിയാസ്, എ.കെ. ശശീന്ദ്രൻ, പി. പ്രസാദ്, എം.ബി. രാജേഷ്, കെ. കൃഷ്ണൻകുട്ടി, കെ.കെ. ശൈലജ എംഎൽഎ, എ. പ്രദീപ്കുമാർ ഉൾപ്പെടെയുള്ള പ്രമുഖർ എം.ടിക്കു അന്ത്യോപചാരമർപ്പിച്ചു.

## കെഎസ്ആർടിസി ഒറ്റ ദിവസംകൊണ്ട് 9.22 കോടി നേടി

ചാത്തന്നൂർ: കെഎസ്ആർടിസിയുടെ പ്രതിദിന വരുമാനം സർവകാല റിക്കാഡിലെത്തി. ഡിസംബർ 23-ന് പ്രതിദിന വരുമാനം 9.22 കോടി രൂപ എന്ന നേട്ടം കൊയ്തു. കഴിഞ്ഞ വർഷം ഇതേ ദിവസം നേടിയ 9.06 കോടി എന്ന നേട്ടമാണ് ഇപ്പോൾ മറികടന്നത്. ശബരിമല സ്പെഷൽ സർവീസിനൊപ്പം മറ്റ് സർവീസുകൾ മുടക്കമില്ലാതെ ഓപ്പറേറ്റ് ചെയ്തും കൃത്യമായ പ്ലാനിംഗ് നടത്തിയും ജനോപകാരപ്രദമല്ലാത്തതും പ്രവർത്തന ചെലവ് പോലും കിട്ടാത്ത കടുത്ത നഷ്ട ട്രിപ്പുകൾ ഒഴിവാക്കിയും ആണ് ചെലവ് ചുരുക്കി നേട്ടം ഉണ്ടാക്കിയത്. ശബരിമല വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ഗണ്യമായ കുറവ് ഉണ്ടായിട്ടും ആകെ വരുമാനത്തിൽ 20 ലക്ഷത്തോളം രൂപ അധികം കഴിഞ്ഞ വർഷത്തേക്കാൾ ഉണ്ടായി എന്നത് നേട്ടത്തിന്റെ തിളക്കം വർധിപ്പിക്കുന്നു. മുൻകൂട്ടി ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തി കൃത്യമായ പ്ലാനിംഗോടുകൂടി വെള്ളി, ശനി, ഞായർ ദിവസങ്ങളിലെ അഡീഷണൽ സർവീസുകളും വീക്കെൻഡ് സർവീസുകളും ഓപ്പറേറ്റ് ചെയ്തത് യാത്രക്കാർക്ക് ഏറെ ഗുണകരമാകുകയും കെഎസ്ആർടിസിക്കു മികച്ച വരുമാനം നേടുന്നതിന് സഹായകമാവുകയും ചെയ്തു.

## സർക്കാർ നേഴ്സുമാരും നാടുവിടുന്നു

തിരുവനന്തപുരം: വിദേശത്ത് മെച്ചപ്പെട്ട തൊഴിൽസാധ്യതകൾ തെളിഞ്ഞതോടെ സർക്കാർ സർവീസിലുള്ള നേഴ്സുമാരും നാടുവിടുന്നു. അഞ്ചു വർഷമായി ജോലിക്കു ഹാജരാകാതെ, അനധികൃതമായി അവധിയിൽ തുടരുന്ന, മെഡിക്കൽ കോളജുകളിലെ 61 സ്റ്റാഫ് നേഴ്സുമാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പിരിച്ചുവിട്ടു. ഇവരുൾപ്പെടെ 216 നേഴ്സുമാർ അനധികൃതമായി മെഡിക്കൽ കോളജുകളിൽ നിന്ന് വിട്ടുനില്ക്കുന്നുണ്ട്. പരമാവധി അഞ്ചു വർഷമേ ശൂന്യവേതന അവധി എടുക്കാൻ സാധിക്കൂവെന്ന നിബന്ധന ഒന്നാം പിണറായി സർക്കാരാണ് കൊണ്ടുവന്നത്. മുൻകാലങ്ങളിൽ 20 വർഷം വരെ ശമ്പളമില്ലാ അവധിയെടുത്ത് വിദേശത്തും മറ്റും ജോലി ചെയ്തശേഷം വിരമിക്കുന്നതിനു തൊട്ടു മുൻപ് സർവീസിൽ തിരിച്ചുകയറി പെൻഷൻ വാങ്ങുന്ന പതിവുണ്ടായിരുന്നു. മുൻപ് ഡോക്ടർമാരായിരുന്നു സ്വകാര്യ ആശുപത്രികളിലും വിദേശത്തും ജോലിക്കായി ഇങ്ങനെ അവധിയെടുത്ത് മുങ്ങിയിരുന്നത്. 36 ഡോക്ടർമാരെ ഈ മാസമാദ്യം പിരിച്ചുവിട്ടിരുന്നു.

## ദക്ഷിണ കൊറിയയിൽ വിമാനം തകർന്ന് 179 മരണം

സോൾ: ദക്ഷിണ കൊറിയയിലെ മുവാൻ വിമാനത്താവളത്തിൽ ലാൻഡിങ്ങിനിടെ വിമാനം തകർന്നു തീപിടിച്ച് 179 പേർ കൊല്ലപ്പെട്ടു. 181 പേരുമായി പറന്ന വിമാനത്തിലെ രണ്ടുപേരെ രക്ഷിച്ചു. തായ്‌ലൻഡിൽനിന്നു മടങ്ങിയ ജെജു എയറിന്റെ വിമാനമാണ് സൗത്ത് ജിയോല്ല പ്രവിശ്യയിൽവെച്ച് അപകടത്തിൽപ്പെട്ടത്.

വിമാനത്തിലുണ്ടായിരുന്ന 181 പേരിൽ 175 പേർ യാത്രക്കാരും ആറു വിമാനജീവനക്കാരുമാണ്. ബെല്ലി ലാൻഡിങ്ങിനുള്ള ശ്രമം പരാജയപ്പെട്ടതിനെത്തുടർന്ന് വിമാനം മതിലിലിടിച്ചു തീപിടിക്കുകയായിരുന്നു. ഡിസംബർ 29-ന് രാവിലെ ഒമ്പതു മണിയോടെയായിരുന്നു അപകടം. പക്ഷികളുമായി ഇടിച്ച് ലാൻഡിങ് ഗിയറിന്റെ പ്രവർത്തനം തകരാറിലായതും പ്രതികൂല കാലാവസ്ഥയുമാണ് അപകടകാരണമെന്നു കരുതുന്നു.

വിമാനം പൂർണമായും നശിച്ചെന്നും മരിച്ചവരെ തിരിച്ചറിയുക ബുദ്ധിമുട്ടാണെന്നും അധികൃതർ അറിയിച്ചു. അപകടത്തിന് രണ്ട് മിനിറ്റ് മുമ്പ്, പൈലറ്റ് അധികൃതർക്ക് അപകടസന്ദേശം നൽകിയിരുന്നു. റൺവേ ചെറുതായതാണ് അപകടകാരണമെന്ന സംശയം അധികൃതർ തള്ളി. റൺവേയുടെ നീളം 2,800 മീറ്ററാണെന്നും സമാന വലുപ്പത്തിലുള്ള വിമാനങ്ങൾ പ്രശ്നങ്ങളില്ലാതെ ഇറങ്ങിയിട്ടുണ്ടെന്നും അവർ വ്യക്തമാക്കി.



മുവാൻ വിമാനത്താവളത്തിൽ ലാൻഡിങ്ങിനിടെ തകർന്ന് തീപിടിച്ച വിമാനം.

വിമാനാപകടത്തിൽ മാപ്പ് ചോദിക്കുന്നതായി ജെജു എയർ പറഞ്ഞു. അപകടത്തിന്റെ പൂർണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുവെന്നും കമ്പനി സിഇഒ കിം ഈ ബേ അറിയിച്ചു. ദക്ഷിണ കൊറിയയിലെ ഏറ്റവും ചെലവ് കുറഞ്ഞ വിമാനക്കമ്പനികളിലൊന്നായ ജെജു എയറിന്റെ ചരിത്രത്തിലെ ആദ്യമായാണ് ഇത്ര വലിയ അപകടമുണ്ടാകുന്നത്. കസാക്കിസ്ഥാനിൽ ഡിസംബർ 25-ന് അസർബൈജാൻ എയർലൈൻസിന്റെ യാത്രാവിമാനം തകർന്ന് 38 പേർ മരിച്ചതിനു പിന്നാലെയാണ് ഇപ്പോഴത്തെ അപകടം. ദക്ഷിണ കൊറിയയുടെ വ്യോമയാന ചരിത്രത്തിൽ ഏറ്റവുമധികംപേർ കൊല്ലപ്പെട്ട വിമാനാപകടങ്ങളിലൊന്നാണിത്. 1997-ൽ ഗുവാമിലുണ്ടായ വിമാനാപകടത്തിൽ 228 പേർ കൊല്ലപ്പെട്ടിരുന്നു. വിമാനം പൂർണമായി തകർന്നെന്ന് മുവാൻ അഗ്നിരക്ഷാ വിഭാഗം അറിയിച്ചു. വിമാനത്തിന്റെ വാൽ ഭാഗം മാത്രമാണ് അവശിഷ്ടങ്ങൾക്കിടയിൽ തിരിച്ചറിയാൻ പാകത്തിൽ കിടക്കുന്നത്. പക്ഷിയിടിച്ചതാണോ അപകടം എന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷിക്കുന്നുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. വിമാനം ലാൻഡ് ചെയ്യുന്നതിനു മുന്നോടിയായി എയർ ട്രാഫിക് കൺട്രോളിൽനിന്ന് പക്ഷികൾ പറക്കുന്നതായി മുന്നറിയിപ്പ് നൽകിയിരുന്നുവെന്നു ഗതാഗത മന്ത്രാലയം പറഞ്ഞു. വിമാനത്തിന്റെ ബ്ലാക് ബോക്സ് കണ്ടെടുത്തു. ഇതു പരിശോധിച്ചശേഷം അപകടകാരണം വ്യക്തമാകുമെന്നും മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ അറിയിച്ചു.

## യുഎഇയിൽ ചെറുവിമാനം തകർന്ന് ഇന്ത്യൻ ഡോക്ടർ മരിച്ചു

ദുബായ്: യുഎഇയിൽ ചെറുവിമാനം തകർന്നുവീണ് വനിതാ പൈലറ്റും സഹയാത്രികനായിരുന്ന ഇന്ത്യൻ ഡോക്ടറും മരിച്ചു. യുഎഇയിൽ ജനിച്ചുവളർന്ന ഡോ. സുലൈമാൻ അൽ മജീദ് (26) ആണ് മരിച്ചത്. ഡിസംബർ 26-ന് വ്യാഴാഴ്ച ഉച്ചയ്ക്ക് രണ്ടോടെയായിരുന്നു സംഭവം. 29-കാരിയായ പാക്കിസ്ഥാൻ വനിതയായിരുന്നു വിമാനം പറത്തിയിരുന്നത്. വിനോദയാത്രയ്ക്കായി വാടകയ്ക്കെടുത്ത വിമാനമാണ് അപകടത്തിൽപ്പെട്ടത്. പറന്നുയർന്നതിനു തൊട്ടുപിന്നാലെ റാസ് അൽ ഖൈമ ബീച്ചിനോടു ചേർന്നുള്ള കോവ് റൊട്ടാന ഹോട്ടലിനു സമീപം വിമാനം തകർന്നുവീഴുകയായിരുന്നു. അപകടം നടക്കുമ്പോൾ ഡോക്ടറുടെ കുടുംബാംഗങ്ങളും ക്ലബിൽ ഉണ്ടായിരുന്നു. ഇവരും യാത്രയിൽ പങ്കെടുക്കാനെത്തിയതായിരുന്നു. ജസീറ ഏവിയേഷൻ ക്ലബിന്റെ വിമാനമാണ് അപകടത്തിൽപ്പെട്ടത്. സംഭവത്തിൽ അന്വേഷണം തുടങ്ങിയതായി സിവിൽ ഏവിയേഷൻ മന്ത്രാലയം അറിയിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 01
January 03, 2025

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Cir2culation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Consultant Editor*
Prof. Babu Poozhikunnel
*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

മറ്റുള്ളവരുടെ വാക്കുകളല്ല, നമ്മുടെ മനസാക്ഷിയാണ് നമ്മെ ബഹുമാന്യരാക്കുന്നത്.
**കോൾറിഡ്ജ്**

ദൈവം നിർമിച്ച എല്ലാ വസ്തുക്കൾക്കും ഒരു പോരലുണ്ട്.
**ഹാരി എമേഴ്സൺ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985

www.questwealthgroup.com
rsurendran007@gmail.com





# MIDWEST WINDOWS & DOORS






MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com

Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com






Steve Crifase


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

A+ Rating BBB Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഇന്ത്യയ്ക്കു കരുത്തേകിയ സാമ്പത്തിക വിദഗ്ദ്ധൻ

ഇന്ത്യയുടെ ചരിത്രനിർമിതിയിൽ ഡോ. മൻമോഹൻ സിങ്ങിന്റെ വേറിട്ട ശൈലിയും നയസമീപനങ്ങളും വഹിച്ച പങ്കു നിസ്തുലമാണ്. സാമ്പത്തിക വിദഗ്ധൻ എന്ന നിലയിൽനിന്ന് അപ്രതീക്ഷിതമായി ഇന്ത്യയുടെ ധനമന്ത്രി, രണ്ടുതവണ പ്രധാനമന്ത്രി എന്നീ പദവികളിലേക്ക് ഉയർന്ന അപൂർവ ജീവിതം. ഇന്ത്യയുടെ സാമൂഹിക, സാമ്പത്തിക രംഗങ്ങളെ മാറ്റിമറിച്ച ഉദാരവൽക്കരണത്തിന്റെ ഉപജ്ഞാതാവ് എന്നുള്ള വിശേഷണമായിരിക്കും അദ്ദേഹത്തിന് ഏറ്റവും ചേരുക. പ്രധാനമന്ത്രി എന്ന നിലയിൽ മുന്നണി രാഷ്ട്രീയത്തിന്റെ ഒത്തുതീർപ്പുകൾ സമർഥമായി ഉൾക്കൊള്ളാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ദശാബ്ദങ്ങൾ നീണ്ടുനിന്ന സേവനകാലയളവിൽ വ്യത്യസ്തനിലകളിൽ ഇന്ത്യക്കു സംഭാവനകൾ നൽകിയ മഹനീയവ്യക്തിത്വമാണ് ഡോ. മൻമോഹൻ സിങ്. 1991–96 കാലത്തെ ധനമന്ത്രിയെന്നനിലയിൽ ഇന്ത്യയെയും കോൺഗ്രസിനെയും നെഹ്റുവിയൻ സാമ്പത്തികദർശനത്തിൽനിന്നു വ്യതിചലിപ്പിച്ചത് ഡോ. സിങ്ങാണ്. പക്ഷേ, വ്യക്തിയെന്നനിലയിൽ നെഹ്റുയുഗത്തിന്റെ സന്തതിയും രാഷ്ട്രീയക്കാരനെന്നനിലയിൽ നെഹ്റുവിയൻമൂല്യങ്ങളുടെ ഉപാസകനുമായിരുന്നു ഡോ. സിങ്. സംശുദ്ധിയുടെ തിളക്കവും പാണ്ഡിത്യത്തിന്റെ തലപ്പൊക്കവുമുള്ളൊരു ഒറ്റയാൾനടത്തമായിരുന്നു ഡോ. സിങ്ങിന്റെ രാഷ്ട്രീയജീവിതം.

ഡോ. മൻമോഹൻ സിങ്ങിനെക്കുറിച്ച് തിരുത്തപ്പെടേണ്ടതായ ചില പൊതുധാരണകളുണ്ട്. അവയിൽ ഒരുപക്ഷേ, ഏറ്റവും പ്രധാനപ്പെട്ടത് അദ്ദേഹം വിപണിസമ്പദ്‌വ്യവസ്ഥയുടെ സമ്പൂർണവക്താവായിരുന്നു എന്നതാണ്. ധനമന്ത്രിയെന്നനിലയിൽ ഇന്ത്യാചരിത്രത്തിലെ ഒരു സവിശേഷഘട്ടത്തിൽ സാമ്പത്തിക ഉദാരീകരണത്തിന്റെ പാത തുറന്നിട്ടു എന്നതാണ് അദ്ദേഹത്തെക്കുറിച്ച് അത്തരമൊരു ധാരണ പൊതുബോധത്തിൽ ഉറച്ചുപോയതിനുള്ള കാരണം. പക്ഷേ, സാമ്പത്തികശാസ്ത്രത്തിലെ ഇതരധാരകളിലും അദ്ദേഹത്തിന് വ്യുത്പത്തിയും വിശ്വാസവുമുണ്ടായിരുന്നു. വിപണിവ്യവസ്ഥയുടെ പരിമിതികളെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നു. പ്രധാനമന്ത്രിയായിരിക്കെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയടക്കമുള്ള ക്ഷേമപരിപാടികളിലൂടെ അസമത്വത്തിന്റെ ആഘാതം ലഘൂകരിക്കാനുള്ള പരിശ്രമങ്ങൾ അദ്ദേഹം നടത്തിയത് അതുകൊണ്ടാണ്.

സാമ്പത്തിക വിദഗ്ധനെന്ന നിലയിൽ മൻമോഹൻ സിങ്ങിന്റെ പ്രാഗത്ഭ്യത്തിന്റെ അടയാളപ്പെടുത്തലായി സാമ്പത്തിക ഉദാരവൽക്കരണ നയം മാറി. നരസിംഹ റാവു മന്ത്രിസഭയിൽ (1991–96) ധനമന്ത്രിയായിരിക്കെയായിരുന്നു നിർണായകമായ ഈയൊരു സാമ്പത്തിക പരിഷ്കരണം. സ്വർണം വരെ പണയംവെക്കേണ്ട ഗുരുതര പ്രതിസന്ധിയുടെ കാലത്തായിരുന്നു ഇന്ത്യ അപ്പോൾ. പിന്നീടു പ്രധാനമന്ത്രിയായപ്പോൾ നടപ്പിലാക്കിയ നിരവധി സാമൂഹിക സുരക്ഷാ പദ്ധതികളും ഇന്ത്യക്കു നേട്ടമായി. ബാങ്കിങ് മേഖലയിലെ പരിഷ്കാരങ്ങൾ, കാർഷിക വായ്പ എഴുതിത്തള്ളൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിങ്ങനെ കോൺഗ്രസ് അഭിമാനത്തോടെ എടുത്തുപറയുന്ന നേട്ടങ്ങളേറെ.

ഇന്ദിരാ ഗാന്ധിയടക്കം ഇന്ത്യയുടെ ഏഴു പ്രധാനമന്ത്രിമാരോടൊപ്പം പ്രവർത്തിക്കാൻ മൻമോഹൻ സിങ്ങിനു കഴിഞ്ഞിട്ടുണ്ട്. ഈയൊരു പരിചയസമ്പത്തിനെ അദ്ദേഹത്തെ ധനമന്ത്രിയാക്കിയതിലൂടെ പ്രയോജനപ്പെടുത്തുകയായിരുന്നു കോൺഗ്രസ്. സാമ്പത്തിക രംഗത്തുള്ള അദ്ദേഹത്തിന്റെ മികവും നയസമീപനവും ഇന്ത്യക്കും കരുത്തായി. 1932 സെപ്റ്റംബർ 26–ന്, ഇപ്പോൾ പാകിസ്താനിലെ പഞ്ചാബിന്റെ ഭാഗമായ ഗാഹ് ഗ്രാമത്തിലായിരുന്നു മൻമോഹൻ സിങ്ങിന്റെ ജനനം. വിഭജനശേഷം കുടുംബം അമൃത്സറിലേക്കു മാറി. റിസർവ് ബാങ്ക് ഗവർണർ, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ എന്നീ ചുമതലകൾ വഹിച്ചശേഷമാണ് കേന്ദ്രമന്ത്രിസഭയിൽ എത്തിയത്.

ദുർബലഭരണാധികാരി എന്നതാണ് അദ്ദേഹത്തെക്കുറിച്ചുള്ള മറ്റൊരു തെറ്റിദ്ധാരണ. നെഹ്റുകുടുംബത്തിന്റെ ആജ്ഞാനുവർത്തിയാണ് അദ്ദേഹമെന്ന രാഷ്ട്രീയ എതിരാളികളുടെ നിരന്തര ആരോപണമാണ് അത്തരമൊരു പ്രതിച്ഛായ സൃഷ്ടിക്കപ്പെട്ടതിന്റെ പ്രധാനകാരണം. പക്ഷേ, അന്നത്തെ കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിയും ഡോ. സിങ്ങും തമ്മിലുള്ള ബന്ധം പരസ്പരബഹുമാനത്തിലും വിശ്വാസത്തിലും അടിയുറച്ചതായിരുന്നു. യോജിക്കേണ്ടിടത്ത് യോജിക്കാനും വിയോജിക്കേണ്ടിടത്ത് വിയോജിക്കാനും ആ ബന്ധത്തിൽ വേണ്ടത്ര ഇടമുണ്ടായിരുന്നു. യുഎസുമായുള്ള ആണവക്കരാറിന്റെയും ഇന്ത്യ–പാക് സമാധാനപ്രക്രിയയുടെയുമൊക്കെ കാര്യത്തിൽ പാർട്ടിനേതൃത്വത്തിന്റെ എതിർപ്പു നിലനിൽക്കെത്തന്നെ സ്വന്തം വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ ഡോ. സിങ് തയ്യാറായിട്ടുണ്ട്. അതേസമയം, വിട്ടുവീഴ്ചകളുടെയും സമവായം സൃഷ്ടിക്കലിന്റെയുമൊക്കെ രാഷ്ട്രീയവഴികളെക്കുറിച്ചും അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. വഴുപ്പാർന്ന ആ വഴികളിലൂടെ സ്വന്തം അന്തസ്സു നിഹനിക്കാതെ, ഔന്നത്യം നിലനിർത്തി സഞ്ചരിക്കാൻ അദ്ദേഹം ശ്രദ്ധവെച്ചു.

# മലയാളത്തിന്റെ ഇതിഹാസ കലാകാരൻ എം.ടി.

മലയാളത്തിന്റെ സുകൃതം എം.ടി. വാസുദേവൻ നായരുടെ വേർപാട് സാഹിത്യലോകത്തിനു താങ്ങാനാവാത്ത നഷ്ടമാണു വരുത്തിയിട്ടുള്ളത്. സർവമണ്ഡലങ്ങളിലുള്ളവരാലും ആദരിക്കപ്പെടുന്ന, ചങ്ങമ്പുഴയുടെ ജനപ്രീതിയെ അതിശയിക്കുന്ന സ്വീകാര്യതയായിരുന്നു എം.ടിക്ക്. സാഹിത്യം നൽകുന്ന പരഹൃദയജ്ഞാനമെന്ന മഹാസിദ്ധിയാണ് സത്യം പറയുകയാണെങ്കിൽ എം.ടിയുടെ സർവ വിജയങ്ങൾക്കും മൂലാധാരം. 1993 ജൂലൈ 15–ന് പാലക്കാട് ജില്ലയിലെ കൂടല്ലൂരിൽ ടി. നാരായണൻ നായർ – അമ്മാളുഅമ്മ ദമ്പതികളുടെ മകനായാണ് എം.ടിയുടെ ജനനം.

കൂടല്ലൂർ എന്ന പാലക്കാടൻ ഗ്രാമമാണ് എം.ടി. വാസുദേവൻ നായരുടെ ജന്മദേശമെങ്കിലും കർമംകൊണ്ട് അദ്ദേഹം കോഴിക്കോട്ടുകാരനാണ്. 69 വർഷമായി അദ്ദേഹം കോഴിക്കോട്ടു സ്ഥിരമായുണ്ട്. കുഗ്രാമമായ കൂടല്ലൂരിലെ നാട്ടുവഴികളിൽനിന്ന് കുതിരവണ്ടിയോടുന്ന കോഴിക്കോട് നഗരത്തിന്റെ പകിട്ടിലേക്കു പ്രവേശിച്ചതിന്റെ സ്മരണകൾ എം.ടി. പലയിടത്തായി കോറിയിട്ടിട്ടുണ്ട്. എട്ടോ ഒമ്പതോ വയസുള്ളപ്പോഴാണ് എം.ടി. ആദ്യമായി കോഴിക്കോട് കാണുന്നത്.

കോളജിൽ പഠിക്കുന്ന കാലത്തും എം.ടി. കോഴിക്കോട് സന്ദർശിച്ചിട്ടുണ്ട്. ആകാശവാണിയിലേക്കു ചെറിയ ലേഖനം അയച്ചിരുന്നു. അത് റിക്കാർഡ് ചെയ്യാനായിരുന്നു വരവ്. പിന്നീടു പലപ്പോഴും കോഴിക്കോട്ടു വന്നു. മാനാഞ്ചിറയും തൊട്ടടുത്തുള്ള കളക്ടറേറ്റും (ഹജൂർ കച്ചേരി) ആയിരുന്നു അന്നത്തെ ഹൈലൈറ്റ് എന്ന് എം.ടി. ഓർക്കുന്നുണ്ട്. ഇടവഴികളായിരുന്നു അന്ന് ധാരാളമായി ഉണ്ടായിരുന്നത്. പിന്നീടവ വീതികൂടിയ റോഡുകളായി. എം.ടിയെ സംബന്ധിച്ചിടത്തോളം കോഴിക്കോട് സൗഹൃദത്തിന്റെ നഗരമാണ്. കാണാനും സംസാരിക്കാനും ധാരാളം സുഹൃത്തുക്കൾ. വായനയും എഴുത്തും ചർച്ചയാവുന്ന കാലം. 1956–ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സബ് എഡിറ്ററായി ജോലിയിൽ പ്രവേശിച്ചതോടെ എം.ടി. കോഴിക്കോടിന്റെ സ്വന്തമായി. അഥവാ കോഴിക്കോട് എം.ടിയുടെ സ്വന്തം!

നോവലിസ്റ്റ്, സാഹിത്യകാരൻ, നാടകകൃത്ത്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ അനതിസാധാരണമായ മികവോടെ വിരാജിച്ച അദ്ദേഹത്തിന് സാഹിത്യരംഗത്തെ സമഗ്രസംഭാവന പരിഗണിച്ച് 1995–ൽ ജ്ഞാനപീഠം പുരസ്കാരം നൽകി. 2005–ൽ പദ്മഭൂഷൺ ലഭിച്ചു. നാലുകെട്ട്, പാതിരാവും പകൽവെളിച്ചവും, അറബിപ്പൊന്ന്, അസുരവിത്ത്, മഞ്ഞ്, കാലം, വിലാപയാത്ര, രണ്ടാമൂഴം, വാരണാസി എന്നിവയാണ് പ്രധാന നോവലുകൾ. ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, വാരിക്കുഴി, പതനം, ബന്ധനം, സ്വർഗം തുറക്കുന്ന സമയം, വാനപ്രസ്ഥം, രക്തം പുരണ്ട മൺതരികൾ, വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക്ക്, ഓപ്പോൾ, നിന്റെ ഓർമയ്ക്ക്, വിത്തുകൾ, കർക്കിടകം, വിൽപന, ചെറിയ ചെറിയ ഭൂകമ്പങ്ങൾ, പെരുമഴയുടെ പിറ്റേന്ന്, കൽപ്പാന്തം, കാഴ്ച, ശിലാലിഖിതം, കുപ്പായം എന്നിവയാണു പ്രധാന കഥകൾ.

മലയാളസിനിമയ്ക്ക് സാഹിത്യത്തിന്റെ കരുത്തും സൗന്ദര്യവും പകർന്നു നല്കിയ ചലച്ചിത്രകാരനായിരുന്നു എം.ടി. വാസുദേവൻനായർ. കഥയുടെയും നോവലിന്റെയും വഴികളിലൂടെ സഞ്ചരിച്ചപ്പോഴും തിരശീലയിൽ അദ്ദേഹം രചിച്ച കാവ്യങ്ങൾ മലയാളസിനിമയിലെ നാഴികക്കല്ലുകളായി. മണ്ണിന്റെയും മനുഷ്യന്റെയും മണമുള്ള രചനകളിലൂടെ മലയാളസിനിമയുടെ



ഗതിതന്നെ മാറ്റിമറിക്കുന്നതിൽ എം.ടി. നിർണായക പങ്കുവഹിച്ചു. മലയാളത്തിലെ എക്കാലത്തെയും ക്ലാസിക് സിനിമകളുടെ മുൻനിരയിൽ എം.ടിയുടെ ചിത്രങ്ങളുണ്ട്. അഞ്ച് സിനിമകൾ മാത്രമാണ് അദ്ദേഹം സംവിധാനം ചെയ്തത്. അതേസമയം അമ്പതിലധികം സിനിമകൾക്ക് രചന നിർവഹിച്ചു.

ഹരിഹരൻ, ഐ.വി. ശശി, ഭരതൻ തുടങ്ങിയ പ്രഗൽഭർ അദ്ദേഹത്തിന്റെ തിരക്കഥയിലൊരുക്കിയ സിനിമകളെല്ലാം മലയാളസിനിമയുടെ സുവർണയുഗത്തെ ഓർമിപ്പിച്ച് മായാതെ നിൽക്കുന്നു.

സംവിധായകൻ സത്യൻ അന്തിക്കാട് ഒരിക്കൽ എംടിയുടെ സിനിമകളെക്കുറിച്ച് നടത്തിയ നിരീക്ഷണം ഇങ്ങനെയായിരുന്നു– "എംടിയുടെ ഏതു സിനിമ കണ്ടാലും ഏതെങ്കിലുമൊക്കെ കഥാപാത്രം എന്നെപ്പോലെയാണെന്നു തോന്നും. ഇത് എനിക്കു മാത്രം തോന്നുന്നതല്ല. എല്ലാവർക്കും അങ്ങനെ തന്നെയായിരിക്കും." സത്യന്റെ ഈ നിരീക്ഷണം തന്നെയാണ് എം.ടി. സിനിമകളുടെ ശക്തി. മനുഷ്യമനസിന്റെ വികാര–വാചാരങ്ങളും മനുഷ്യബന്ധങ്ങളിലെ നന്മ–തിന്മകളുമെല്ലാം ഇത്രയധികം സൂക്ഷ്മതയോടെ സന്നിവേശിപ്പിച്ച മറ്റൊരു ചലച്ചിത്രകാരനുണ്ടാവില്ല.

പള്ളിവാളും കാൽചിലമ്പും എന്ന തന്റെ കഥയെ ആസ്പദമാക്കി എം.ടി. ഒരുക്കിയ സിനിമയാണ് നിർമാല്യം. നൈനിറ്റാളിന്റെ പശ്ചാത്തലത്തിൽ മഞ്ഞിന്റെ നൈർമല്യവും വിരഹത്തിന്റെ നൊമ്പരവും കാത്തിരിപ്പിന്റെ സൗന്ദര്യവുമെല്ലാം ചേർന്ന് എം.ടി. ഒരുക്കിയ സിനിമയാണ് മഞ്ഞ്. എസ്.കെ. പൊറ്റെക്കാട്ടിന്റെ കടത്തുതോണി എന്ന ചെറുകഥയെ ആസ്പദമാക്കി എം.ടി. ഒരുക്കിയ സിനിമയാണ് 'കടവ്'. രണ്ടായിരത്തിൽ പുറത്തിറങ്ങിയ ഈ ചിത്രം, വാർധക്യത്തിലും ജീവിതത്തെ സുന്ദരമായി കണ്ട ദമ്പതികളുടെ ഹൃദയസ്പർശിയായ കഥ പറയുന്നു.

മലയാളസിനിമയുടെ പതിവ് കാഴ്ചകൾക്കും വാണിജ്യക്കൂട്ടുകൾക്കുമപ്പുറം എം.ടി. വാസുദേവൻനായർ ഒരുക്കിയ തിരക്കഥകൾ കാഴ്ചയുടെ നവ്യാനുഭവം പ്രേക്ഷകർക്കു പകർന്നു നല്കി. ഓളവും തീരവും മുറപ്പെണ്ണും മുതൽ ഒരു വടക്കൻ വീരഗാഥയും പഴശിരാജയും വരെ എംടിയുടെ തിരക്കഥകൾ മലയാളസിനിമയ്ക്ക് നൽകിയ ചാരുത അനുപമമാണ്. മെലൊഡ്രാമകളും തട്ടുപൊളിപ്പൻ ആക്ഷൻ–കോമഡി ചിത്രങ്ങളുമൊക്കെ അരങ്ങുവാണ എഴുപതുകളിലും എൺപതുകളിലും റിയലിസ്റ്റിക് സിനിമകൾ പ്രേക്ഷകർ കണ്ടത് എം.ടിയുടെ തിരക്കഥകളിലൂടെയായിരുന്നു. മനുഷ്യന്റെയും മണ്ണിന്റെയും ഗന്ധമുള്ള സിനിമകൾ.

മലയാളസിനിമയിൽ ആഖ്യാനത്തിലും കഥാതന്തുവിലും മാറ്റത്തിന്റെ കാറ്റ് വീശിത്തുടങ്ങിയത് എം.ടിയുടെ ആദ്യ തിരക്കഥയായ ഓളവും തീരവും എന്ന ചിത്രത്തിലൂടെയായിരുന്നു. സമൂഹവും കുടുംബവും ഭ്രഷ്ട് കല്പിച്ച ഭ്രാന്തൻ വേലായുധന്റെ കഥ പറഞ്ഞ ഇരുട്ടിന്റെ ആത്മാവ് എം.ടിയുടെ എക്കാലത്തെയും മികച്ച തിരക്കഥകളിലൊന്നാണ്. എംടി–ഹരിഹരൻ ടീമിന്റെ ഈ ചിത്രം മലയാളസിനിമയ്ക്ക് ഒരു പുത്തൻ അനുഭവമായി മാറി. തിരക്കഥയുടെ ശക്തി ഒന്നുകൊണ്ടു മാത്രം വേറിട്ടുനിന്ന ചിത്രം.

ഇന്ദിര എന്ന നക്സൽ യുവതിയുടെ പോരാട്ടങ്ങളുടെ കഥപറഞ്ഞ, പഞ്ചാഗ്നി മലയാളത്തിലെ നായികാസങ്കൽപങ്ങളുടെ പൊളിച്ചെഴുത്തായി. മോഹൻലാലും ഗീതയും തിലകനുമൊക്കെ തകർത്തഭിനയിച്ച ഈ സിനിമ ബോക്സോഫീസിലും വൻ വിജയമായിരുന്നു. കൗമാരപ്രണയത്തിന്റെ നിഷ്കളങ്കത അപ്പാടെ ചോർത്തിയെടുത്ത നഖക്ഷതങ്ങൾ എംടി–ഹരിഹരൻ ടീമിന്റെ മറ്റൊരു സൂപ്പർഹിറ്റായിരുന്നു. വടക്കൻപാട്ടുകളിലെ ചന്തുവിന് എം.ടി നല്കിയ വ്യത്യസ്ത ചലച്ചിത്രഭാഷ്യമായിരുന്നു ഒരു വടക്കൻ വീരഗാഥ.


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# ആഘോഷങ്ങളിലെ വെടിക്കെട്ട് മാനദണ്ഡം സർക്കാർ പരിപാടികളിലും നിർബന്ധം

കൊച്ചി: ആരാധനാലയങ്ങളിലെ ആഘോഷങ്ങളിൽ വെടിക്കെട്ട് നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പരിപാടികളിലും പാലിക്കണമെന്നു ഹൈക്കോടതി. വെടിക്കെട്ടിനുള്ള അനുമതിക്കു ചട്ടങ്ങളിൽ ഇളവു വരുത്താൻ സർക്കാരിനെ നിർബന്ധിക്കാനാവില്ല.

ഒക്ടോബർ 11-നു കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപന പ്രകാരം വെടിക്കെട്ട് നടത്തുന്നതിനു ഫയർ ഡിസ്പ്ലേ അസിസ്റ്റന്റ് അല്ലെങ്കിൽ ഫയർ ഡിസ്പ്ലേ ഓപ്പറേറ്ററെ നിയമിക്കേണ്ടതുണ്ട്. ഇയാളെ നിയമിച്ചുകൊണ്ടുള്ള എക്സ്പ്ലോസീവ് കൺട്രോളറുടെ സർട്ടിഫിക്കറ്റോടുകൂടി മാത്രമേ വെടിക്കെട്ടിനുള്ള അനുമതിക്ക് അപേക്ഷിക്കാൻ സാധിക്കൂ.

ഈ നിബന്ധനകൾ പാലിച്ചില്ലെന്നു കാണിച്ച് ഏതാനും ആരാധനാലയങ്ങളിലെ വെടിക്കെട്ടിനു ജില്ലാ കളക്ടർമാർ അനുമതി നിഷേധിച്ചിരുന്നു. അനുമതി നിഷേധിക്കപ്പെട്ട ആരാധനാലയങ്ങളുടെ ഭാരവാഹികൾ സമർപ്പിച്ച ഹർജിയിലാണു ഹൈക്കോടതിയുടെ നിർദേശം.

മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു കേന്ദ്ര വിജ്ഞാപനത്തിൽ പറഞ്ഞിട്ടില്ലെന്നും അതിനാൽ വെടിക്കെട്ടിന് അനുമതി നൽകാൻ നിർദേശിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം. വിഷയത്തിൽ പരിഹാരം അറിയിക്കാൻ സംസ്ഥാന സർക്കാരിനോടു കോടതി നിർദേശിച്ചിരുന്നു.

നിലവിലെ അവസ്ഥയ്ക്ക് കാരണം കേന്ദ്ര വിജ്ഞാപനമാണെന്നും തങ്ങൾക്കൊന്നും ചെയ്യാനില്ലെന്നും സംസ്ഥാന സർക്കാർ അറിയിച്ചു. ചട്ടങ്ങൾ നിലനിൽക്കുമ്പോൾ, വെടിക്കെട്ടിനുള്ള അനുമതിക്കായി ഇളവ് നൽകാൻ സംസ്ഥാനസർക്കാരിനെ നിർബന്ധിക്കാൻ ആവില്ലെന്ന് ജസ്റ്റിസ് എസ്. ഈശ്വരൻ വ്യക്തമാക്കി.

നിയമവും പൊതുതാത്പര്യവും കണക്കിലെടുത്തുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് അഭിനന്ദനാർഹമാണെങ്കിലും ഇക്കാര്യത്തിൽ സർക്കാരിനും പൗരനും ഇരട്ട നീതി പാടില്ലെന്ന് കോടതി നിർദേശിച്ചു.

നിയമം എല്ലാവർക്കും ഒരുപോലെയാകണം. ഉത്സവാഘോഷങ്ങളിലെ വെടിക്കെട്ടിനുള്ള അതേ മാനദണ്ഡങ്ങൾ സർക്കാർ മേൽനോട്ടത്തിലുള്ള ടൂറിസം പരിപാടികളിലും നിർബന്ധമാക്കണമെന്നാണു ഹൈക്കോടതി നിർദേശം.

# സൂചിയില്ലാത്ത സിറിഞ്ചുമായി ഐഐടി ബോംബെ

മുംബൈ: ഐഐടി ബോംബെയിലെ ഗവേഷകർ സൂചിയില്ലാത്ത സിറിഞ്ച് വികസിപ്പിച്ചു. എയ്റോസ്പേസ് എൻജിനീയറിംഗ് വിഭാഗത്തിലെ വിരേൻ മെനസസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കണ്ടെത്തലിനു പിന്നിൽ. 'ബയോമെഡിക്കൽ മെറ്റീരിയൽസ് ആൻഡ് ഡിവൈസസ്' എന്ന ജേണലിൽ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചു. 2021-ലാണ് പഠനം തുടങ്ങിയത്. ശബ്ദാതിവേഗമുള്ള ഊർജതരംഗങ്ങൾ ഉപയോഗിച്ച് സിറിഞ്ചിലെ മരുന്ന് മൈക്രോജെറ്റ് രൂപത്തിലാക്കി മാറ്റും. തുടർന്ന് ഇത് ചർമം വഴി ശരീരത്തിലേക്ക് കയറ്റും. എലിയിലും മറ്റും നടത്തിയ പരീക്ഷണം വിജയകരമാണെന്നും ഷോക്ക് ഇൻജക്ഷന് പേറ്റന്റ് നേടാനുള്ള ശ്രമം തുടങ്ങിയെന്നും ഗവേഷകർ അറിയിച്ചു. ഷോക്ക് ഇൻജക്ഷൻ വിപണിയിലെത്തിയാൽ പ്രതിരോധ കുത്തിവെപ്പ് വേഗത്തിലും കാര്യക്ഷമമായും നടത്താൻ സാധിച്ചേക്കും. കുട്ടികളുടെയും സൂചി പേടിയുള്ള മുതിർന്നവരുടെയും ചികിത്സ എളുപ്പമാകും. ചികിത്സാ വേളയിൽ സൂചികൊണ്ടുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാമെന്നതും മറ്റൊരു നേട്ടം.

## പെരിയ ഇരട്ടക്കൊലക്കേസ്

# മുൻ എംഎൽഎ ഉൾപ്പെടെ 14 പ്രതികൾ കുറ്റക്കാർ

കൊച്ചി: സംസ്ഥാനത്തെ ഞെട്ടിച്ച കാസർകോട് പെരിയ ഇരട്ടക്കൊലപാതക കേസിൽ 14 പ്രതികൾ കുറ്റക്കാരാണെന്ന് കോടതി. പ്രതിപ്പട്ടികയിലുണ്ടായിരുന്ന പത്തു പേരെ കുറ്റവിമുക്തരാക്കി. ഉദുമ മുൻ എംഎൽഎ കെ.വി. കുഞ്ഞിരാമൻ, പെരിയ മുൻ ലോക്കൽ കമ്മിറ്റി അംഗം എ. പീതാംബരൻ എന്നിവർ ഉൾപ്പെടെയുള്ള സിപിഎം നേതാക്കളെയാണ് കൊച്ചിയിൽ പ്രത്യേക സിബിഐ കോടതി ജഡ്ജി എൻ. ശേഷാദ്രി നാഥൻ കുറ്റക്കാരാണെന്ന് കണ്ടെത്തിയത്. പ്രതികൾക്കുള്ള ശിക്ഷ ജനുവരി മൂന്നിനു വിധിക്കും.

2019 ഫെബ്രുവരി 17-നാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരായ പെരിയ കല്യോട്ടെ ശരത്‌ലാലിനെയും (23) കൃപേഷിനെയും (19) രാഷ്ട്രീയ വൈരാഗ്യത്തെത്തുടർന്ന് വെട്ടിക്കൊലപ്പെടുത്തിയത്. ആകെ 24 പേരാണ് പ്രതിപ്പട്ടികയിൽ ഉണ്ടായിരുന്നത്.

കാസർഗോട്ടെ മുന്നാട് കോളജിൽ എസ്എഫ്ഐ-കെഎസ്‌യു തർക്കവും പിന്നീടുണ്ടായ സംഘർഷവുമാണ് രണ്ടുപേരുടെ കൊലപാതകത്തിൽ കലാശിച്ചത്. സിപിഎമ്മിന്റെ പ്രാദേശിക നേതാവ് പീതാംബരനാണ് കേസിലെ മുഖ്യസൂത്രധാരൻ. പീതാംബരൻ ഉൾപ്പെടെ എട്ടു പേർ ചേർന്നാണ് കൊല നടത്തിയത്. മറ്റ് പ്രതികൾ ഗൂഢാലോചനയിലും തെളിവ് നശിപ്പിക്കലിലും പങ്കാളികളായി.

ക്രൈംബ്രാഞ്ച് പ്രതിചേർത്ത 14 പേരിൽ പത്തുപേരും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി. സിബിഐ തുടരന്വേഷണം നടത്തി പ്രതിചേർത്ത പത്തു പേരിൽ നാലു പേരെയാണ് കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിട്ടുള്ളത്. എ. സുരേന്ദ്രൻ, മുൻ എംഎൽഎ കെ.വി. കുഞ്ഞിരാമൻ, രാഘവൻ വെളുത്തോളി, കെ.വി. ഭാസ്കരൻ എന്നിവരെയാണ് സിബിഐ പ്രതിചേർത്തത്. കൊലപാതകത്തിൽ നേരിട്ടു പങ്കെടുത്ത ഒന്നു മുതൽ എട്ടുവരെ പ്രതികൾക്കെതിരെ കൊലക്കുറ്റം തെളിഞ്ഞു.

ഒന്നാംപ്രതി പെരിയ മുൻ ലോക്കൽ കമ്മിറ്റി അംഗം എ. പീതാംബരൻ, രണ്ടാം പ്രതി സി.ജെ. സജി, മൂന്നാം പ്രതി കെ.എം. സുരേഷ്, നാലാം പ്രതി കെ. അനിൽകുമാർ, അഞ്ചാംപ്രതി ജിജിൻ, ആറാംപ്രതി ശ്രീരാഗ്, ഏഴാംപ്രതി എ. അശ്വിൻ, എട്ടാംപ്രതി സുബിൻ എന്നിവർക്കാണ് കൊലപാതകത്തിൽ നേരിട്ടു പങ്കുള്ളത്.

മൂന്നു വർഷം നീണ്ട വിചാരണയ്ക്കൊടുവിലാണ് കൊച്ചി സിബിഐ കോടതി പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയത്.

# രാജു തോബിയാസ് അന്തരിച്ചു



ഹൂസ്റ്റൺ: കുണ്ടറ പാറവിളയിൽ പരേതരായ ആന്റണി തോബിയാസ്-ഗ്രാസിയ ദമ്പതികളുടെ മകൻ രാജു തോബിയാസ് (66) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ റീന തോബിയാസ് തൊടുപുഴ പാനാത്ത് കുടുംബാംഗമാണ്. മക്കൾ: രഞ്ജി തോബിയാസ്, റീനു ലോട്ട്. മരുമക്കൾ: എറിൻ തോബിയാസ്, ഓസ്റ്റിൻ ലോട്ട്. കൊച്ചുമകൾ: റെയ്ഗൻ ലോട്ട്.

സഹോദരങ്ങൾ: മേരി സാമുവൽ-ജോർജ് സാമുവൽ (ചിക്കാഗോ), എത്സി ജെറമിയാസ്-ജെറമിയാസ് (കൊല്ലം), പരേതനായ ആൽഫ്രഡ് തോബിയാസ്-തെരസിറ്റ (കൊല്ലം), അൽഫോൻസ് തോബിയാസ്-ജസീന്ത (കൊല്ലം), ലീല ബെഞ്ചമിൻ-പരേതനായ ബെഞ്ചമിൻ (കൊല്ലം), ആനി പാപ്പച്ചൻ-പാപ്പച്ചൻ (കൊല്ലം), യേശുദാസൻ തോബിയാസ്-കുഞ്ഞുമോൾ (ചിക്കാഗോ), വിമല ജോണി-ജോണി പുല്ലൻ (ചിക്കാഗോ), ആന്റണി തോബിയാസ്-ജിബി (ചിക്കാഗോ), ജലജ ജോളി-ജോളി (കൊല്ലം).

# ലോക വനിതാ റാപ്പിഡ് ചെസ്; ഹംപിക്ക് കിരീടം



ന്യൂയോർക്ക്: ലോക വനിതാ റാപ്പിഡ് ചെസ് കിരീടം ഇന്ത്യയുടെ കൊനേരു ഹംപിക്ക്. ചാമ്പ്യൻഷിപ്പിലെ അവസാന റൗണ്ടിൽ ഇൻഡൊനീഷ്യയുടെ ഐറിൻ സുകന്ദറിനെ കീഴടക്കിയാണ് എട്ടരപോയിന്റോടെ ഹംപി ഒന്നാംസ്ഥാനം ഉറപ്പാക്കിയത്. രണ്ടാംതവണയാണ് ഹംപി അതിവേഗ ചെസിലെ ലോകജേതാവാകുന്നത്. 2019-ൽ മോസ്കോയിലായിരുന്നു ആദ്യ കിരീടം. സമ്മാനമായി ഹംപിക്ക് 60,000 യുഎസ് ഡോളർ (ഏകദേശം 51 ലക്ഷം രൂപ) ലഭിക്കും. ക്ലാസിക്കൽ ലോക ചാമ്പ്യൻഷിപ്പിൽ ഡി. ഗുകേഷ് ജേതാവായതിനു പിന്നാലെയാണ് വനിതാ ലോക റാപ്പിഡ് കിരീടവും ഇന്ത്യയിലെത്തുന്നത്. ആദ്യ കളിയിൽ തോൽവിയോടെയായിരുന്നു ഹംപിയുടെ തുടക്കം. നാലു റൗണ്ട് പിന്നിട്ടപ്പോൾ രണ്ടര പോയിന്റുമായി ഏറെ പിന്നിലായിരുന്നു. പിന്നീട് തുടരെ നാലുവിജയങ്ങളുമായി തിരിച്ചുവന്നു. ചൈനയുടെ വെൻജുൻ ജു രണ്ടാംസ്ഥാനവും റഷ്യയുടെ കാതറൈന ലാങ്കൊ മൂന്നാംസ്ഥാനവും നേടിയപ്പോൾ ഹരിക അഞ്ചാമതായി.







# ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷൻ ആനുവൽ ഗാല ഗംഭീരമായി പര്യവസാനിച്ചു

ചിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനിയേഴ്സിന്റെ നാലാമത് ആനുവൽ ഗാല ചിക്കാഗോ ഓക് ബ്രൂക്ക് മാരിയറ്റിന്റെ ഗ്രാൻഡ് ബാൾ റൂമിൽവെച്ച് ഗംഭീരമായി പര്യവസാനിച്ചു.

അനേകം വിശിഷ്ട വ്യക്തികളെക്കൊണ്ട് തിങ്ങിനിറഞ്ഞ സദസ്സിൽ യുഎസ് കോൺഗ്രസ്മാനും ശാസ്ത്രജ്ഞനുമായ ബിൽ ഫോസ്റ്റർ, അസോസിയേഷൻ പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ്, കോൺസൽ ജന



റൽ ഓഫ് ഇന്ത്യ സോമനാഥ് ഘോഷ് എന്നിവരും എഎഇഐഒ ബോർഡ് ഓഫ് അംഗങ്ങളും ചേർന്ന് നാടമുറിച്ച് ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടനപ്രസംഗത്തിൽ കോൺഗ്രസ്മാൻ ബിൽ ഫോസ്റ്റർ സയൻസ് ആൻഡ് ടെക്നോളജി രംഗത്ത് ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷനും യുഎസ് കോൺഗ്രസും കൈകോർത്ത് വിവിധ പ്രോജക്ടുകൾ തയ്യാറാക്കുമെന്ന് അറിയിച്ചു.

മറ്റ് വിശിഷ്ട വ്യക്തികളും എൻജിനിയേഴ്സുമായ യുഎസ് കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തിയും ഷോൺ കാസ്റ്റിനും ഈ ഗാലയിൽ സംസാരിച്ചു. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ ബിരുദവും ഹാർവാർഡ് ലോ ഗ്രാജ്വേറ്റുമായ യുഎസ് കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തി തന്റെ കീനോട്ട് പ്രസംഗത്തിൽ എഎഇഐഒയുടെ ചാരിറ്റി പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു. ഐഐടി കാൻപൂർ ഗ്രാജ്വേറ്റും ഐഎഫ്എസ് ഓഫീസറുമായ കോൺസൽ ജനറൽ ഓഫ് ഇന്ത്യ സോമനാഥ് ഘോഷ്, എഎഇഐഒ വിവിധ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ ഇന്ത്യൻ എൻജിനീയറിംഗ് സ്റ്റുഡന്റ്സിന്റെ ചാപ്റ്ററുകൾ തുടങ്ങി ഇന്ത്യയിലെയും അമേരിക്കയിലെയും എൻജിനീയറിംഗ് വിദ്യാർത്ഥികളെ ഒരുമിപ്പിച്ചുകൊണ്ട് വെബിനാറുകൾ നടത്തുന്നത് വളരെ പ്രശംസനീയമാണെന്ന് അറിയിച്ചു.

പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ് എഎഇഐഒയുടെ ഭാവിപരിപാടികൾ വിശദീകരിക്കുകയും എല്ലാ സ്പോൺസേഴ്സിനും നന്ദി അറിയിക്കുകയും ചെയ്തു. ബോളിവുഡ് ഗായിക അംഗിത മുഖർജിയുടെ നേതൃത്വത്തിൽ ഗംഭീരമായ ഗാനമേള അരങ്ങേറി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നൃത്തങ്ങളും അവതരിപ്പിക്കപ്പെട്ടു. പ്രശസ്ത നടി ശ്വേത വാസുദേവ് ആയിരുന്നു പരിപാടികളുടെ എം.സി. വിവിധ കലാപരിപാടികൾക്കു ശേഷം ഡിന്നറോടെ പരിപാടികൾക്ക് തിരശ്ശീല വീണു.

















# വേല വെടിക്കെട്ടുകൾക്ക് അനുമതിയില്ല

തൃശൂർ: പാറമേക്കാവ്, തിരുവമ്പാടി വേല എഴുന്നള്ളിപ്പുകളോടനുബന്ധിച്ച് നടത്തുന്ന വെടിക്കെട്ടിന് അനുമതി നിഷേധിച്ച് ജില്ലാ അഡീഷണൽ മജിസ്ട്രേട്ട് ഉത്തരവിറക്കി.

വെടിക്കെട്ടിന് അനുമതി തേടി ഇരുദേവസ്വങ്ങളും നല്കിയ അപേക്ഷയാണ് പോലീസ്-ഫയർ-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നല്കിയ റിപ്പോർട്ട് പ്രകാരം എഡിഎം നിരസിച്ചത്. തേക്കിൻകാട് വടക്കുംനാഥ ക്ഷേത്ര മൈതാനിയിലാണ് വെടിക്കെട്ട് നടത്താറുള്ളത്.

സ്ഫോടകവസ്തു ചട്ട ഭേദഗതിയിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രദർശന സ്ഥലത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും അപകടമില്ലാത്ത വിധം വെടിക്കെട്ട് പ്രദർശനം നടത്താനുള്ള സാഹചര്യമില്ലെന്ന ജില്ലാ ഫയർ ഓഫീസറുടെ റിപ്പോർട്ടിനെ തുടർന്നാണ് നടപടി. ജനുവരി 3-നാണ് പാറമേക്കാവ് വേല. 5-ന് തിരുവമ്പാടി വേലയും നടക്കും.

തൃശൂർ, എറണാകുളം, കാസർകോട് ജില്ലകളിൽ അടുത്ത കാലത്തുണ്ടായ വെടിക്കെട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ വെടിക്കെട്ടിന് ലൈസൻസ് അനുവദിക്കുന്നത് ജീവന് ഭീഷണിയാണെന്നും റിപ്പോർട്ടുപ്രകാരം ബോദ്ധ്യപ്പെട്ടതായും ഉത്തരവിലുണ്ട്.

അനധികൃത വെടിക്കെട്ട് പ്രദർശനം നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സിറ്റി പോലീസ് കമ്മീഷണർ നടപടി സ്വീകരിക്കണമെന്ന് ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. നേരത്തെ വടക്കുന്നാഥ ക്ഷേത്ര മൈതാനത്ത് വേല എഴുന്നള്ളിപ്പിനോടനുബന്ധിച്ച് വെടിക്കെട്ട് നടത്തുന്നതിന് എതിർപ്പില്ലെന്ന് അറിയിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് എൻഒസി നല്കിയിരുന്നു.

# രാജേന്ദ്ര ആർലേക്കർ കേരള ഗവർണർ



ന്യൂഡൽഹി: ആരിഫ് മുഹമ്മദ് ഖാനെ കേരള ഗവർണർ സ്ഥാനത്തുനിന്ന് മാറ്റി. ബിഹാർ ഗവർണറായ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറാണ് പുതിയ കേരള ഗവർണർ. ആരിഫ് മുഹമ്മദ് ഖാനെ ബിഹാർ ഗവർണറായി നിയമിച്ചു. രാഷ്ട്രപതി ഭവനാണ് ഇക്കാര്യം അറിയിച്ചത്. കേരള സർക്കാരുമായി കൊമ്പുകോർക്കുന്നതിനിടയിലാണ് ആരിഫ് മുഹമ്മദ് ഖാനെ മാറ്റിയത്. സെപ്റ്റംബർ അഞ്ചിന് ഇദ്ദേഹം അഞ്ചുവർഷ കാലാവധി പൂർത്തിയാക്കിയിരുന്നു.

ഗോവ സ്വദേശിയാണ് രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ (70). ഹ്മാചൽപ്രദേശ് ഗവർണറായും പ്രവർത്തിച്ചിട്ടുണ്ട്. ആർഎസ്എസിലൂടെ ബിജെപിയിലെത്തിയ ആർലേക്കർ ഗോവയിൽ മന്ത്രിയായിരുന്നു. മനോഹർ പരീക്കർ കേന്ദ്രമന്ത്രിയായപ്പോൾ ആർലേക്കറെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് പരിഗണിച്ചിരുന്നു. ഗോവ നിയമസഭാ സ്പീക്കറായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

# ജീവനക്കാരുടെ സ്വത്തുവിവരങ്ങൾ രഹസ്യവിവരമല്ല

ചെന്നൈ: സർക്കാർ ജീവനക്കാരുടെ ആസ്തിയും ബാധ്യതയും സംബന്ധിച്ച വിശദാംശങ്ങൾ സ്വകാര്യവിവരമായി കണക്കാക്കാനാകില്ലെന്നും അതിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് മാറ്റിനിർത്താൻ കഴിയില്ലെന്നും മദ്രാസ് ഹൈക്കോടതി വിധിച്ചു. പൊതുജനങ്ങളുടെ കാഴ്ചപ്പുറത്ത് നിൽക്കുന്നവരാണ് പൊതുജനസേവകരെന്ന് കോടതി ഓർമ്മിപ്പിച്ചു. സർക്കാർ ജീവനക്കാരുടെ സർവീസ് രജിസ്റ്ററിൽ ചില സ്വകാര്യവിവരങ്ങൾ കണ്ടേക്കാമെങ്കിലും അവയെ മൊത്തത്തിൽ സ്വകാര്യമെന്നു പറഞ്ഞ് ഒഴിവാക്കാൻ പറ്റില്ലെന്ന് ജസ്റ്റിസ് സി.വി. കാർത്തികേയന്റെ ബെഞ്ച് വ്യക്തമാക്കി. പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ ജീവനക്കാരുടെ പേരിലെടുത്ത നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താതിരിക്കാം. എന്നാൽ, സർവീസ് വിവരങ്ങളും ആസ്തികളുടെയും ബാധ്യതകളുടെയും വിവരങ്ങളും പൊതുജനങ്ങളിൽനിന്ന് മറച്ചുവെക്കാൻ പറ്റില്ല. കൃഷ്ണഗിരി ജില്ലയിൽ ജലസേചനവകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിചെയ്യുന്നയാളുടെ സ്വത്തുവിവരം വെളിപ്പെടുത്തണമെന്നാവശ്യപ്പെട്ട് വിവരാവകാശപ്രവർത്തകരായ എം. തമിഴ്സെൽവനും ടി.സംഗീതയും നൽകിയ ഹർജിയിലാണ് ഹൈക്കോടതി വിധി. ഈ ആവശ്യമുന്നയിച്ച് വിവരാവകാശനിയമപ്രകാരം നൽകിയ അപേക്ഷ കളക്ടർ തള്ളിയിരുന്നു.

# മെഡിക്കൽ കോളജുകളിൽ രാത്രിയിലും പോസ്റ്റുമോർട്ടം

തിരുവനന്തപുരം: രാത്രിയിലും പോസ്റ്റുമോർട്ടം നടത്താൻ സംവിധാനം ഒരുക്കണമെന്ന് സർക്കാർ ഉത്തരവ്. ഇതു സംബന്ധിച്ചുള്ള ഹൈക്കോടതി ഉത്തരവ് ഉടൻ നടപ്പാക്കണമെന്ന് അഞ്ച് മെഡിക്കൽ കോളജുകൾക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നല്കി.

മെഡിക്കൽ കോളജ് സൂപ്രണ്ടും ഫോറൻസിക് മേധാവിയും ഇതിനു വേണ്ട നടപടിയെടുക്കണം. രാത്രി പോസ്റ്റുമോർട്ടം നടത്താൻ ആശുപത്രി വികസന സമിതിക്ക് ആവശ്യത്തിന് അനുബന്ധ ജീവനക്കാരെ അനുവദിക്കും.

മഞ്ചേരി മെഡിക്കൽ കോളജിൽ ഒക്ടോബർ ഒന്നിന് രാത്രി പോസ്റ്റ്മോർട്ടം തുടങ്ങിയിരുന്നു. ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളജുകളിലും ഇതു നടപ്പാക്കാനാണ് നിർദേശം.

മതിയായ ജീവനക്കാരും സൗകര്യങ്ങളും ഇല്ലാത്തതാണ് മെഡിക്കൽ കോളജുകൾ തടസ്സമായി ചൂണ്ടിക്കാട്ടിയിരുന്നത്.

# ഉരുൾപൊട്ടൽ പുനരധിവാസം: ഭൂമി ഏറ്റെടുക്കാൻ അനുമതി

കൊച്ചി: വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനു മോഡൽ ടൗൺഷിപ് നിർമിക്കാൻ കണ്ടെത്തിയ രണ്ട് എസ്റ്റേറ്റുകളുടെ ഭൂമി സർക്കാരിന് ഏറ്റെടുക്കാമെന്നു ഹൈക്കോടതി. ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്കു മതിയായ നഷ്ടപരിഹാരം മുൻകൂർ നൽകണമെന്നും ജസ്റ്റിസ് കൗസർ എടപ്പഗത്ത് നിർദേശിച്ചു.

ഏകപക്ഷീയമായി ഭൂമി ഏറ്റെടുക്കാൻ ശ്രമിക്കുകയാണെന്ന് ആരോപിച്ച് എസ്റ്റേറ്റ് ഉടമകളായ ഹാരിസൺസ് മലയാളം ലിമിറ്റഡും എൻസ്റ്റൺ ടീ എസ്റ്റേറ്റും നൽകിയ ഹർജികൾ തീർപ്പാക്കിയാണു ജസ്റ്റിസ് കൗസർ എടപ്പഗത്തിന്റെ ഉത്തരവ്. വൈത്തിരിയിൽ ഹാരിസൺ നെടുമ്പാല എസ്റ്റേറ്റിന്റെ 65.41 ഹെക്ടർ ഭൂമിയും കൽപറ്റയിൽ എൽസ്റ്റൺ എസ്റ്റേറ്റിന്റെ 78.73 ഹെക്ടർ ഭൂമിയും ഏറ്റെടുക്കാനാണ് ഒക്ടോബർ നാലിന് സർക്കാർ ഉത്തരവിറക്കിയത്. എസ്റ്റേറ്റ് ഉടമകൾക്ക് 2013-ലെ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകണമെന്നു കോടതി നിർദേശിച്ചു.

കോടതിയുടെ നിർദേശങ്ങൾ: ഒക്ടോബർ നാലിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി സർക്കാരിനു മുന്നോട്ടുപോകാം. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമപ്രകാരം നഷ്ടപരിഹാരം നിർണയിച്ച് മുൻകൂർ തുക നൽകണം. ഭൂമി സംബന്ധിച്ചു നിലവിലുള്ള കേസ് എതിരായാൽ തുക തിരിച്ചു നൽകുമെന്ന് എസ്റ്റേറ്റ് ഉടമകൾ ഉറപ്പുനൽകണം. തുക തൃപ്തികരമല്ലെങ്കിൽ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ഹർജിക്കാർക്കു പരിഹാര നടപടികൾ തേടാം. എസ്റ്റേറ്റുകളിൽ പ്രവേശിച്ച് ഭൂമി അളന്നു തിട്ടപ്പെടുത്താനും നടപടികൾ പൂർത്തിയാക്കാനും ഉദ്യോഗസ്ഥരെ അനുവദിക്കണം.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






KERALA EXPRESS കേരളം

# മൻമോഹൻ രാഷ്ട്രീയത്തിലെത്തിയ സാമ്പത്തിക വിദഗ്ദ്ധൻ

സ്വതന്ത്ര ഇന്ത്യയുടെ 75 വർഷത്തെ ചരിത്രത്തിൽ ഒരു വനിതയടക്കം 14 പേരാണു പ്രധാനമന്ത്രിക്കസേരയിലിരുന്നത് (രണ്ടു വട്ടം കാവൽ പ്രധാനമന്ത്രിയായിരുന്ന ഗുൽസാരിലാൽ നന്ദയ്ക്കു പുറമേ). ഇവരിൽനിന്നെല്ലാം വ്യത്യസ്തനായിരുന്നു 10 വർഷം ഇന്ത്യ ഭരിച്ച മൻമോഹൻ സിങ്. പ്രധാനമന്ത്രിയുടെ ഉപദേഷ്ടാക്കളിലൊരാൾ പിന്നീടു മൻമോഹനെ വിശേഷിപ്പിച്ചത് ആക്സിഡന്റൽ പ്രൈം മിനിസ്റ്റർ എന്നാണ്. എന്നാൽ, 2009-ൽ വ്യക്തമായ ഭൂരിപക്ഷത്തോടെ യുപിഎ (ഐക്യ പുരോഗമന സഖ്യം) അധികാരം നിലനിർത്തിയപ്പോൾ മാധ്യമങ്ങൾ അദ്ദേഹത്തെ രാജാവ് എന്നു വിശേഷിപ്പിച്ചു.







1990-കളിൽ ധനമന്ത്രി എന്ന നിലയിൽ മൻമോഹൻ പേരെടുത്തിരുന്നു. പ്രധാനമന്ത്രിയായപ്പോൾ ജനപ്രീതി ഉയർന്നതേയുള്ളൂ. നരേന്ദ്ര മോദിക്കു മുൻപുള്ള രണ്ടു പ്രധാനമന്ത്രിമാരെ – ജവഹർലാൽ നെഹ്റുവിനെയും മൻമോഹനെയും – കഴിവില്ലാത്തവരായി ചിത്രീകരിക്കുന്നതിൽ ബിജെപി എപ്പോഴും വ്യാപൃതരാണെങ്കിലും സൗമ്യഭാഷിയായ മൻമോഹൻ ഇന്ത്യയുടെ സാമ്പത്തിക പരിഷ്കരണങ്ങളുടെ ബിംബമായാണു നിലകൊള്ളുന്നത്. പ്രധാനമന്ത്രിയായിരിക്കെ മൻമോഹൻ ഇന്ത്യയുടെ ആണവരംഗത്തെ ഒറ്റപ്പെടലിനു വിരാമമിട്ടു. സാമ്പത്തികരംഗത്തെ പരിഷ്കരണങ്ങൾക്കൊപ്പം ഇന്ത്യയിലെ പാവങ്ങൾക്കായി ശക്തമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പാക്കുകയും ചെയ്തു.

പ്രധാനമന്ത്രിയാകും മുൻപ് മൻമോഹൻ സിങ് ഏഴ് പ്രധാനമന്ത്രിമാരെ സേവിച്ചിട്ടുണ്ട്. അവരെടുത്ത സാമ്പത്തിക തീരുമാനങ്ങളുടെ പിന്നിലെ പ്രധാന പ്രേരകശക്തിയായിരുന്നു മൻമോഹൻ.

ഇന്ദിര ഗാന്ധിയോടൊപ്പമായിരുന്നു തുടക്കം; 1971-ൽ വിദേശവാണിജ്യ മന്ത്രാലയത്തിൽ സാമ്പത്തിക ഉപദേഷ്ടാവായി. മൊറാർജി ദേശായി, ചൗധരി ചരൺ സിങ്, രാജീവ് ഗാന്ധി, വി.പി. സിങ്, ചന്ദ്രശേഖർ, പി.വി. നരസിംഹറാവു എന്നിവരോടൊപ്പവും മൻമോഹൻ സേവനമനുഷ്ഠിച്ചു.





ഇന്ദിരയുടെ കാലത്തെ സാമ്പത്തികവളർച്ചയുടെ പിന്നിലെ പ്രധാന കരുത്ത് മൻമോഹനായിരുന്നു. നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ മൻമോഹനെ ധനമന്ത്രിയാക്കിയത് സാമ്പത്തികരംഗത്തെ അദ്ദേഹത്തിന്റെ മികവു പരിഗണിച്ചാണ്. അതിനു ഫലമുണ്ടായി. മൻമോഹൻ ലോകത്തെ ഏറ്റവും ശ്രദ്ധേയനായ ധനമന്ത്രിയായി മാറി; ഇന്ത്യയെ കരുത്തുറ്റ സാമ്പത്തികശക്തിയുമാക്കി. അദ്ദേഹം സൃഷ്ടിച്ച മാതൃക പിന്തുടരാനേ പിന്നീടുവന്ന സർക്കാരുകൾക്കായുള്ളൂ എന്നതുതന്നെ മൻമോഹൻ സിങ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ വിജയമാണ്.

“സാമൂഹികമാറ്റത്തിനുള്ള മാധ്യമമാകണം രാഷ്ട്രീയം. വ്യക്തികൾക്ക് അധികാരവും സമ്പത്തുമുണ്ടാക്കാനുള്ള മാർഗമാകരുത് അത്”- രാഷ്ട്രീയത്തിൽ സജീവമാകുന്നതിനു മുൻപ് 1991-ൽ മൻമോഹൻ പറഞ്ഞതാണിത്. പിന്നീട് രാഷ്ട്രീയത്തിലിറങ്ങി ഉന്നത പദവികളിലെത്തിയപ്പോഴും മൻമോഹൻ ഈ വാക്കുകൾ മറന്നില്ല.

ഒട്ടേറെ ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തി; റിസർവ് ബാങ്ക് ഗവർണർ, പത്മവിഭൂഷൺ (1987), ഫിനാൻസ് മിനിസ്റ്റർ ഓഫ് ദ് ഇയർ - യൂറോമണി 1993, ഫിനാൻസ് മിനിസ്റ്റർ ഓഫ് ദ് ഇയർ ഏഷ്യാമണി 1994.

നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരിക്കെ മൂന്നുതവണ മൻമോഹൻ സിങ് രാജിക്കൊരുങ്ങിയിട്ടുണ്ട്. ആദ്യത്തെ രാജി നീക്കം ഓഹരി കുംഭകോണം വന്നപ്പോഴായിരുന്നു. പക്ഷേ, രാജിക്കത്ത് റാവു സ്വീകരിച്ചില്ല. (ശേഷം 30-ാം പേജിൽ)



# റോക്‌ലാൻഡ് ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് ജൂബിലി നിറവിൽ

പി.പി. ചെറിയാൻ

ന്യൂയോർക്ക്: ന്യൂയോർക്കിലെ റോക്‌ലാൻഡിൽ രണ്ടായിരാമാണ്ടിൽ ആരംഭിച്ച വിവിധ ക്രൈസ്തവ സഭകളുടെ സംയുക്ത വേദിയായ ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് ജൂബിലി ആഘോഷിക്കുന്നു. പതിവായി നടത്തിവരാറുള്ള എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷവും ജൂബിലി സമ്മേളനവും സംയുക്തമായി 2025 ജനുവരി 12-ാം തീയതി ഞായറാഴ്ച വൈകിട്ട് 4-ന് സ്റ്റോണി പോയിന്റ് ക്നാനായ കമ്യൂണിറ്റി സെന്ററിൽവെച്ച് നടത്തപ്പെടും. കഴിഞ്ഞ 25 വർഷങ്ങളായി ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് റോക്‌ലാൻഡ് കൗണ്ടിയിലെ വിവിധ സഭാവിഭാഗങ്ങൾക്ക് ക്രിസ്തീയ കൂട്ടായ്മയും പരസ്പര സഹകരണവും നല്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. സാധുജന സഹായം, രക്തദാനം, യുവജന കൂട്ടായ്മ, കൺവൻഷനുകൾ, ഇടവക സന്ദർശനം, യൂണിറ്റ് സൺഡേ, ഐക്യ ക്രിസ്മസ് എന്നിവയും സംഘടിപ്പിക്കാറുണ്ട്.


എൽദോ മാർ തീത്തോസ് മെത്രാപ്പോലീത്ത


തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത


അയൂബ് മാർ സിൽവാനോസ് മെത്രാപ്പോലീത്ത

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ അഭിവന്ദ്യരായ എൽദോ മാർ തീത്തോസ് മെത്രാപ്പോലീത്ത, തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത, അയൂബ് മാർ സിൽവാനോസ് മെത്രാപ്പോലീത്ത എന്നിവർ മുഖ്യാതിഥികളാകും. റോക്‌ലാൻഡ് കൗണ്ടിയിലെ 13 ഇടവകകളിൽ നിന്നുമുള്ള ഗായകസംഘാംഗങ്ങൾ ഗാനങ്ങൾ ആലപിക്കും. കൂടാതെ ഓൾ സെയിന്റ്സ് ഇടവക ക്വയർ മാസ്റ്റർ ജേക്കബ് ജോർജിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത നൂറ് അംഗ ജൂബിലി സംയുക്ത ഗായകസംഘവും ഗാനങ്ങൾ ആലപിക്കും. ഘോഷയാത്ര, യൂത്ത് ബാൻഡ്, നേറ്റിവിറ്റി ഷോ എന്നിവയും സമ്മേളനത്തിനു മാറ്റ്കൂട്ടും. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള റാഫിൾ നറുക്കെടുപ്പും ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സുവനീർ പ്രകാശനവും സമ്മേളനത്തിൽ വെച്ച് നടത്തപ്പെടും.









ജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പിനായി ജോയിന്റ് കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡണ്ട് റവ. അജിത് വർഗീസ്, സെക്രട്ടറി ജീമോൻ വർഗീസ്, ട്രഷറർ ബിജോ തോമസ്, ജൂബിലി കമ്മിറ്റി ചെയർമാൻ റവ.ഡോ. രാജു വർഗീസ്, ജനറൽ കൺവീനർ ജിജി റ്റോം എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. റവ.ജോൺ ഡേവിഡ്സൺ ജോൺസൺ, റവ. എബി പൗലോസ്, റവ.ഡോ. രാജു വർഗീസ്, വെരി. റവ. അഗസ്റ്റിൻ മംഗലത്ത്, റവ. ഡോ. പോൾ രാജൻ, റവ. തോമസ് മാത്യു, റവ. അജിത് വർഗീസ്, റവ. മാത്യു തോമസ്, റവ. ജോബിൻ ജോൺ എന്നിവർ ചെയർമാൻമാരും ഫിലിപ്പോസ് ഫിലിപ്പ്, സജി എം. പോത്തൻ, സൂസൻ വർഗീസ്, പ്രസാദ് ഈശോ, തോമസ് വർഗീസ്, പോൾ കറുകപ്പിള്ളിൽ, ഷൈമി ജേക്കബ്, കുര്യൻ കോശി, ഡോ. ലിബി മാത്യു, അജിത് വട്ടശ്ശേരിൽ, ജോൺ ജേക്കബ്, ബീന ജോൺ, ഏബ്രഹാം പോത്തൻ, സജു കൂടാരത്തിൽ എന്നിവർ വിവിധ കമ്മിറ്റികളുടെ കൺവീനർമാരായി ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത കമ്മിറ്റി അംഗങ്ങളും ജേക്കബ് ജോർജ് ക്വയർ ലീഡറായും ബെന്നി കുര്യൻ സുവനീർ ചീഫ് എഡിറ്ററായും പ്രവർത്തിക്കുന്നു.

ജനുവരി പന്ത്രണ്ടാം തീയതി നടക്കുന്ന ജൂബിലിസമ്മേളനത്തിലേക്കും ഐക്യ ക്രിസ്മസ് ആഘോഷത്തിലേക്കും ഏവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.






# ഡിട്രോയിറ്റ് കേരള ക്ലബിന് ജൂബിലിവർഷത്തിൽ നവസാരഥികൾ

**അലൻ ചെന്നിത്തല**

മിഷിഗൺ: പ്രവർത്തന പന്ഥാവിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഡിട്രോയിറ്റ് കേരള ക്ലബിന്റെ 2025-ലെ ഭാരവാഹികളായി ജോളി ദാനിയേൽ (പ്രസിഡണ്ട്), സ്വപ്ന ഗോപാലകൃഷ്ണൻ (സെക്രട്ടറി), റോജൻ പണിക്കർ (ട്രഷറർ), സുജിത് നായർ (വൈസ് പ്രസിഡണ്ട്), ജെസില രഞ്ജിത് (ജോ. സെക്രട്ടറി), ഷിജു വിൽസൺ (ജോ. ട്രഷറർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. കേരള ക്ലബ് ബോർഡ് ഓഫ് ട്രസ്റ്റീസ് ഭാരവാഹികൾ ചെയർമാൻ സുജിത് മേനോൻ, സെക്രട്ടറി ധന്യ മേനോൻ, വൈസ് ചെയർമാൻ അജയ് അലക്സ്, എക്സ് ഒഫീഷ്യോ ആശ മനോഹരൻ എന്നിവരാണ്. ഇറുപതോളം അംഗങ്ങളെ ഉൾപ്പെടുത്തി വിപുലമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു.




1975-ൽ സ്ഥാപിതമായ കേരള ക്ലബ് മിഷിഗണിലെ ആദ്യ ഇന്ത്യൻ കലാ-സാംസ്കാരിക സംഘടനയാണ്. കേരളത്തിന്റെ തനതായ സാംസ്കാരിക മൂല്യങ്ങളും പാരമ്പര്യവും സമൂഹത്തിനു പകർന്നു കൊടുത്തുകൊണ്ട് അഞ്ച് പതിറ്റാണ്ട് പിന്നിട്ട് ഈ പ്രസ്ഥാനം സുവർണ്ണ ജൂബിലി വർഷത്തിൽ സാമൂഹിക പ്രതിബദ്ധതയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും കേരളത്തിൽ നിന്നുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി വർണ്ണാഭമായ മെഗാ ഷോ, കേരള ഡേ, ഓണം, ക്രിസ്മസ് ആഘോഷങ്ങൾ തുടങ്ങി നിരവധി പരിപാടികൾ നടത്തപ്പെടും. കേരള ക്ലബിന്റെ സുവർണ്ണ ജൂബിലി വർഷത്തെ ആഘോഷങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

# ഫാ. ജോസ് കണ്ടത്തിക്കുടിയുടെ പൊതുദർശനം ജനുവരി രണ്ട്, മൂന്ന് തീയതികളിൽ; സംസ്കാരം നാലിന്

ന്യൂയോർക്ക്: സീറോ മലബാർ സഭയിലെ സീനിയർ വൈദികനും ബ്രോങ്ക്സ് സെന്റ് തോമസ് സീറോ മലബാർ ഇടവകയുടെ സ്ഥാപക വികാരിയുമായ അന്തരിച്ച റവ. ഫാ. ജോസ് കണ്ടത്തിക്കുടിയുടെ പൊതുദർശനം 2025 ജനുവരി രണ്ട്, മൂന്ന് (വ്യാഴം, വെള്ളി) ദിവസങ്ങളിലും സംസ്കാര ശുശ്രൂഷകൾ നാലിന് ശനിയാഴ്ചയും നടക്കും.



ജനുവരി രണ്ടിന് വ്യാഴാഴ്ച വൈകുന്നേരം 4.30 മുതൽ 8.30 വരെ യോങ്കേഴ്സിലുള്ള ഫ്ളിൻ മെമ്മോറിയൽ ഫ്യൂണറൽ ഹോമിലും (1652 സെൻട്രൽ പാർക്ക് അവന്യൂ, യോങ്കേഴ്സ്, ന്യൂയോർക്ക് - 10710), മൂന്നിന് വെള്ളിയാഴ്ച വൈകുന്നേരം മൂന്ന് മുതൽ രാത്രി ഒൻപത് വരെ ബ്രോങ്ക്സ് സെന്റ് തോമസ് സീറോ മലബാർ ദേവാലയത്തിൽ (810 ഈസ്റ്റ്, 221 സ്ട്രീറ്റ്, ബ്രോങ്ക്സ്, ന്യൂയോർക്ക്, 10467) വെച്ചും നടത്തുന്നതാണ്.

സംസ്കാര ശുശ്രൂഷകൾ ജനുവരി നാലിന് ശനിയാഴ്ച രാവിലെ 8.30-ന് ബ്രോങ്ക്സ് സെന്റ് തോമസ് സീറോ മലബാർ ദേവാലയത്തിൽ ആരംഭിക്കും. തുടർന്ന് വൈറ്റ്പ്ലെയിൻസിലുള്ള മൗണ്ട് കാൽവരി സെമിത്തേരിയിൽ സംസ്കാരം നടക്കും (575 ഹിൽസൈഡ് അവന്യൂ, വൈറ്റ് പ്ലെയിൻസ്, ന്യൂയോർക്ക് - 10603).

സംസ്കാര ശുശ്രൂഷകൾക്ക് ജോസച്ചന്റെ സ്വന്തം രൂപതയായ മാനന്തവാടി രൂപതയുടെ ബിഷപ് മാർ ജോസ് പൊരുന്നേടം മുഖ്യ കാർമ്മികത്വം വഹിക്കും. കൂടാതെ, മറ്റു മെത്രാൻമാരും നിരവധി വൈദികരും രണ്ടു ദിവസത്തെ പൊതുദർശനത്തിലും സംസ്കാര ശുശ്രൂഷക്കും കാർമ്മികത്വം വഹിക്കും.

ഒരു വൈദികന്റെ സംസ്കാര ശുശ്രൂഷകൾ സീറോ മലബാർ ആരാധനാക്രമത്തിൽ അമേരിക്കയിൽ നടക്കുന്നത് ആദ്യമായാണ്. രൂപത ബിഷപ് മാർ ജോയ് ആലപ്പാട്ടാണ് സംസ്കാര ശുശ്രൂഷകൾക്കു വേണ്ട ക്രമീകരണങ്ങൾ നടത്തുന്നത്. മാർ ജോയ് ആലപ്പാട്ട് ജനുവരി 30-ന് തിങ്കളാഴ്ച ബ്രോങ്ക്സ് ഇടവക സന്ദർശിക്കുകയും ക്രമീകരണങ്ങൾ വിലയിരുത്തുകയും ദേവാലയത്തിൽ പ്രത്യേക പ്രാർഥനകൾ നടത്തുകയും ചെയ്തു.

(അടുത്തുള്ള എയർപോർട്ടുകൾ: വൈറ്റ് പ്ലെയിൻസ്, ലഗാഡിയ, ജോൺ എഫ് കെന്നഡി)

Contact: Fr. Kuriakose Vadana - Vicar, STSMCC
Sholy Kumpiluvely: 914 330 6340 (General enquires)
Jojo Ozhukayil: 646 523 3710 (Transportation)
Shajimon Vadakkan: 914 752 1368 (Accommodation)
George Karottu: 347 542 2713 (Parking)

# ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ വി. നാഗൽ കീർത്തന അവാർഡ് വിതരണം ജനുവരി 19-ന്

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: ക്രൈസ്തവ സാഹിത്യ അക്കാദമി പ്രഖ്യാപിച്ച വി. നാഗൽ കീർത്തന അവാർഡിന് അർഹനായ പാസ്റ്റർ സാംകുട്ടി മത്തായിക്കുള്ള അവാർഡ് വിതരണം ചിക്കാഗോയിൽ ജനുവരി 19-ന് നടക്കും.

ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷനാണ് ചടങ്ങുകൾ സംഘടിപ്പിക്കുന്നത്. പ്രസിഡണ്ട് ഡോ. അലക്സ് ടി. കോശിയുടെ അദ്ധ്യക്ഷതയിൽ നടന്ന എക്സിക്യൂട്ടീവ് സമ്മേളനത്തിൽ അവാർഡ്ദാന ചടങ്ങുകൾ ഏകോപിപ്പിക്കുവാൻ സംഘടനയുടെ ട്രഷറർ ജോൺസൺ ഉമ്മനെ ചുമതലപ്പെടുത്തി.

വൈസ് പ്രസിഡണ്ട് ഡോ. ടൈറ്റസ് ഈപ്പൻ, ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി ഡോ. ബിജു ചെറിയാൻ എന്നിവർ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും. പ്രശസ്ത സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യാതിഥിയായിരിക്കും. കേരള എക്സ്പ്രസ് ചീഫ് എഡിറ്ററും ഗോസ്പൽ മീഡിയ അസോസിയേഷൻ രക്ഷാധികാരിയുമായ കെ.എം. ഈപ്പൻ അവാർഡ് നല്കും.

ക്രൈസ്തവ സാഹിത്യ അക്കാദമി ജനറൽ സെക്രട്ടറി സജി മത്തായി കാതേട്ടും ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷൻ ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പും തമ്മിലുള്ള ചർച്ചയിലാണ് അവാർഡ് വിതരണം ചിക്കാഗോയിൽ നടത്തുവാൻ തീരുമാനമായത്.

ചിക്കാഗോയിലെ നാല് മുതിർന്ന പാസ്റ്റർമാരായ പാസ്റ്റർ ജോസഫ് കെ. ജോസഫ്, പാസ്റ്റർ പി.വി. കുരുവിള (വിസ്കോൺസിൻ), പാസ്റ്റർ പി.സി. മാമ്മൻ, പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻ എന്നിവരെ സമ്മേളനത്തിൽ ആദരിക്കും.

അര നൂറ്റാണ്ടോളം ചിക്കാഗോ



സമൂഹത്തിൽ അവർ ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ മാനിച്ചാണ് ആദരവുകൾ നല്കുന്നത്.

ഇവാ. ജെ.സി. ദേവ് (രക്ഷാധികാരി), ടോണി ഡി. ചെവ്വൂക്കാരൻ (പ്രസിഡണ്ട്), പാസ്റ്റർ ബാബു ജോർജ് പത്തനാപുരം (വൈസ് പ്രസിഡണ്ട്) സജി മത്തായി കാതേട്ട് (ജന. സെക്രട്ടറി), എം.വി. ബാബു കല്ലിശ്ശേരി (ജോ. സെക്രട്ടറി), ലിജോ വർഗീസ് പാലമറ്റം (ട്രഷറർ), ഷാജി മാറാനാഥ (പ്രോഗ്രാം കോ-ഓർഡിനേറ്റർ), സാം കൊണ്ടാഴി (മീഡിയ കൺവീനർ), കുര്യൻ ഫിലിപ്പ് (ജനറൽ കോ-ഓർഡിനേറ്റർ, യുഎസ്) എന്നിവരാണ് ക്രൈസ്തവ സാഹിത്യ അക്കാദമിക്ക് നേതൃത്വം നല്കുന്നത്.

# പീറ്റർ കുളങ്ങര ഫോമാ കേരളാ കൺവൻഷൻ ചെയർമാൻ

(3-ാം പേജിൽനിന്നും)

ചിക്കാഗോ സോഷ്യൽ ക്ലബിന്റെ സജീവപ്രവർത്തകനും 2018-20 കാലഘട്ടത്തിലെ പ്രസിഡണ്ടുമായി മാറി. സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ 25 വീടുകൾ കേരളത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് നിർമ്മിച്ചു നല്കുവാൻ അദ്ദേഹം മുന്നിട്ടു പ്രവർത്തിച്ചു.

സാമൂഹിക പ്രവർത്തകയായ സുനിൽ ടീച്ചറുമായി ചേർന്ന് ഇവയിൽ 11 വീടുകൾ പീറ്റർ കുളങ്ങര മറ്റുള്ളവരുടെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ചിക്കാഗോ സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര വടംവലി മത്സരം നടത്തുമ്പോൾ അതിന്റെ അമരത്ത് പീറ്റർ കുളങ്ങര ഉണ്ടായിരുന്നു.

ആദ്യത്തെ കോവിഡ് കാലത്ത് വീട്ടിൽ അകപ്പെട്ട സമയത്ത് സുഹൃത്തുക്കളുമായി സൂമിൽ വൈകിട്ട് സംസാരിക്കുന്നതിനിടെ 'ചീയേഴ്സ് ക്ലബ്' എന്ന ഒരു പ്രസ്ഥാനത്തിന് പീറ്റർ കുളങ്ങരയും കൂട്ടുകാരും തുടക്കമിട്ടത് തുടർന്ന് ചീയേഴ്സ് ക്ലബ് ചാരിറ്റി പ്രവർത്തനത്തിലേക്ക് മാറുകയായിരുന്നു. ഒരു വിനോദം വലിയൊരു നന്മയായി മാറുന്നത് അങ്ങനെയാണ്.

തുടർന്ന് ഈ കൂട്ടായ്മക്കു കീഴിൽ കോവിഡ് കാലത്ത് നാട്ടിൽ ഭക്ഷണ വിതരണം ചെയ്യുകയും 10 ആധുനിക തയ്യൽ മെഷീനുകൾ സ്ത്രീകൾക്കായി വിതരണം ചെയ്യുകയും ചെയ്തു.

ഫോമായുടെ നേതൃത്വത്തിൽ നൂറിലധികം ഇലക്ട്രോണിക് വീൽ ചെയറുകൾ, മുച്ചക്ര സ്കൂട്ടറുകൾ ഭിന്നശേഷിയുള്ള കുട്ടികൾക്കും മുതിർന്നവർക്കും കോട്ടയത്തുവെച്ച് വിതരണം ചെയ്തിരുന്നു. അടുത്ത വീൽചെയർ വിതരണം ജനുവരിയിൽ കാസർകോട്ട് വെച്ച് നടത്തും.

കേരള കൺവൻഷൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട പീറ്റർ കുളങ്ങരയെ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

പീറ്റർ കുളങ്ങര ഏറ്റെടുത്ത പദ്ധതികളെല്ലാം വൻ വിജയമായ ചരിത്രമാണുള്ളത്.

അതുകൊണ്ടുതന്നെ ഫോമാ കേരളാ കൺവൻഷൻ ഒരു ചരിത്രവിജയമാകുമെന്നു തനിക്കുറപ്പുണ്ടെന്ന് പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു.

# കേരള സെന്റർ (ഒരു ചരിത്രരേഖ) എന്ന ഇ.എം. സ്റ്റീഫൻ രചിച്ച പുസ്തകം പ്രസിദ്ധീകരിച്ചു

ന്യൂയോർക്ക്: 2024 വർഷത്തിൽ അമേരിക്കയുടെ പ്രവാസ ജീവിതത്തിന്റെ വെള്ളിവെളിച്ചമായി പ്രശോഭിക്കുന്ന കേരള സെന്ററിന്റെ ചരിത്രം പുസ്തകരൂപത്തിൽ ഇറങ്ങി എന്നുള്ളത് ചെറിയകാര്യമല്ല. വർഷാവസാനം ഏറ്റവും ധന്യമായ










ഒരു വർഷമായി മാറിയത് ഈ പുസ്തകം കൈയിൽ കിട്ടിയതുകൊണ്ട് കൂടിയാണ്. ന്യൂയോർക്കിലെ കേരള സെന്റർ രൂപീകരണത്തിൽ അനുഭവിച്ച കാര്യങ്ങൾ ഒരു പോരാട്ടത്തിന്റെ അതിജീവനത്തിന്റെ അനുഭവ കഥയാണ്. നടന്ന വഴികൾ ദുരിതപൂർണമായ ഭൂതകാലത്തിന്റെ ആകുമ്പോൾ പ്രസ്ഥാനമാക്കി വളർത്താൻ പോരാടിയവർക്ക് അത്ര നിസ്സാരമല്ല ആ യാത്ര. ജോൺ എഫ്. കെന്നഡി പറഞ്ഞപോലെ "നിങ്ങളുടെ നാട് നിങ്ങൾക്കു വേണ്ടി എന്തു ചെയ്തുവെന്ന ചോദ്യം അപ്രസക്തമാണ്. എന്നാൽ നിങ്ങൾ സ്വദേശത്തിനുവേണ്ടി എന്ത് ചെയ്തുവെന്നതാണ് പ്രസക്തം - പ്രധാനവും." അതെ മഹനീയമായ ഈ ചോദ്യത്തിന് ഉത്തരമാണ് ഇ.എം. സ്റ്റീഫനെന്നു നാട്ടുമ്പുറത്തുകാരനായ അമേരിക്കൻ പ്രവാസിയുടെയും കുറച്ചു മഹത്‌വ്യക്തികളുടെയും അഭിമാനകരമായ കഠിനാധ്വാനത്തിന്റെ പൂർത്തീകരണമാണ് ന്യൂയോർക്കിലെ കേരള സെന്റർ എന്ന സ്ഥാപനം. അതിന്റെ ചരിത്രമാണ് ഈ പുസ്തകത്തിൽ തീർച്ചയായും ഫൊക്കാനയും ഫോമയും വേൾഡ് മലയാളിയും അവയിലെ പ്രവർത്തകരും നേതാക്കളും ഒക്കെ വായിച്ചിരിക്കേണ്ട പുസ്തകം...



പ്രവാസി മലയാള കവി 'ചെറുപുറത്തിന്റെ' ഭാഷയിൽ പറഞ്ഞാൽ ഇനി അമേരിക്കൻ സ്ഥാപനങ്ങളുടെ അടുക്കളപുറത്തു ഓച്ഛാനിച്ചു നിൽക്കേണ്ട ഗതികേട് നമുക്ക് ഉണ്ടാകില്ല. അവരുടെ കുത്തുവാക്കുകൾ കേട്ട് വ്യാകുലപ്പെടേണ്ടി വരില്ല. എല്ലാ മലയാളിക്കും ജാതിഭേദമെന്യെ കയറിച്ചെല്ലാവുന്ന സ്ഥാപനമാണ് കേരള സെന്റർ. മറ്റൊരു കവി പീറ്റർ നീണ്ടൂർ 'സെന്റർ പുരാണം' എന്ന പേരിൽ വില്ലടിക്കാൻ പാട്ട് ഉണ്ടാക്കി ചൊല്ലി.

കേരള മണ്ണിൽ നിന്നിങ്ങു കുടിയേറി
കേര സംസ്കാരം നിലനിർത്തിടാൻ
കേരള മക്കൾ ചിലർ കൂടി ചിന്തിച്ചു
കേരളം സെന്റർ പടുത്തുയർത്തി...


മലയാളിയുടെ സംസ്കാരം, ഭാഷ എന്നിവ നിലനിർത്താൻ സർഗ്ഗവേദിയും മനോഹർ തോമസും അടങ്ങുന്ന ഭാഷാ സ്നേഹികൾ കേരള സെന്ററിനൊപ്പം നടന്നു. ഇതെല്ലാം പുസ്തകത്തിൽ ഉണ്ട്.

അതെ പ്രമാണിമാർക്ക് ഓച്ഛാനിച്ചു നില്കാതെ പള്ളികൃഷിക്കാരുടെ പുരയിടത്തിൽ കൊണ്ട് പോയി കൃഷി ഇറക്കാതെ കേരള സെന്ററും പോരാളി സ്റ്റീഫനും ജനാധിപത്യത്തെയും മതനിരപേക്ഷതയെയും മുറുകെ പിടിച്ചു കേരള സെന്റർ എന്ന സ്ഥാപനത്തെ 2024-ൽ എത്തിച്ച കാഴ്ചയ്ക്കു ന്യൂയോർക്ക് മലയാളികൾ ദൃക്സാക്ഷികളാണ്. വട്ടമിട്ടു പറന്ന ക്ഷുദ്ര ശക്തികളിൽനിന്ന് കേരളസെന്ററിനെ രക്ഷിച്ചു പൊതുസമൂഹത്തിനു നല്കി എന്നതാണ് സ്റ്റീഫനും കുടുംബവും സുഹൃത്തുക്കളും ചെയ്ത നന്മ. സെന്ററിനെയും സ്റ്റീഫനെയും ഐആർഎസ് വഴിയും ഇമ്മിഗ്രേഷൻ ഡിപ്പാർട്മെന്റിൽ പരാതികൊടുത്തും ഒറ്റപ്പെടുത്താനും അങ്ങനെ പീഡിപ്പിക്കാനും ചിലർ ശ്രമിച്ച കഥയുണ്ട്. ഇതിനിടയിൽ (പുസ്തകത്തിൽ പറഞ്ഞിട്ടില്ല) ഇന്ന് ന്യൂയോർക്ക് സ്റ്റേറ്റ് കേരള സെന്ററിന് സഹായം പലകുറി (കമ്മ്യൂണിറ്റി സർവീസിനും ചിട്ടയായ എത്തിനിക് കമ്മ്യൂണിറ്റി വർക്കിനും നൽകികഴിഞ്ഞു) ഇപ്പോൾ മൂന്ന് തവണയായി കേരള സെന്റർ ഡയറക്ടർ ബോർഡ് മെമ്പറാണ് ഈ എളിയവൻ. സ്റ്റീഫനും ഭാര്യ



ചിന്നമ്മയും തമ്പി തലപ്പിള്ളിയും ഒക്കെ ചെയ്ത സേവനം നോക്കുമ്പോൾ നമ്മൾ (ഞാൻ) ഒന്നും ചെയ്തിട്ടില്ല... എന്നാൽ കഴിഞ്ഞ 20 വർഷമായി കൈരളി ടിവി മടിക്കാതെ കേരള സെന്ററിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിച്ചു ഒരു മാധ്യമം എന്ന രീതിയിൽ ഇക്കാലയളവിൽ ചെയ്തതൊക്കെ കേരള സെന്ററിനെ പങ്കാളിയാക്കി. ഇതിനിടയിൽ കേരള സെന്റർ പലകുറി (പ്രളയ കാലത്ത്) കേരളത്തെ സഹായിച്ചു. 1824 ഫെയർ ഫാക്സ് സ്ട്രീറ്റ് അമേരിക്കൻ മലയാളിയുടെ കുടിയേറ്റ ചരിത്രത്തിന്റെ നാഴികക്കല്ലാണിന്ന്. പുതിയ സാരഥി അലക്സ് എസ്തപാന്റെ നേതൃത്വത്തിൽ കടമ്പകൾ കടന്നു വിജയത്തിൽ എത്തി നിൽക്കുന്നു.

എന്നാൽ കേരള സെന്ററിന്റെ പഴയ പടവുകൾ മുള്ളുനിറഞ്ഞ പാതയിലൂടെ ഇടറാതെ ഇ.എം. സ്റ്റീഫൻ എന്ന പഴയ പട്ടാളക്കാരൻ മഹനീയമായ ഒരു സ്ഥാപനമാക്കാൻ പൊരുതിയ ഇരട്ട ചങ്കിന്റെ കഥയാണ്. പുസ്തകം എല്ലാരും വായിക്കണം.




പുസ്തകം കിട്ടാൻ കേരള സെന്ററിന്റെ ഇമെയിൽ ഓർ ഫോൺ ബന്ധപ്പെടുമല്ലോ kc@keralacenterny.com OR സ്റ്റീഫൻ +1 917 620 6353 OR മംഗളോദയം കമ്മ്യൂണിക്കേഷൻ കുറിച്ചിത്താനം 001 91 9447129150.





CMW Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
**General Practice including:** Real Estate Law, Wills, Trust Estate Planning, and Contracts

KERALA EXPRESS | പ്രവാസി താളുകൾ

# മാർക്ക് കുടുംബ സംഗമം ജനുവരി 25-ന് ശനിയാഴ്ച

**ടോം ജോസ്**

ചിക്കാഗോ: മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററിന്റെ വാർഷിക കുടുംബസംഗമം 2025 ജനുവരി 25-ന് ശനിയാഴ്ച സായാഹ്നം നടത്തപ്പെടും. മോർട്ടൺഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കാത്തലിക് പാരിഷ് ഹാളാണ് സംഗമവേദിയാകുന്നത്. അഡ്രസ്: 7800 ലൈൺസ് സ്ട്രീറ്റ്, മോർട്ടൺഗ്രോവ്. സായാഹ്നം 6-ന് സമ്മേളനത്തോടു കൂടി ആരംഭിക്കുന്ന ആഘോഷപരിപാടികൾ രാത്രി 11 വരെ തുടരും.

മാർക്ക് പ്രസിഡണ്ട് ജോർജ് മത്തായി പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. ആരോഗ്യരംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ വ്യക്തികൾ സമ്മേളനത്തിൽ സന്നിഹിതരാകും. പൊതുസമ്മേളനത്തെ തുടർന്ന് ചിക്കാഗോ യുവതലമുറയുടെ ആവേശമായി മാറിക്കഴിഞ്ഞ നാടൻ സോൾ ട്രൂപ്പിന്റെ ഫുൾ ഓർക്കസ്ട്രായുടെ അകമ്പടിയോടു കൂടിയുള്ള ഗാനമേളയും മാർക്ക് അംഗങ്ങളും കുടുംബാംഗങ്ങളും ചേർന്ന് ഒരുക്കുന്ന വിവിധ കലാപരിപാടികളും അരങ്ങേറും. മാർക്ക് നേതൃത്വനിരയിലെ സ്ഥിര സാന്നിദ്ധ്യമായ ഷൈനി ഹരിദാസ് സ്റ്റേജ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യും.

ഈ വർഷത്തെ കുടുംബസംഗമത്തിൽ കോവിഡ് കാലഘട്ടത്തിൽ റെസ്പിറേറ്ററി കെയർ പ്രൊഫഷനിൽ പ്രവേശിച്ച മലയാളികളെ അനുമോദിക്കുകയും പരിചയപ്പെടുത്തുന്നതുമാണ്. 1.1 മില്യണിലധികം അമേരിക്കൻ ജീവനുകൾ അപഹരിച്ച കോവിഡ് ദുരന്തത്തെ നേരിടുന്നതിൽ ഡോക്ടർ മാർക്കും നേഴ്സസ്സിനുമൊപ്പം മുൻനിരയിൽ നിന്ന് രോഗികളെ പരിചരിച്ചതിൽ റെസ്പിറേറ്ററി കെയർ പ്രൊഫഷണലുകളും മുഖ്യപങ്ക് വഹിച്ചിട്ടുള്ളതാണ്. സ്വജീവൻ അഭിമുഖീകരിക്കുന്ന അപകടം തിരിച്ചറിഞ്ഞിട്ടും ആരോഗ്യരക്ഷാരംഗത്തേക്ക് കടന്നുവരാൻ സന്നദ്ധരായ മലയാളി യുവാക്കൾ പ്രശംസ അർഹിക്കുന്നുവെന്ന് മാർക്ക് കരുതുന്നു. കോവിഡ് രോഗികളെ ചികിത്സിക്കുന്നതിൽ പ്രശംസനീയമായ സേവനം നല്കിയ അമേരിക്കയിലെ മലയാളി പ്രൊഫഷണലുകളെ ആദരിക്കാൻ ഏഷ്യാനെറ്റ് യുഎസ്എ 2022 -ൽ ലോസാഞ്ചലസിൽ പ്രൗഢഗംഭീരമായ ഒരു സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ റെസ്പിറേറ്ററി കെയർ പ്രൊഫഷണലുകൾക്കുള്ള അനുമോദനം ഏറ്റുവാങ്ങുവാൻ സംഘാടകർ തെരഞ്ഞെടുത്തത് ഇല്ലിനോയിൽ നിന്നുള്ള മാർക്ക് ഭാരവാഹികളെയാണെന്നുള്ളത് സംഘടനയുടെ തൊപ്പിയിൽ ഒരു പൊൻതൂവലായി പ്രശോഭിക്കും.


ജോർജ് മത്തായി (പ്രസിഡണ്ട്)


സണ്ണി കൊട്ടുകാപ്പള്ളി (വൈസ് പ്രസിഡണ്ട്)


ടോം സി. ജോസ് (സെക്രട്ടറി)


ഷൈനി ഹരിദാസ് (ജോയിന്റ് സെക്രട്ടറി)


ബൻസി ബനഡിക്ട് (ട്രഷറർ)


സണ്ണി സ്കറിയ (ജോയിന്റ് ട്രഷറർ)


സനീഷ് ജോർജ് (എജ്യൂക്കേഷൻ കോ-ഓർഡിനേറ്റർ)


എത്സാ വെട്ടിൽ (എജ്യൂക്കേഷൻ കോ-ഓർഡിനേറ്റർ)

മാർക്കിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും റെസ്പിറേറ്ററി കെയർ പ്രൊഫഷനിൽ പടവുകൾ കയറുവാൻ മലയാളികളെ പ്രാപ്തരാക്കുവാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാണ് മാർക്ക് എക്സിക്യൂട്ടീവ്. എല്ലാവരും ഉൾപ്പെട്ടുള്ള കൂട്ടായ യത്നത്തിലൂടെയേ ഇത്തരം ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുകയുള്ളു എന്ന ഉത്തമബോദ്ധ്യം സംഘടനയ്ക്കുണ്ട്.

മലയാളി റെസ്പിറേറ്ററി കെയർ പ്രൊഫഷണലുകൾക്ക് പരസ്പരം പരിചയപ്പെടുവാനും സഹപ്രവർത്തകർക്കും സുഹൃത്തുക്കൾക്കുമൊപ്പം ഒരു സായാഹ്നം ആസ്വദിക്കുന്നതിനുമുള്ള അവസരമാണ് മാർക്കിന്റെ വാർഷിക കുടുംബസംഗമം. ഇല്ലിനോയിലെ എല്ലാ മലയാളി റെസ്പിറേറ്ററി കെയർ പ്രൊഫഷണലുകളെയും കുടുംബാംഗങ്ങളേയും സംഗമത്തിലേക്ക് മാർക്ക് എക്സിക്യൂട്ടീവിനു വേണ്ടി പ്രസിഡണ്ട് ജോർജ് മത്തായി ഹാർദ്ദമായി സ്വാഗതം ചെയ്തു. പ്രവേശന ടിക്കറ്റിന് ട്രഷറർ ബൻസി ബനഡിക്ടുമായി ബന്ധപ്പെടുക: ഫോൺ 847 401 5581.

# ക്നാനായ റീജിയൻ ടീൻ എയ്ജേഴ്സിന് ഉണർവേകി റൂട്ടഡ്-24 കൂട്ടായ്മ




ചിക്കാഗോ: ക്നാനായ റീജിയൻ ടീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ടീൻ മിനിസ്ട്രി കുട്ടികൾക്കായി നടത്തിയ മൂന്നാമത് 'റൂട്ടഡ്-24' കോൺഫറൻസിന് ആവേശോജ്വലമായ സമാപനം. നാല് ദിവസമായി നടന്ന കോൺഫറൻസ് ക്നാനായ റീജിയൻ ഡയറക്ടറും ഫൊറോന വികാരിയുമായ ഫാ. തോമസ് മുളവനാൽ

**ലിൻസ് താന്നിച്ചുവട്ടിൽ**

സംഗമം ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിയിൽ, ഡിട്രോയിറ്റ് പള്ളി വികാരി ഫാ. ജോസ് തറയ്ക്കൽ, ഫാ. ബിൻസ് ചേത്തലിൽ, ഫാ. ബിബിൻ കണ്ടോത്ത്, സിസ്റ്റർ സനുജ, കോ-ഓർഡിനേറ്റർമാരായ സിറിയക് കീഴങ്ങാട്ട്, മജോ കുന്നശ്ശേരിൽ എന്നിവരും യുവജനങ്ങളായ വോളന്റിയേഴ്സും സന്നിഹിതരായിരുന്നു. സാമുദായികവും വിജ്ഞാനപ്രദവും ഉല്ലാസപ്രദവുമായ പരിപാടികൾ കോർത്തിണക്കി കോൺഫറൻസ് അനുഗ്രഹീതമാക്കി. ക്നാനായ റീജിയണിലെ വിവിധ ഇടവകകളിലെയും മിഷനുകളിലെയും ടീൻ എയ്ജേഴ്സ് തമ്മിലുള്ള സുഹൃദ്ബന്ധം ശക്തിപ്പെടുത്തുവാൻ ഈ കൂടിവരവ് വഴി സാധിച്ചു. അടുത്ത ടീൻ എയ്ജേഴ്സ് കോൺഫറൻസ് 2026-ൽ നടത്തപ്പെടും.






നർമ്മം മർമ്മം



രാജീവ് പണിക്കർ

# അതാ ഒരു വള



മുൻപൊരിക്കൽ ജോലി ചെയ്തിരുന്ന കമ്പനിയിൽ മാർക്കറ്റിംഗിലേക്ക് പുതിയൊരു മാനേജർ വരുന്നു എന്നൊരു റൂമർ പരന്നു..

ന്യൂസ് പരത്താൻ നോട്ടീസ് ബോർഡിനേക്കാൾ എക്സ്പേർട്ട് ആയ ആളുകൾ ധാരാളമുള്ള കമ്പനിയായതിനാൽ ന്യൂസിന്റെ പല വേർഷനുകളും പുറത്തിറങ്ങി.

ഇപ്പോഴത്തെ മാർക്കറ്റിംഗ് മാനേജരെ സ്ഥലം മാറ്റും എന്നതായിരുന്നു അതിലൊന്ന്. ഓഫീസിലെത്തന്നെ പുതിയൊരാൾക്ക് സ്ഥാനക്കയറ്റംകിട്ടും എന്ന് മറ്റൊരു ന്യൂസ്. മറ്റൊരാൾ മാറി വരുന്നതും ആകാമെന്നായിരുന്നു ഇനിയൊരു ന്യൂസ്.

വാർത്ത ഹോട്ടായതോടെ പലരും തല പുകച്ചു തുടങ്ങി. പല വഴിയ്ക്കും അന്വേഷണങ്ങളും പോയിത്തുടങ്ങി. പക്ഷേ, ആർക്കും ഒരു ക്ലൂവും കിട്ടിയില്ല.

ഇതിനിടെ പഴയ മാർക്കറ്റിംഗ് മാനേജർ തന്റെ സീറ്റ് പോകുന്ന വിഷമത്തിലായിരുന്നു. ചാരൻമാർ പലവഴി നോക്കിയിട്ടും ആരാണെന്ന് മനസ്സിലാകാത്തതു കാരണം പുള്ളി സ്വന്തം ബുദ്ധി തന്നെ ഉപയോഗിച്ചു തുടങ്ങി. ഒരു പ്യൂണിന്റെ സഹായത്തോടെ കക്ഷി ഒരു ജ്യോത്സ്യനെ പോയി കണ്ട് കാര്യമന്വേഷിച്ചു.

'വളയിട്ട കൈകൾ കാണുന്നൂ....' ജ്യോത്സ്യൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.

മാർക്കറ്റിംഗ് മാനേജരായി ഒരു സ്ത്രീ വരുന്നു. അന്നേരം ഒരു സംശയം മാനേജരുടെ മനസ്സിലുദിച്ചു. ഇനി സീനിയർ എക്സിക്യൂട്ടീവുമാരായ ചേച്ചിമാരാരെങ്കിലുമാണോ കക്ഷി? രണ്ടു പേരുണ്ട്. ഒരാളാണെങ്കിൽ ട്രാൻസ്ഫർ ചോദിച്ചിരിക്കുകയാണ്. മറ്റേയാൾ കഴിഞ്ഞ എക്സിബിഷനിൽ ബെസ്റ്റ് പെർഫോർമറായിരുന്നു. എല്ലാ മാസവും ഓവർ ടാർഗറ്റ്!

സംശയമില്ല ഇതവൾ തന്നെ!

തിരികെ സീറ്റിൽ വന്നതു മുതൽ മാനേജർ എക്സിക്യൂട്ടീവിനിട്ട് എങ്ങനെ 'പണി' കൊടുക്കാം എന്ന സബ്ജക്ടിൽ റിസർച്ചാരംഭിച്ചു.

ക്ലൈന്റ്സിനോട് അപവാദം പറയുക, കൂടുതൽ പേപ്പർ വർക്കുകൾ ഏൽപിക്കുക, വൈകി മാത്രം ജോലി തീർക്കാൻ അനുവദിക്കുക എന്ന ചെറു പണികൾ മുതൽ കട്ടപ്പണികൾ വരെ നിർബാധം പ്രവഹിച്ചു.

ഇതിനിടെ മാനേജരുടെ കൂടെ ജ്യോത്സ്യനെ കാണാൻ പോയ പ്യൂൺ വഴി വളയിട്ട കൈകളുടെ രഹസ്യം നാട്ടിലെങ്ങും പാട്ടായി. എല്ലാ ജോലിക്കാരും പുതിയ മാനേജർ മാഡത്തിന്റെ വരവും കാത്തിരിപ്പുതുടങ്ങി.

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

മാത്രമല്ല, മാനേജർക്കുണ്ടായ സംശയവും എല്ലാവർക്കും തോന്നി. അതോടെ എക്സിക്യൂട്ടീവിനു കിട്ടുന്ന പണി ഏതു വകുപ്പിലാണെന്നും എല്ലാവർക്കും മനസ്സിലായി.

ഇതിനിടെയാണ് ഹെഡ് ഓഫീസിൽ നിന്നും ന്യൂസ് പിടിക്കൽ അടുത്ത ഘട്ടം ഓഫീസിലെത്തിയത്.

'ഗൗരി' എന്നാണ് പുതിയ മാനേജരുടെ പേര്. കൂടുതൽ വിവരങ്ങൾ അറിവായിട്ടില്ല.

ഏതായാലും കൂടുതൽ ക്ലാരിറ്റി വന്നതോടെ പട്ടിപ്പണി ചെയ്തു ചെയ്തു തളർന്ന എക്സിക്യൂട്ടീവ് തൽക്കാലം രക്ഷപ്പെട്ടു.

രണ്ടു ദിവസത്തിനുള്ളിൽ ഒരു ഫോർഡ് ഫിയെസ്റ്റ ഓടിച്ച് ഓഫീസിലേക്ക് കയറിവന്ന സുമുഖനായ ചെറുപ്പക്കാരൻ സ്വയം പരിചയപ്പെടുത്തി.

'ഗൗരി' ശങ്കർ - പുതിയ മാർക്കറ്റിംഗ് മാനേജർ!

പ്ലിംഗ്!

അമ്പരന്നു നിന്ന മുഴുവൻ ഓഫീസ് സ്റ്റാഫും ഷെയ്ക്ക് ഹാൻഡിനായി നീട്ടിയ മാനേജരുടെ വലം കൈ കണ്ടപ്പോൾ വീണ്ടും ഞെട്ടി.

ഫുൾസ്ളീവിനിടയിലൂടെ അതാ ഒരു വള.

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

# അകത്ത് മഴയുള്ള ആൾ



കവിത



ശ്രീഷ

തലയിൽ ഒരു കുടം
വെള്ളം കമിഴ്ത്തിയാൽ
തൊലി തുളർന്നവ ഉള്ളിൽ
കയറി കെട്ടി കിടക്കും.
തക്കം നോക്കി വിയർപ്പായും
ദോഷമായും പുറത്തേക്കൊഴുക്കി
ശാപം വാങ്ങി കൂട്ടും.
എല്ലിലേക്ക് പടർന്നു കയറി
കോച്ചി പിടിപ്പിക്കും.
അവിടുന്നങ്ങോട്ട്
ചെരുപ്പുകൾ തേയും വിധത്തിൽ
ആശുപത്രി വരാന്തയിൽ
അണുവിടാത്ത ഘോരയുദ്ധം നടക്കും.
വെള്ളയും ചുവപ്പും പച്ചയും
ഇടതടവില്ലാതെ
അന്നനാളത്തിൽ പറ്റി കിടക്കും.
ഒടുവിൽ മടുത്തുടഞ്ഞ്
അവർ ആവിയാകും.

എന്നാൽ,
കാലാവസ്ഥ മാറ്റാതെ
പരക്കെ ഇരുട്ട് വീഴ്ത്തി
മേഘപാളികൾ തമ്മിലുരസി
മിന്നലൊളി വാർത്ത്
പൊട്ടി ചിതറി വീഴുമ്പോഴും
അകത്ത് മഴയുള്ള ആൾ
ശാന്തനാകും.

# മഞ്ഞു മനുഷ്യൻ



കവിത



സൂസൻ ജോഷി

മഞ്ഞു തണുത്തുറഞ്ഞ ദേശത്ത്
മരവിച്ച ഒരു ഏകാന്ത മനുഷ്യൻ.
ഹൃദയം ഹിമത്തിൽ പൊതിഞ്ഞ്
വികാരങ്ങൾ ഉറങ്ങിപ്പോയൊരാൾ.
തണുത്ത താഴ്‌വാരങ്ങളുടെ
നിശ്ചലതയിൽ
വസന്തകാല ഊഷ്മളതകൾ
വറ്റിപ്പോയ കാല്പനികൻ.
ദൂരെയുള്ള പ്രിയപ്പെട്ടവർ
വിസ്മൃതിയുടെ കയങ്ങളിൽ
ആണ്ടു പോയൊരാൾ.
ആരാണയാളോട് പറയുക
കടന്നു പോന്ന വഴികളിൽ
കനവിൻ തുണ്ടുകൾ
പെറുക്കി കൂട്ടി
കാത്തിരിക്കുന്ന പുഴയുണ്ടെന്ന്.
ആഴങ്ങളിലേക്ക് പെയ്തിറങ്ങി
മണ്ണിനെ നനയ്ക്കുന്ന
ആകാശമുണ്ടെന്ന്.
അയാളെ ഉണർത്താൻ
ആർക്കാണാവുക?

വാരാന്ത്യം

ഓർമ്മ

ബാലചന്ദ്രൻ ചുള്ളിക്കാട്

# എം.ടി.: പഴയ ഒരോർമ്മ

ജ്ഞാനപീഠം ലഭിച്ച എം.ടി.യെ ആദരിക്കാൻ അക്കാലത്ത് കൂടല്ലൂരിൽ നാട്ടുകാർ യോഗം ചേർന്നു. സംസാരിക്കാൻ എന്നെയും ക്ഷണിച്ചിരുന്നു.

നാട്ടുകാരിൽ ചിലരുടെ സൽക്കാരത്തിൽ ഞാനന്ന് നന്നായി മദ്യപിച്ചു. നേരെ നിൽക്കാൻ വയ്യ. സുഹൃത്തുക്കളായ ടി.വി.കൊച്ചുബാവയും വി.ആർ.സുധീഷും എന്നെ താങ്ങിപ്പിടിച്ച് വേദിയിൽ കയറ്റി. ഞാൻ എന്തു പറയുമെന്നോ എന്തു ചെയ്യുമെന്നോ എനിക്കും മറ്റുള്ളവർക്കും അറിയില്ല.

നീരസത്തോടെയും, അതിലേറെ ഉൽക്കണ്ഠയോടെയും, എം.ടി.വാസുദേവൻനായർ സദസ്സിന്റെ മുൻനിരയിൽ അസ്വസ്ഥനായി ഇരുന്നു.

ഞാൻ അലമ്പാവുമെന്ന പ്രതീക്ഷയോടെ എന്റെ ശത്രുക്കൾ സസന്തോഷം കാത്തുനിന്നു.

മൈക്കിനുമുന്നിൽ ആടിനിന്നപ്പോൾ, പരവശമായ മനസ്സ് പരദേവതയെ വിളിച്ചു.

ഞാൻ ഇങ്ങനെ പറഞ്ഞു:

'എന്റെ വീട്ടുകാർ എന്നെ അസുരവിത്ത് എന്നാണു വിളിച്ചിരുന്നത്.

അരങ്ങിൽ ഭ്രാന്തൻവേലായുധനായി ഞാൻ അഭിനയിച്ചിട്ടുണ്ട്. സമ്മാനം വാങ്ങിയിട്ടുണ്ട്. അച്ചുതൻ നായരുടെ അടിയേറ്റ് എന്റെ ഉള്ളിലും ചോര തെറിച്ചിട്ടുണ്ട്. അതെ. ചോരകൊണ്ടാണ് വാസുദേവൻനായരേ, നിങ്ങളുടെ കഥ ഞാൻ വായിച്ചത്. ഇതു പറയാൻ എനിക്കും കേൾക്കാൻ അങ്ങേക്കും ആയുസ്സുതന്ന കാലത്തിനു നന്ദി.'

സദസ്സ് ഒരു നിമിഷം നിശ്ശബ്ദമായി.

എങ്ങനെയോ തപ്പിപ്പിടിച്ച് ഞാൻ ഇറങ്ങിപ്പോന്നു.

പിന്നീട് ഞാൻ എം.ടി.സാറിനോടു പറഞ്ഞു:


'ക്ഷമിക്കണം.'

അദ്ദേഹം അലിവോടെ എന്റെ തോളിൽ തൊട്ടു. എന്നിട്ടു പറഞ്ഞു:


'ഭഗവതി കാത്തു.'



ലേഖനം



സി.ജെ. ജോൺ




അഭിനയ വിസ്മയമായ മോഹൻ ലാൽ സംവിധാനം ചെയ്യുന്ന സിനിമയെന്ന കാരണം കൊണ്ട് മാത്രമല്ല ബറോസ് ആദ്യ ദിവസം കാണാൻ പോയത്. ആലോചന ഘട്ടങ്ങളിൽ ബറോസിന്റെ കഥയും കഥാപാത്രങ്ങളുമൊക്കെ ചർച്ച ചെയ്യുവാനായി ജിജോ പുന്നൂസിനോടൊപ്പം ഇരിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. മോഹൻലാലെന്ന നടനെ മഞ്ഞിൽ വിരിഞ്ഞ പൂക്കളെന്ന സിനിമയിലൂടെ അവതരിപ്പിച്ചതിന്റെ ക്രെഡിറ്റും നവോദയയുടെ ജിജോ പുന്നൂസിനുണ്ട്. മൈ ഡിയർ കുട്ടിച്ചാത്തന് ശേഷം ജിജോ സംവിധാനം ചെയ്യുന്ന സിനിമയെന്ന ധാരണയായിരുന്നു അന്ന്. ചർച്ച ചെയ്യാൻ ആദ്യം വന്നപ്പോൾ ചില ദൃശ്യങ്ങളുടെ സ്കെച്ചും അത് വരച്ച ചിത്രകാരനുമായിട്ടാണ് വന്നത്. അതിലെ ഒരു പെൺകുട്ടിയുടെ ചില വ്യക്തിത്വ സവിശേഷതകളുടെ അംശങ്ങളാണ് ചർച്ച ചെയ്തത്. അവളുടെ വല്ലാത്ത സ്വഭാവത്തെ തിരുത്തി കുറിച്ച് അവളിലെ നിധി കാണിച്ചു കൊടുക്കുന്ന നിയോഗം കൂടി ഭൂതത്തിനുണ്ടായിരുന്നു. അതായിരുന്നു കഥയുടെ സവിശേഷ തലം. ജിജോ തയ്യാറാക്കിയ തിരക്കഥ മാറിയെന്ന് പിന്നീട് അറിഞ്ഞു. ബറോസിനായുള്ള സർഗാത്മക കൂട്ട് ചേരലിൽ നിന്നും സ്നേഹപൂർവ്വം ആദരവോടെ പിന്മാറിയതായി ജിജോ പ്രഖ്യാപിക്കുകയും ചെയ്തു.

മൂല കഥയെയും, കഥാപാത്രങ്ങളെയും, വൂഡു ഡോളിനെയും നില നിർത്തി തന്നെയാണ് ബറോസിന്റെ പുതിയ രൂപം. ഇസബെല്ലയെന്ന കൗമാര പ്രായക്കാരിയായ കുട്ടിക്ക് ഈ സിനിമയിൽ വലിയ പ്രാധാന്യം ഉണ്ട്. കൗമാര പ്രായക്കാരെ ഉന്നം വച്ചുള്ള അന്തർദേശീയ സിനിമയായിരുന്നു ജിജോയുടെ മനസ്സിൽ. അന്തർദേശിയ നിലവാരമുള്ള ഏറെ കാഴ്ചകൾ കോർത്തിണക്കിയ ഒരു സിനിമയായി തന്നെയാണ് ബറോസ് കാണികളുടെ മുമ്പിലേക്ക് എത്തുന്നത്. എന്നാൽ പലപ്പോഴും ബറോസ് ബോറടിപ്പിക്കുന്നുണ്ട്. പേരക്കുട്ടിയെയും കൂട്ടിയാണ് പോയത്. അവനും പലപ്പോഴും ബോറടിച്ചു. കുട്ടികളുടെ സിനിമയെന്ന് അവകാശപ്പെടുമ്പോഴും ആരെയാണ് സിനിമ ലക്ഷ്യം വയ്ക്കുന്നതെന്നിലെ ആശയക്കുഴപ്പം സ്ക്രിപ്റ്റിലും നിർമ്മിതിയിലും പ്രകടമായിരുന്നു .മൈ ഡിയർ കുട്ടിച്ചാത്തൻ അന്നുണ്ടാക്കിയ വിസ്മയവും പുളകവും ഇന്നുണ്ടാക്കാൻ പ്രയാസമാണെന്നത് ഒരു വസ്തുതയാണ്. എന്നാൽ സാങ്കേതിക സാദ്ധ്യതകൾ അപാരമാണ്. കുട്ടികളുടെ സ്ക്രീൻ കാഴ്ചാ ചക്രവാളങ്ങൾ വിശാലവുമാണ്.

പുതിയ കാലത്തിൽ കുട്ടികൾ ഇടപഴകുന്ന നവസാങ്കേതിക വിദ്യയുമായി സംയോജിപ്പിച്ചു ഈ കഥയിലെ സംഭവങ്ങൾക്ക് പൊലിമ നൽകാൻ സാധിച്ചില്ല. മൊബൈൽ ഫോണൊക്കെ വരുന്നുണ്ട്. എന്നാൽ ആ ഡിജിറ്റൽ ലോകത്തിലേക്കൊന്നും കടന്ന് കയറി നിഷേധിയായ ആ കൗമാര പ്രായക്കാരിയുടെ ലോകം വരച്ചിടാൻ ശ്രമിക്കുന്നില്ല. ഇന്നത്തെ കുട്ടികൾക്ക് വലിയ താൽപ്പര്യം തോന്നാത്ത

ഒരു അണ്ടർ വാട്ടർ അനിമേഷൻ കയറ്റി കാര്യങ്ങൾ അവസാനിപ്പിച്ചു. ഫാന്റസിയാണെങ്കിലും കഥാപാത്ര സൃഷ്ടി പ്രധാനമാണ്. കാഴ്ചകൾ ഒരുക്കുന്ന തിരക്കിൽ ഇതിന് വലിയ പ്രാധാന്യം വന്നില്ല. വൂഡൂ ഡോളാണ് സ്കോർ ചെയ്ത കഥാപാത്രം.

ഇന്നത്തെ കാലത്തു കുട്ടികൾക്കായി സിനിമ എടുക്കണമെങ്കിൽ അസാമാന്യ മീഡിയ സെൻസ് വേണം. ത്രീ ഡി സാങ്കേതിക മികവും, വി. ഫ്. എക്സ് മാജിക്കും കൊണ്ട് മാത്രം പ്രേക്ഷക ശ്രദ്ധയെ ആവാഹിക്കാൻ പറ്റില്ലെന്ന് ബറോസ് സാക്ഷ്യപ്പെടുത്തുന്നു.

കുട്ടികളെ ലക്ഷ്യമാക്കിയുള്ള സിനിമ കുട്ടികളുടെ കഥാപാത്രങ്ങളിലാണ് ഫോക്കസ് ചെയ്യേണ്ടത്. കുട്ടിച്ചാത്തന്റെ ഒരു വിജയഘടകം അതായിരുന്നു. മോഹൻലാലെന്ന നടനിലേക്കും, ഭൂതത്തിലേക്കും, നിധിയുടെ പുരാവൃത്തങ്ങളിലേക്കുമൊക്കെ ഫോക്കസ് മാറിയതോടെ ഈ ആനുകൂല്യം ഇല്ലാതായി .കുട്ടികളുമായോ, മുതിർന്നവരുമായോ കണക്ട് ചെയ്യാനാകാത്ത ജോണറിലാണ് ബറോസ്. വയലൻസിന്റെ പൂക്കാലത്തിൽ ആകർഷകമായ ഒരു ബദൽ സിനിമാ അനുഭവം ബറോസ് നൽകുമെന്ന് പ്രതീക്ഷിച്ചു. അത് വെറുതെയായി.

ഡിസ്നി സിനിമകളുടെ സ്റ്റൈലിലുള്ള മലയാള സിനിമയെന്ന നിലയിൽ ബറോസ് കാണാവുന്നതാണ്. പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. സാങ്കേതിക വിദഗ്ദ്ധരുടെ സിനിമയാണിത്. സംവിധായകന്റെയല്ല.

KERALA EXPRESS | പ്രവാസി താളുകൾ

# ഫാ. സജി പിണർക്കയിലിന്റെ പൗരോഹിത്യ ജൂബിലി ഭക്തിസാന്ദ്രമായി

എബി തെക്കനാട്ട്

ചിക്കാഗോ: ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയുടെ ഭാഗമായ ക്നാനായ റീജിയനിലെ മയാമിയിലുള്ള സെ. ജൂഡ് ക്നാനായ കാത്തലിക് ഇടവകയുടെ വികാരി ഫാ. സജി പിണർക്കയിലിന്റെ പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി 2024 ഡിസംബർ ഒന്നിന് മയാമിയിലുള്ള സെ. ജൂഡ് ദേവാലയത്തിൽ വെച്ച് ഇടവകജനങ്ങൾ ഭക്തിപൂർവം ആഘോഷിച്ചു.

കോട്ടയം രൂപതയുടെ നേതൃത്വത്തിൽ നടത്തിയ പ്രഥമ മലബാർ കുടിയേറ്റത്തിലേക്ക് കൂടല്ലൂർ ഇടവകയിൽ നിന്ന് ആദ്യമായി കുടിയേറിയ കുടുംബങ്ങളിലൊന്നാണ് പിണർക്കയിൽ കുര്യൻ -മേരി ദമ്പതികൾ. അവരുടെ ആറ് മക്കളിൽ ഒരാളാണ് ഫാ. സജി പിണർക്കയിൽ. രാജപുരത്തിനടുത്തായി മാലക്കല്ലിൽ പ്രഥമ വിദ്യാഭ്യാസം പൂർത്തിയാക്കി, തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് ജീവിതം ദൈവത്തിനായി മാറ്റിവെച്ച് എസ്.എച്ച് മൗണ്ട് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥിയായി ചേർന്നു. തുടർന്ന് വടവാതൂർ സെ. തോമസ് സെമിനാരിയിൽ നിന്ന് തിയോളജി പഠനം പൂർത്തിയാക്കിയശേഷം അഭിവന്ദ്യ കുര്യാക്കോസ് കുന്നശേരി മെത്രാപ്പോലീത്തയിൽ നിന്ന് 1999 ഡിസംബർ 27-ന് തിരുപ്പട്ടം സ്വീകരിച്ച് 2000 ജനുവരി 1-ാം തീയതി മാലക്കല്ല് പള്ളിയിൽ വെച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു.

കഴിഞ്ഞ 25 വർഷക്കാലത്തിനുള്ളിൽ 17 ഇടവകകളിൽ വൈദികശുശ്രൂഷ ചെയ്യുന്നതിന് സജി അച്ചനു സാധിച്ചു. 2011-ൽ ക്നാനായ റീജിയന്റെ പ്രഥമ ദേവാലയമായ ചിക്കാഗോ സെ. മേരീസ് ദേവാലയത്തിലും സേക്രഡ് ഹാർട്ട് ദേവാലയത്തിലും അസിസ്റ്റന്റ് വികാരിയായി സേവനം ആരംഭിച്ചു. ആറ് മാസങ്ങൾക്കു ശേഷം സേക്രഡ് ഹാർട്ട് ദേവാലയത്തിന്റെ പ്രഥമ വികാരിയായി.

അതേത്തുടർന്ന് ഹൂസ്റ്റൺ സെ. മേരീസ് ചർച്ച്, സാൻജോസ് സെ. മേരീസ് ചർച്ച് തുടങ്ങിയ ഇടവകകളിൽ സേവനമനുഷ്ഠിച്ചശേഷം 2013 ഓഗസ്റ്റ് മാസത്തിൽ മയാമിയിലുള്ള സെ. ജൂഡ് ക്നാനായ ഇടവകയുടെ വികാരിയായി ചാർജെടുത്തു. സജി അച്ചന്റെ കൃത്യനിഷ്ഠ, ഭക്തിപൂർവ്വമായ ദിവ്യബലി, ഇടവക ജനങ്ങളെ തട്ടിയുണർത്തുന്ന വചനപ്രഭാഷണം, നല്ല ഗാനാലാപനം, നോമ്പുകാലങ്ങളിലെ ആരാധന, ജപമാല ഭക്തിയും ആഴമേറിയ വിശ്വാസവും തുടങ്ങിയ മികവുറ്റ കഴിവുകൾ എടുത്തുപറയേണ്ടിയിരിക്കുന്നു.

2024 ഡിസംബർ ഒന്നാം തീയതി മയാമി സെ. ജൂഡ് ക്നാനായ ദേവാലയത്തിൽ വെച്ച് വൈകുന്നേരം 4.30-ന് ആഘോഷമായ സമൂഹബലിയോടെ ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു. ക്നാനായ റീജിയന്റെ വികാരി ജനറാൾ മോൺ. തോമസ് മുളവനാൽ, ഫ്ളോറിഡ ഫൊറോന വികാരി ഫാ. ജോസഫ് ആദോപ്പിള്ളിൽ, ഫാ. ജോബി പൂച്ചുകണ്ടത്തിൽ, ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ്, ഫാ. ഐസക് സിഎംഐ. ഫാ. മാത്യു കരികുളം, ഫാ. സന്തോഷ് പുലിപ്ര, ഫാ. റോയി ജോസ് തുടങ്ങിയവർ സഹകാർമ്മികരായ ദിവ്യബലിക്കു ശേഷം ദേവാലയത്തിൽ വെച്ച് നടത്തിയ അനുമോദന മീറ്റിങ്ങിൽ വികാരി ജനറാൾ മോൺ. തോമസ് മുളവനാൽ അദ്ധ്യക്ഷത വഹിച്ചു. ജോണി ഞാറവേലിയുടെ നേതൃത്വത്തിലുള്ള ദേവാലയ ഗായകസംഘം ആലപിച്ച മാർത്തോമ്മൻ ഭക്തിഗാനത്തോടെ മീറ്റിങ് ആരംഭിച്ചു. ജൂബിലി കോ-ഓർഡിനേറ്റർ ലോറൻസ് മുടികുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ മോൺ. തോമസ് മുളവനാൽ, ഫാ. ജോസ് ആദോപ്പിള്ളിൽ, ഫാ. മാത്യു പാടിക്കൽ, കൈക്കാരൻ ജോസഫ് പതിയിൽ, ഡിആർഇ സുബി പനന്താനത്ത്, പിആർഒ എബി തെക്കനാട്ട് തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. നികിത കണ്ടാരപ്പള്ളിൽ, ജോസ്നി വെള്ളിയാൻ എന്നിവർ ചേർന്ന് സൺഡേസ്കൂൾ കുട്ടികളുടെ പ്രോഗ്രാമുകളും ജെന്നിമോൾ മറ്റംപറമ്പത്തിന്റെ ഗാനാലാപനവും ഗായകസംഘത്തിന്റെ സമൂഹഗാനവും ഏറെ ശ്രദ്ധേയമായിരുന്നു. ബിനു ചിലമ്പത്ത് കൃതജ്ഞത പ്രകാശിപ്പിച്ചു. കൈക്കാരൻ ഏബ്രഹാം പുതിയെടുത്തുശ്ശേരിൽ ഇടവകസമൂഹത്തിന്റെ സമ്മാനം അച്ചന് കൈമാറി. ജോമോൾ വട്ടപ്പറമ്പിൽ പ്രോഗ്രാമിന്റെ എംസിയായി പ്രവർത്തിച്ചു.


















# ഫ്രിസ്‌ക്കോ ഹിൽസ് മലയാളി കൂട്ടായ്മയുടെ ക്രിസ്മസ് പുതുവത്സരാഘോഷം

ഡാളസ്: ഫ്രിസ്‌ക്കോ ഹിൽസ് മലയാളി കൂട്ടായ്മയുടെ ഈ വർഷത്തെ ക്രിസ്മസ് പുതുവത്സരാഘോഷം ഡിസംബർ 7-ന് ശനിയാഴ്ച വൈകിട്ട് 6 മണി മുതൽ കാരൾട്ടൻ സെ. മേരീസ് മലങ്കര യാക്കോബൈറ്റ് സിറിയൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽ വെച്ച് നടത്തപ്പെട്ടു.

കരോൾ ഗാനങ്ങൾ, കുട്ടികളുടെ ഡാൻസ് തുടങ്ങി വിവിധ കലാവിരുന്നുകൾ ആഘോഷങ്ങൾക്ക് ചാരുതയേകി. ഫ്രിസ്‌ക്കോ ഹിൽസ് മലയാളി കൂട്ടായ്മയുടെ ക്രിസ്മസ് ഒത്തൊരുമയും പങ്കാളിത്തവും പരിപാടിയെ വൻ വിജയമാക്കി. ക്രിസ്മസ് ആഘോഷങ്ങൾക്കൊപ്പം പുതുവത്സരത്തിന്റെ പ്രതീക്ഷകളും ഏവരും പങ്കുവെച്ചു.

**മാർട്ടിൻ വിലങ്ങോലിൽ**

ക്രിസ്മസ് കേക്ക് മുറിച്ചും ന്യൂഇയർ ഡിന്നർ തയ്യാറാക്കിയും സംഘാടകർ പരിപാടികൾ ആസ്വാദ്യകരമാക്കി. ജോട്ടി ജോസഫ്, റ്റിജു ഏബ്രഹാം, മില്ലി മാത്യൂസ്, ജോസ് പോൾ പ്രകാശ് എന്നിവരാണ് ആഘോഷങ്ങൾക്ക് നേതൃത്വം നല്കിയത്.




# ബെൻസൻവിൽ ഇടവകയിലെ ആദ്യ ക്രിസ്മസ് വർണ്ണാഭമായി






**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവക ദേവാലയത്തിൽ പുതിയ ഇടവക ദൈവാലയ രൂപീകരണത്തിനു ശേഷമുള്ള ആദ്യത്തെ ക്രിസ്മസ് അനുഗ്രഹപൂർണ്ണമായി. ക്രിസ്മസ് തിരുക്കർമ്മങ്ങൾ ഡിസംബർ 24-ന് ചൊവ്വാഴ്ച വൈകിട്ട് ഏഴു മണിക്ക് മലയാളത്തിൽ വികാരി ഫാ. തോമസ് മുളവനാലിന്റെ കാർമ്മികത്വത്തിൽ ദേവാലയത്തിലും ഫാ. ബിൻസ് ചേത്തലിന്റെ കാർമ്മികത്വത്തിൽ ഇടവക ഹാളിലും



തിരുക്കർമ്മങ്ങൾ നടന്നു. തുടർന്ന് കുഞ്ഞിപ്പൈതങ്ങളുടെ ആദ്യ ക്രിസ്മസ്സിന് എത്തിയ കുഞ്ഞുങ്ങളെ പ്രത്യേകം ആദരിച്ചു. തുടർന്ന് മതബോധന കുട്ടികളുടെ ക്രിസ്മസ് ആഘോഷ കലാപരിപാടികൾ ഹാളിൽ നടത്തപ്പെട്ടു. കലാപരിപാടികൾക്കു ശേഷം ഇടവകസമൂഹം ഒരുക്കിയ സ്നേഹവിരുന്ന് എല്ലാവർക്കും നല്കി. കൈക്കാരന്മാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളിൽ, ജെൻസൺ ഐക്കരപറമ്പിൽ, കിഷോർ കണ്ണാല എന്നിവരുടെ നേതൃത്വത്തിൽ ആദ്യ ക്രിസ്മസ്സിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കി.











# വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് സബ്കമ്മിറ്റികൾ രൂപീകരിച്ചു

നൈനാൻ മത്തായി

ഫിലാഡൽഫിയ: കാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യ നന്മക്കും ഊന്നൽ നൽകിക്കൊണ്ട് ഫിലാഡൽഫിയ പ്രൊവിൻസ് അടുത്ത വർഷത്തേക്കുള്ള വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചു. പദ്ധതികളുടെ പരിപൂർണ്ണ വിജയത്തിനായി ഈ ഡിസംബർ പതിനഞ്ചാം തീയതി ഞായറാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് പ്രൊവിൻസിന്റെ ചെയർപേഴ്സൺ മറിയാമ്മ ജോർജിന്റെ ഐവിലാൻഡിലുള്ള പുതുതായി വാങ്ങിയ ഭവനത്തിൽവെച്ച് യോഗം കൂടുകയും സബ്കമ്മിറ്റികളെ തെരഞ്ഞെടുക്കുകയും ചെയ്തു.



കേരളത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന യുവതീയുവാക്കളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഇരുപത്തിയഞ്ച് ദമ്പതികൾക്ക് വിവാഹം നടത്തികൊടുക്കുവാനുള്ള ഒരു വലിയ പദ്ധതിയാണ് പ്രൊവിൻസ് ഏറ്റെടുത്തിരിക്കുന്നത്. അനുയോജ്യരായ അപേക്ഷകരെ കണ്ടെത്തി ഈ സമൂഹവിവാഹത്തെ ഒരു സമ്പൂർണ്ണ വിജയമാക്കി തീർക്കുവാൻ കേരളത്തിലുള്ള ഗാന്ധി ഭവനുമായി പ്രൊവിൻസ് കൂടിയാലോചന നടത്തുകയും ഗാന്ധി ഭവന് ഈ മേഖലയിലുള്ള എല്ലാ അനുഭവസമ്പത്തും സഹകരണങ്ങളും അവർ വാഗ്ദാനം ചെയ്തതിലുള്ള നന്ദിയും സ്നേഹവും യോഗം രേഖപ്പെടുത്തി.




2025 ഒക്ടോബർ രണ്ടാം തീയതി കോട്ടയത്തുള്ള ഒരു പ്രമുഖ ഓഡിറ്റോറിയത്തിൽവെച്ചാണ് ഈ സമൂഹ വിവാഹം സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിൽ നിന്നും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രമുഖർ ഈ ചടങ്ങിൽ പങ്കെടുക്കും. വേൾഡ് മലയാളി കൗൺസിൽ ഗ്ലോബലും അമേരിക്കൻ റീജിയനും അവരുടേതായ എല്ലാ സഹായ സഹകരണവും പ്രൊവിൻസിന്റെ ഈ ബൃഹത് പദ്ധതി വിജയകരമായി സംഘടിപ്പിക്കുവാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. സമൂഹ വിവാഹത്തിനുള്ള നിബന്ധനകളും പ്രൊവിൻസ് ഇതിനായി ചെയ്യുന്ന സാമ്പത്തിക സഹായങ്ങളെക്കുറിച്ചും യോഗത്തിൽ തീരുമാനിച്ച് അംഗീകാരം നൽകി. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുവാൻ നൈനാൻ മത്തായി (പ്രസിഡണ്ട് - 215 760-0447), മറിയാമ്മ ജോർജ് (ചെയർപേഴ്സൺ - 267 357 -1542), ലൂക്കോസ് മാത്യു (ജനറൽ സെക്രട്ടറി - 267 467-4993), തോമസുകുട്ടി വർഗീസ് (ട്രഷറർ - 267 515-8727) എന്നീ ഫോൺ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

2025 ജൂൺ ഏഴാംതീയതി, ശനിയാഴ്ച മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ വിവിധ പരിപാടികളോടെ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽവെച്ചു നടത്തുവാനും യോഗം തീരുമാനിച്ചു. വിശിഷ്ട അതിഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗം രാവിലെ പത്തു മുതൽ പതിനൊന്നു വരെയും വിവിധ ആർട്ടിസ്റ്റുകളെ കോർത്തിണക്കികൊണ്ടുള്ള കലാപരിപാടികൾക്കു പതിനൊന്നു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെയും വേദി സാക്ഷിയാകും. കേരള തനിമയുടെ രുചി വിളിച്ചറിയിക്കുന്ന ഉച്ചഭക്ഷണവും എല്ലാവർക്കും ഒരുക്കിയിട്ടുണ്ട്.

പ്രൊഫഷണൽ നർത്തകിയും ഫിലാഡൽഫിയ നുപുര ഡാൻസ് അക്കാദമിയുടെ ഡയറക്ടറും പ്രൊവിൻസ് അംഗവുമായ അജി പണിക്കരെ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ 2025-ന്റെ പ്രോഗ്രാം കോ-ഓർഡിനേറ്ററായി യോഗം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. കലാരംഗത്തു വളരെയധികം അനുഭവസമ്പത്തുള്ള അജി പണിക്കരുടെ നേതൃപാടവം ഡാൻസ് ഫെസ്റ്റും വിപുലമായ കലാപരിപാടികളും വേദിയെ വർണശബളമാക്കും. പ്രൊവിൻസ് ഒക്ടോബറിൽ സംഘടിപ്പിക്കുന്ന സമൂഹവിവാഹത്തിന്റെ സാമ്പത്തിക സഹായത്തിനുകൂടി ഊന്നൽ നൽകിക്കൊണ്ടാണ് ജൂൺ മാസത്തിൽ ഈ ആഘോഷ പരിപാടികൾ നടത്തുന്നത്.

യോഗം നാലു മണിക്ക് ആരംഭിച്ചു. പ്രൊവിൻസിന്റെ വുമൺ ഫോറം പ്രസിഡണ്ടായ ഷൈല രാജന്റെ പ്രിയ മാതാവിന്റെ വേർപാടിൽ അംഗങ്ങൾ ഒരുനിമിഷം മൗനം ആചരിച്ചു. പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതം അർപ്പിച്ചു കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡണ്ട് നൈനാൻ മത്തായി അധ്യക്ഷ പ്രസംഗം നടത്തി. രണ്ടായിരത്തി ഇരുപത്തിനാലിൽ അംഗങ്ങൾ പ്രൊവിൻസിനു ചെയ്ത സേവനങ്ങളെ പ്രകീർത്തിച്ചു തന്റെ അധ്യക്ഷ പ്രസംഗത്തിൽ നന്ദിയും സ്നേഹവും അറിയിച്ചു. പ്രത്യേകിച്ച്, ഈ വർഷത്തെ പ്രൊവിൻസിന്റെ കണക്കുകൾ പൂർത്തിയാക്കി ഓഡിറ്റ് ചെയ്യുവാൻ അക്ഷീണം പരിശ്രമിച്ച ട്രഷറർ തോമസ് കുട്ടി വർഗീസിനെയും അക്കൗണ്ടന്റ് ബെന്നി മാത്യുവിനെയും ഓഡിറ്റേഴ്സ് അപ്പു, റൂബി എന്നിവരെയും അഭിനന്ദിച്ചു. പങ്കെടുത്ത അംഗങ്ങൾ എല്ലാവരും പ്രൊവിൻസിന്റെ നടത്തിപ്പിനും ഉന്നമനത്തിനും അവരുടേതായ അഭിപ്രായങ്ങൾ പങ്കുവെക്കുകയും യോഗം അത് നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ചെയർപേഴ്സൺ മറിയാമ്മ ജോർജ് ആശംസാപ്രസംഗം നടത്തി.

മറിയാമ്മ ജോർജ് പ്രൊവിൻസിനു ചെയ്ത വിശിഷ്ട സേവനത്തെ മാനിച്ചും അവർ മനോഹരമായ ഒരു ഭവനം വാങ്ങിയതിലുമുള്ള സന്തോഷത്തിലും പ്രൊവിൻസ് ഫലകം സമ്മാനിച്ച് അവരെ ആദരിച്ചു.

അതോടൊപ്പം, പ്രൊവിൻസിന്റെ പ്രസിഡണ്ടായ നൈനാൻ മത്തായി ദീർഘകാലത്തെ പെൻസിൽവേനിയ സർക്കാർ സ്ഥാപനത്തിൽനിന്നും വിരമിച്ചതിൽ അദ്ദേഹത്തിന് നല്ല ഒരു വിശ്രമജീവിതം ആശംസിക്കുകയും കേക്ക് മുറിച്ചു അംഗങ്ങൾ സന്തോഷം പങ്കുവെക്കുകയും ചെയ്തു. പ്രൊവിൻസിന്റെ ക്രിസ്മസ്-ന്യൂ ഇയർ ആഘോഷങ്ങൾ ജനുവരി മൂന്നിന് വെള്ളിയാഴ്ച വൈകിട്ട് അഞ്ചിന് മത്തായിയുടെ ഭവനത്തിൽവെച്ച് നടത്തുവാനും ഇതിന്റെ കോ-ഓർഡിനേറ്ററായി ഷൈല രാജനെ തെരഞ്ഞെടുക്കുകയും ചെയ്തു.

ട്രഷറർ തോമസുകുട്ടി വർഗീസ് നന്ദി പറഞ്ഞു. മനോഹരമായ ഭവനം വാങ്ങിയതിലുള്ള സന്തോഷത്തിൽ മറിയാമ്മ ജോർജ് പങ്കെടുത്ത എല്ലാവർക്കും വിഭവ സമൃദ്ധമായ ഭക്ഷണം ഒരുക്കുകയും യോഗത്തിനായി വീട് ക്രമീകരിക്കുകയും ചെയ്തതിലുള്ള പ്രത്യേക സ്നേഹവും നന്ദിയും മറിയാമ്മ ജോർജിനോടും കുടുംബത്തോടും അറിയിച്ചു. അത്താഴ വിരുന്നോടും സമാപന പ്രാർത്ഥനയോടും കൂടി യോഗം രാത്രി ഒൻപതോടുകൂടി പര്യവസാനിച്ചു.

# ചിക്കാഗോ ക്നാനായ റീജിയൻ സെമിനാരി ഫണ്ടിലേക്ക് സംഭാവന നല്കി



എബി തെക്കനാട്ട്

മയാമി: പൗരോഹിത്യത്തെ സ്നേഹിക്കുന്ന മയാമി സെ. ജൂഡ് ഇടവകയിൽ മിഷൻ ലീഗിലെ കുഞ്ഞുമിഷനറിമാർ സമാഹരിച്ച തുക ക്നാനായ റീജിയൻ സെമിനാരി ഫണ്ടിലേക്ക് നല്കുന്നതിനായി സിഎംഎൽ കുട്ടികൾ മോൺ. തോമസ് മുളവനാലിനെ ഏല്പിച്ചു. തദവസരത്തിൽ കുഞ്ഞുങ്ങളുടെ ഈ നല്ല പ്രവൃത്തിയെ മുളവനാൽ അച്ചൻ ശ്ലാഘിക്കുകയും പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും കൂടുതൽ ദൈവവിളികൾ ഉണ്ടാകാൻ പ്രാർത്ഥിക്കണമെന്ന് മുളവനാൽ അച്ചൻ ഓർമ്മിപ്പിച്ചു.

ഇടവക വികാരി ഫാ. സജി പിണർക്കയിൽ കുട്ടികളെയും ഇതിനു നേതൃത്വം കൊടുത്തവരെയും അഭിനന്ദിച്ചു. മഞ്ജു വെളിയത്തറയിൽ, ജോസ്നി വെള്ളിയാൻ, മാത്യു പുഴിക്കനടക്കൽ, സുബി പനന്താനത്ത് തുടങ്ങിയവർ നേതൃത്വം നല്കി.

# HOUSTON KCS EXTENDS GRATITUDE FOR GENEROUS SUPPORT TO "SNEHAMANDIRAM" MISSION

Houston, TX – In the spirit of the holiday season, Houston KCS, on behalf of Bro. V.C. Raju and the Snehamandiram family mission has expressed heartfelt thanks to the community for their overwhelming generosity in supporting the destitute and underprivileged.

**Cyril Jose**

Through the Houston KCS and from the community, over $21,000 was received as a donation and delivered to Bro. Raju. These contributions will play a crucial role in bringing hope and relief to those in need, ensuring that the mission of Snehamandiram continues to make a difference.

"The kindness and compassion shown by our community are truly inspiring," said Cyril Thaiparambil, President of Houston KCS. "Your support reflects the spirit of unity and care that defines us, and we are deeply grateful for the impact these donations will have on many lives."

As the organization looks forward to ongoing collaboration, Houston KCS encourages individuals to stay connected with Bro. Raju and continue their support for this noble cause.

Bro. V.C. Raju, please contact: Phone: +91 9447463933

Houston KCS thanks everyone for their unwavering support and wishes the community peace and joy during this festive season.








# പമ്പ അസോസിയേഷന് പുതിയ ഭരണസമിതി

**സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: പെൻസിൽവേനിയയിലെ പ്രമുഖ മലയാളി സംഘടനയായ പമ്പ അസോസിയേഷൻ (പെൻസിൽവേനിയ അസോസിയേഷൻ ഓഫ് മലയാളി പ്രോസ്പിരിറ്റി ആൻഡ് അഡ്വാൻസ്മെന്റ്) പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

പമ്പ കമ്മ്യൂണിറ്റി ഹാളിൽവെച്ച് റവ. ഫിലിപ്സ് മോടയിൽ അധ്യക്ഷത വഹിച്ച പൊതു സമ്മേളനത്തിൽ ജോൺ പണിക്കർ വാർഷിക റിപ്പോർട്ടും സുമോദ് നെല്ലിക്കാല വാർഷിക കണക്കും അവതരിപ്പിച്ചു.

തുടർന്നു ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ സുധ കർത്തായുടെ നേതൃത്വത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ജോൺ പണിക്കർ (പ്രസിഡണ്ട്), ജോർജ് ഓലിക്കൽ (ജനറൽ സെക്രട്ടറി), സുമോദ് തോമസ് നെല്ലിക്കാല (ട്രഷറർ), അലക്സ് തോമസ് (വൈസ് പ്രസിഡണ്ട്), തോമസ് പോൾ (അസോസിയേറ്റ് സെക്രട്ടറി), രാജൻ സാമുവേൽ (അസോസിയേറ്റ് ട്രഷറർ), ഫിലിപ്പോസ് ചെറിയാൻ (അക്കൗണ്ടന്റ്), ജോർജ് പണിക്കർ (ഓഡിറ്റർ) എന്നിവരെ കൂടാതെ ചെയർപേഴ്സൺസ് ആയി സുരേഷ് നായർ (ആർട്സ്), സുധ കർത്താ (സിവിക് ആൻഡ് ലീഗൽ), റവ. ഫിലിപ്സ് മോടയിൽ (എഡിറ്റോറിയൽ ബോർഡ്), ജേക്കബ് കോര (ഫെസിലിറ്റി), മോഡി ജേക്കബ് (ഐറ്റി കോ-ഓർഡിനേറ്റർ), എബി മാത്യു (ലൈബ്രറി), ഈപ്പൻ ഡാനിയേൽ (ലിറ്റററി ആക്ടിവിറ്റീസ്), രാജു പി. ജോൺ (മെമ്പർഷിപ്), മോൺസൺ വർഗീസ് (ഫണ്ട് റൈസിംഗ്), ജോയ് തട്ടാരംകുന്നേൽ (ഇൻഡോർ ഗെയിംസ്), ടിനു ജോൺസൺ (യൂത്ത് ആക്ടിവിറ്റീസ്), വത്സ തട്ടാർകുന്നേൽ (വിഷ്വൽ മീഡിയ), സെലിൻ ജോർജ് (വുമൺസ് ഫോറം കോ-ഓർഡിനേറ്റർ), അലക്സ് തോമസ് (ബിൽഡിങ് കമ്മിറ്റി ചെയർമാൻ എന്നിവരെ തെരഞ്ഞെടുത്തു.







പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോൺ പണിക്കർ ഫിലാഡൽഫിയയിലെ സാമൂഹ്യ സാംസ്കാരിക സാമുദായിക മേഖലകളിലെ നിറ സാന്നിധ്യമാണ്. ഇന്ത്യൻ റെയിൽവേ കൂടാതെ അമേരിക്കൻ ആരോഗ്യരംഗത്തും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സെക്രട്ടറി ജോർജ് ഓലിക്കൽ, ട്രഷറർ സുമോദ് നെല്ലിക്കാല എന്നിവരും നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളിൽ നേതൃത്വം ഏറ്റെടുത്തു പ്രവർത്തനപരിചയമുള്ളവരാണ്.

തെരഞ്ഞെടുക്കപ്പെട്ടവരുടെ സ്ഥാനാരോഹണ ചടങ്ങും ഒഴിവുള്ള സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പും ജനുവരി നാലിനു നടത്തപ്പെടുന്ന ക്രിസ്മസ് ന്യൂ ഇയർ പ്രോഗ്രാമിൽവെച്ചു നടത്തപ്പെടുമെന്നു സംയുക്ത എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

# പുതുവത്സരസന്ദേശം

**എൽസി ബേബി**

എല്ലാ വർഷാവസാനവും ഒരു പുതുവത്സര സന്ദേശം എഴുതാറുണ്ട്. എന്നാൽ, ഈവർഷം അങ്ങനെയൊരു സന്ദേശം എഴുതാൻ മനസ്സ് വരുന്നില്ലെന്നതാണ് പരമാർത്ഥം. കാരണം 2024 അവസാനിപ്പിക്കുന്നത് മാറത്തടിച്ചു കരഞ്ഞുകൊണ്ടാണല്ലോ എന്നോർക്കുമ്പോൾ ഹൃദയം തകരുകയാണ്. ഒന്നു തിരിഞ്ഞുനോക്കിയാൽ കഴിഞ്ഞ ഒരു വർഷം സന്തോഷമുള്ള ഒരു വാർത്ത പോലും കേൾക്കാനോ അറിയുവാനോ കാണുവാനോ ഉണ്ടായിരുന്നില്ല. കോവിഡ് പോലുള്ള പല പകർച്ചവ്യാധികളാൽ കഷ്ടപ്പെടുന്ന അനേകർ, മാറാരോഗങ്ങളാലും ചികിത്സകളാലും ദാരിദ്ര്യത്താലും കഷ്ടപ്പെടുന്നവർ എത്ര! മരണവാർത്തകൾ പൂർവ്വാധികം വർദ്ധിച്ചിരിക്കുകയല്ലേ? പണ്ടൊക്കെ വാർദ്ധക്യത്തിലെത്തിയവരൊക്കെയായിരുന്നു മരണപ്പെട്ടിരുന്നത്. എന്നാൽ, ഇപ്പോൾ യാതൊരു പ്രായവ്യത്യാസവുമില്ലാതെ മരണം അനേകരെ കവർന്നുകൊണ്ടു പോകുന്ന വാർത്തകളാണ് കേൾക്കുന്നത്. അപകടമരണങ്ങളെക്കുറിച്ചു പറയാതിരിക്കുകയാണ് ഭേദം. നമ്മുടെ ഭവനങ്ങളിലും റോഡുകളിലും മറ്റും പതിയിരിക്കുന്ന ആപത്തുകളും മരണങ്ങളും മറ്റെന്തു ദുർവിധികളേക്കാളും പെരുകിയിരിക്കുന്നു. ഇവയ്ക്കെല്ലാം ഉപരിയായി ഭരണാധികാരികൾ തമ്മിലുള്ള പോർവിളികളും പോരാട്ടങ്ങളും. ഇവയ്ക്കെല്ലാം പുറമെ യുദ്ധങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, ദുരന്തങ്ങൾ എന്നുവേണ്ട യാതൊരു സമാധാനവുമില്ലാത്ത ഒരു വർഷമാണ് നാം പിന്നിട്ടുകൊണ്ട് ഒരു പുതിയ വർഷത്തിനായി കാത്തിരിക്കുന്നത്.

എന്തൊക്കെയാണ് നാം അഭിമുഖീകരിക്കാൻ പോകുന്നതെന്ന് പ്രവചിക്കാൻ പ്രയാസം. പക്ഷേ, അതിനിടയിൽ ഇത് കലിയുഗമാണെന്നും ലോകാന്ത്യമാണെന്നും വിശ്വസിക്കുന്നവരും ഉണ്ട്. ഈ വിഷയങ്ങളെക്കുറിച്ച് പല പ്രവാചകന്മാരും പ്രവചനങ്ങളും നടത്തി നടക്കുന്നുണ്ട്. പക്ഷേ, ഇവയെല്ലാം നിയന്ത്രിക്കുന്ന പരമാധികാരിയും സർവ്വശക്തനുമായ ഒരു ദൈവം ഉണ്ടെന്നും ആ ദൈവഹിതത്താലല്ലാതെയോ അറിവോടെ അല്ലാതെയോ ഒന്നും നടക്കുന്നില്ല എന്നതാകുന്നു. പിന്നെ ദൈവം എന്തുകൊണ്ടാണ് ഈ അനർത്ഥങ്ങളൊക്കെ അനുവദിക്കുന്നതെന്ന് ചോദിച്ചേക്കാം. ഇതിനുള്ള ഉത്തരം ഒന്നേയുള്ളൂ. ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു. അതായത് ദൈവകല്പന ലംഘിച്ച് പാപം ചെയ്തതിന്റെ ഫലം! ദൈവവിരോധിയായ പിശാച് ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനുമാകുന്നു. തന്ത്രശാലിയും വഞ്ചകനുമായ പിശാച് തന്റെ വഞ്ചനയാൽ മനുഷ്യരെ ദൈവത്തിനു വിരോധമായി, ദൈവകല്പന ലംഘിച്ച് പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തേക്കാൾ അധികമായി പിശാചിന്റെ ഭോഷ്ക്കിൽ വിശ്വസിച്ച് പാപം ചെയ്യുന്നതിന്റെ തിക്തഫലങ്ങളാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്ന അകൃത്യങ്ങളും അധർമ്മങ്ങളും. ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് ദൈവവുമായുള്ള സൗഹൃദം പുലർത്തി, ദൈവത്തെ സ്നേഹിച്ചും ദൈവത്താൽ സ്നേഹിക്കപ്പെട്ടും ദൈവത്തെ ആരാധിച്ചും വന്ദിച്ചും ഒരു സന്തുഷ്ടജീവിതം നയിക്കാനാകുന്നു. പക്ഷേ, മനുഷ്യർ ഇഷ്ടപ്പെടുന്നതും പ്രവർത്തിക്കുന്നതും ദൈവത്തിനു വിരോധമായിട്ടാകുന്നു. നന്മയേക്കാൾ തിന്മയെ സ്നേഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രവണതയാണ് മനുഷ്യർക്കുള്ളത്. പരിശുദ്ധനായ ദൈവം അശുദ്ധിയെ ഇഷ്ടപ്പെടുന്നില്ല. പാപത്തിനു ശിക്ഷ വിധിക്കുക തന്നെ ചെയ്യും. അതിനു ദൈവത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. തിരുവചനത്തിൽ ദൈവം നല്കിയിരിക്കുന്ന മുന്നറിയിപ്പ്: "അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളും ആയി ദൈവപ്രിയമില്ലാതെ, ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക!" ഇത് ദൈവം തന്റെ തിരുവചനത്തിലൂടെ നല്കിയിട്ടുള്ള മുന്നറിയിപ്പാകുന്നു. ഇന്നു നമ്മുടെ ചുറ്റും കണ്ണോടിച്ചാൽ മിക്ക ഭവനങ്ങളിലും സമൂഹങ്ങളിലും എത്രയോ പ്രത്യക്ഷമായി കണ്ടുവരുന്ന കാര്യങ്ങളാണ് മേലുദ്ധരിച്ചത്.



ലേഖിക

അതേസമയം ദൈവത്തെ ഭയപ്പെട്ട് ദൈവകല്പനകൾ പ്രമാണിച്ച് സൽപ്രവൃത്തികൾ ചെയ്ത് പ്രാർത്ഥിച്ചും ആരാധിച്ചും ജീവിക്കുന്നവർക്ക് ഈ ലോകത്തിൽ കഷ്ടതകൾ ഉണ്ടാകുമെങ്കിലും ദിവ്യസമാധാനമുള്ളവരായി ജീവിച്ച് നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിക്കുവാൻ അവസരം തന്നിട്ടുണ്ട്. അതോർത്ത് നന്ദിയുള്ളവരായി ജീവിക്കാം. 2024 കഴിഞ്ഞുപോയി. ഇനി അതൊന്നും ഓർത്തു ദുഃഖിച്ചതുകൊണ്ട് കാര്യമില്ല. നമുക്കൊരു ലക്ഷ്യമുണ്ടായിരിക്കണം. അത് മുന്നിൽക്കണ്ട് പുതിയ വർഷത്തിലേക്ക് കാലെടുത്തു വെക്കാം. ഈ ലോകവും അതിലുള്ളതൊക്കെയും നശിക്കും. ലോകരാഷ്ട്രങ്ങൾ അണുബോംബുമായി കാത്തിരിക്കുകയാണ്.

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 85.53 |
| യൂറോ | 89.33 |
| സ്റ്റെർലിംഗ്പൗണ്ട് | 107.76 |
| സ്വിസ് ഫ്രാങ്ക് | 94.83 |
| സിംഗപ്പൂർ ഡോളർ | 63.08 |
| കനേഡിയൻ ഡോളർ | 59.50 |
| ഒമാൻ റിയാൽ | 222.15 |
| ബഹ്റൈൻ ദിനാർ | 226.83 |
| സൗദി റിയാൽ | 22.78 |
| യു.എ.ഇ. ദിർഹം | 23.29 |
| കുവൈത്ത് ദിനാർ | 277.66 |

**മഞ്ജുളചിന്തകൾ**

# വിപിനചന്ദ്രികാന്യായം



**പാസ്റ്റർ ജോൺസൺ സഖറിയ**

ആണ്ടിന്റെ ആരംഭത്തിൽ തന്നെ ശേഷിക്കുന്ന ആയുസ് സത്യത്തിനും ശ്രേഷ്ഠമായതിനും നീതിക്കും ന്യായത്തിനും നിർമ്മലമായ കാര്യങ്ങൾക്കും അഭിരാമമായതിനും ദുഷ്കീർത്തിയായതു വരാതെ സൽഗുണപ്രിയരായി യോഗ്യമായതൊക്കെയും ചെയ്ത് എവിടെയും യോഗ്യന്മാരായി ജീവിക്കുവാൻ ആഗ്രഹിക്കുന്നതും മാത്രമല്ല, അതിനായി തീരുമാനിച്ച് അതിൽത്തന്നെ ഉറച്ചുനിന്നു പ്രവർത്തിക്കുന്നതിനുമുള്ള സമർപ്പണം നമുക്കേവർക്കും അത്യാവശ്യമായിരിക്കുന്നു. സംഭവബഹുലമായ ഇക്കഴിഞ്ഞ വർഷവും നമ്മേ ജയോത്സവമായി പരിപാലിച്ച ദൈവത്തോട് നാം എത്രയധികം കടപ്പെട്ടിരിക്കുന്നു! കൂടാതെ നമുക്ക് സഹായമായിരുന്ന ആരൊക്കെയുണ്ടോ അവരോടെല്ലാം നാം നന്ദിയുള്ളവരല്ലേ? ആത്മാർത്ഥത ഒട്ടുമേയില്ലാതെ കാര്യങ്ങൾ നേടിയെടുക്കുവാൻ നമ്മോട് ചങ്ങാത്തം അഭിനയിച്ച പലരേയും നാം കഴിഞ്ഞ ആണ്ടിലും കണ്ടിട്ടുണ്ടായിരിക്കും. എന്നാൽ, ഒട്ടും പ്രതിഫലം നോക്കാതെ ചുരുക്കം ചില അഭ്യുദയകാംക്ഷികൾ ഇന്നും നമ്മുടെ നന്മയ്ക്ക് വേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നുണ്ടെന്നുള്ള സത്യം മറക്കാതിരിക്കുക.

അന്യായങ്ങളെ ന്യായീകരിച്ചും വാദിച്ചും ന്യായങ്ങളാക്കാൻ ബദ്ധപ്പെടുന്നവരെ നിങ്ങൾ അടുത്തകാലത്തെന്നെങ്കിലും കണ്ടിട്ടോ? സാദ്ധ്യതകൾ കുറവാണ്. കാരണം, അധികംപേരും സ്വയം കാണുന്നില്ലല്ലോ! നാം ചിന്തിച്ചിട്ടുണ്ടോ, ഞാൻ എന്തിനാണ് അത്രയും വിദ്യാസമ്പന്നൻ ആയത്? അനേക ലക്ഷങ്ങളുടെ അധിപതിയായത്? എന്നെപ്പോലെ വാക്സാമർത്ഥ്യം മറ്റു പലർക്കും ഇല്ലെന്ന് സ്വയം അഭിമാനിക്കുമ്പോഴും ഏതെങ്കിലും എന്റെ വാക്കുകൾ ആർക്കെങ്കിലും ആശ്വാസമായി ഭവിച്ചിട്ടുണ്ടോ? പകരം എത്രയോ അവസരങ്ങൾ നമ്മുടെ വാക്കുകൾ കോടാലികളായി മറ്റുള്ളവരുടെമേൽ പതിച്ചിരിക്കുന്നു? എത്രയോനിരപരാധികൾ അതിനാൽ സംഭവിച്ച മാനഹാനി നിമിത്തം അർഹമായ പലതും വേണ്ടാന്നുവെച്ചും ഒറ്റപ്പെട്ടും കഴിഞ്ഞിട്ടും അതിൽ അഭിമാനംകൊള്ളുന്ന ഈ 'കോടാലിവാഹികൾ' നക്ഷത്രങ്ങളും മറ്റും കെട്ടിത്തൂക്കിയനന്തരം 'ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനമെന്നു' വിളിച്ചു കൂവുന്നത് കേൾക്കുമ്പോൾ പലരുടെയും ഉള്ള സന്തോഷം കൂടെ നഷ്ടപ്പെടുകയാണോ?

ഇന്നത്തെ മഞ്ജുളചിന്തയുടെ ശീർഷകം അതാണ് ഉദ്ദേശിക്കുന്നത്. കാട്ടിൽ നിലാവ് ഉദിച്ചാൽ ആർക്കെന്തു പ്രയോജനം എന്നാണ് 'വിപിന ചന്ദ്രികാന്യായം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കാനനജീവികൾക്ക് നിലാവ് എത്രമാത്രം ആഹ്ലാദകരമായിരിക്കും എന്നത് വിശദീകരിക്കുവാൻ ഞാൻ പ്രാപ്തനല്ല. എന്നാൽ, നാട്ടിൽ നിലാവ് ഉദിച്ചാൽ അത് മാനം മര്യാദയ്ക്ക് ജീവിക്കുന്ന ഏവർക്കും ആഹ്ലാദമാണ്. അപ്പോൾത്തന്നെ ആസ്വാദ്യവുമാണ്. സുന്ദരവസ്തുക്കൾ പ്രയോജനമില്ലാതെ പോകുന്നുയെന്നും ഈ ചിന്തയ്ക്ക് അർത്ഥമുണ്ട്. കേട്ടിട്ടില്ലേ 'കുരങ്ങന്റെ കൈയിൽ കിട്ടിയ പൂമാല പോലെ.'

പലരും സമർത്ഥരോ സമ്പന്നരോ ആയിട്ടും സഹൃദയരല്ലാത്തതിനാൽ വനത്തിൽ ഉദിച്ച നിലാവിന് സമാനം തന്നെ. ആർക്കും ഒരു പ്രയോജനവുമില്ല. ഇനിയെങ്കിലും ഒരു ചെറിയ ഫ്ളാഷ് (ടോർച്ച്) ലൈറ്റായിട്ടെങ്കിലും മാറിയിരുന്നെങ്കിൽ! ഫ്യൂസാകുന്നതിനെ മുന്നമേ നമുക്ക് ഒന്ന് പ്രകാശിക്കാം. മറ്റുള്ളവർക്കും കൂടി പ്രയോജനമുള്ളവരായിത്തീരാം. നവവത്സരത്തിൽ ആരുടെമേലും നുകം വെക്കാതെ നമ്മുടെ വാക്കും നാക്കും ആശ്വാസമായി തീരട്ടെ. ഏവർക്കും നിലാവ്നിറഞ്ഞ നവവത്സരം!



# ശക്തനായവൻ വലിയവ ചെയ്തിരിക്കുന്നു

ഏലിയാമ്മ ലൂക്കോസ്

പുതുവർഷത്തിലേക്ക് നാം കാലുകൾ വെക്കുകയാണ്. യേശുവിന്റെ അമ്മ മറിയ ഗബ്രിയേൽ ദൂതന്റെ വാക്കുകേട്ട് ആദ്യം ഞെട്ടിയെങ്കിലും യേശുരക്ഷകനു ജന്മമേകാൻ തന്നെ ദൈവം തെരഞ്ഞെടുത്തുവെന്ന സദ്വാർത്തയിൽ സന്തോഷിക്കുകയും ദൈവകരങ്ങളിൽ താഴ്ത്തി ഏല്പിക്കുകയും ചെയ്തു. ന്യായപ്രമാണം അറിയുന്ന ബേദ്‌ലഹേമിലെ പല പെൺകുട്ടികളും ഈ പദവി ആഗ്രഹിച്ചിരുന്നു. നസ്രേത്തിൽ നിന്ന് ഒരു പെൺകുട്ടിയെ തെരഞ്ഞെടുത്തത് അത്ഭുതകാര്യമാണ്. ബേദ്‌ലഹേമിൽ യേശു ജനിക്കുമെന്ന് പ്രവചിച്ചിരിക്കെ നസ്രേത്തുകാരിയായ മറിയയിൽ ഈ ഭാഗ്യം വന്നുകയറി. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ. മറിയയെ പ്രസവസമയത്ത് ബേദ്‌ലഹേമിൽ എത്തിക്കാനുള്ള പദ്ധതികൾ ദൈവം ഒരുക്കി. ദൂതു കേട്ട മറിയ ദൈവത്തെ സ്തുതിച്ചു പാടുമ്പോൾ ചൊല്ലിയ ഒരു വാചകമാണ് 'ശക്തനായവൻ എനിക്ക് വലിയവ ചെയ്തിരിക്കുന്നു.'

ഈ പുതുവത്സരത്തിലേക്ക് പ്രവേശിക്കാൻ ഭാഗ്യം ലഭിച്ച നമുക്കും അങ്ങനെ പാടാം. കാരണം അനേക ശക്തന്മാർ, ഭക്തന്മാർ, വമ്പന്മാർ, ശ്രേഷ്ഠന്മാർ ഈ ഭൂമിയിൽനിന്നു മാറ്റപ്പെട്ടപ്പോൾ നമ്മെ ശേഷിപ്പിച്ചതിന് ദൈവത്തിനു സ്തുതിപാടാം. നമ്മുടെ ഓരോ കാൽവെപ്പും ദൈവത്തോടു കൂടെയായിരിപ്പാൻ ശ്രമിക്കാം. നമ്മെ ഈ ഭൂമിയിൽ ആക്കിവെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ഭയത്തോടെ പ്രവാസക്കാലം കഴിക്കാം. 2024 സംഭവബഹുലമായിരുന്നു. വളരെ പ്രിയപ്പെട്ടവർ നമ്മെ വിട്ടുപോയി. പല യുദ്ധങ്ങളും നാം കണ്ടു, കണ്ടുകൊണ്ടിരിക്കുന്നു. ഇന്നലെകൾ നീങ്ങിപ്പോയി, നാമിന്നിൽ ആയിരിക്കുന്നു. നാളെകൾ നമ്മെ മാടിവിളിക്കുന്നു. ഇന്നലെത്തെ പരാജയങ്ങൾ മറക്കാം, മുറിവുകൾ എണ്ണി നോക്കിനില്പാൻ നമുക്ക് സമയമില്ല. അതിന്റെ വേദനകളുടെ നടുവിലും മുന്നോട്ടു നോക്കി ഓടാം. സാക്ഷികളുടെ വലിയ സമൂഹം നമ്മുടെ ചുറ്റുമുണ്ട്. ലോകത്തിനു വലിയവലിയ സംഭാവനകൾ ചെയ്ത വിശുദ്ധന്മാരും വിശുദ്ധമതികളും ശ്രേഷ്ഠന്മാരും ശാസ്ത്രജ്ഞരും ഉണ്ടായിട്ടുണ്ട്. നാടിന് നന്മ ചെയ്തവർ, ഭവനത്തെ സ്വർഗ്ഗഭവനമാക്കിയവരുമുണ്ട്. അത്രയൊന്നും ആയില്ലെങ്കിലും മിന്നാമിനുങ്ങിനെപ്പോലെ അല്പം വെളിച്ചം ഭവനത്തിലും ചുറ്റുപാടും പരത്തുവാൻ നമുക്കും കഴിയില്ലേ?

നാം ജനിച്ചപ്പോൾ കരഞ്ഞുകൊണ്ടു വന്നു, ചുറ്റും നിന്നവർ സന്തോഷിച്ചു. നാം മരിക്കുമ്പോൾ സന്തോഷത്തോടെ, സംതൃപ്തിയോടെ അക്കരയ്ക്കു പോകണം, ചുറ്റുപാടുമുള്ളവർ കരയണം. എല്ലാവരെയും സ്നേഹിപ്പാൻ, ആവോളം സഹായിപ്പാൻ നമുക്കു കഴിയണം. അത് ഇന്നുതന്നെ ചെയ്തു തുടങ്ങണം. നാളെ നമുക്കുണ്ടോ, ആർക്കറിയാം. 'ഈ എളിയവരിൽ ഒരുവനോട് ചെയ്യുന്നത് എന്നോടാണെന്ന്' ദൈവം പറയുന്നു. വിശ്വാസവും ഉന്നത ദർശനങ്ങളുമാകുന്ന അടിസ്ഥാനത്തിന്മേൽ സ്നേഹവും വിനയവുമാകുന്ന കല്ലും സിമന്റുമുപയോഗിച്ച് നവവത്സര മന്ദിരം പടുത്തുയർത്തുക. പ്രതിഫലേച്ഛാ രഹിതമായ സേവനമായിരിക്കട്ടെ ഈ പുതിയ മന്ദിരത്തിന്റെ അലങ്കാരം. ഇങ്ങനെയുള്ള മന്ദിരം എത്ര വലിയ കൊടുങ്കാറ്റടിച്ചാലും പാറമേൽ പടുത്തുയർത്തുന്ന ഭവനംപോൽ ഉറച്ചുനിൽക്കും. ക്രിസ്തുവാകുന്ന പാറമേൽ പണിയപ്പെട്ട മണിമന്ദിരം!



ലേഖിക

ഈ പുതുവർഷത്തിൽ നാം പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചേക്കാം. നന്മയാകാം, തിന്മയാകാം. വളരെ പ്രതീക്ഷയോടെ ഞാൻ അമേരിക്കയിൽ വന്നു. എന്റെ സഹോദരങ്ങൾ നാട്ടിലുണ്ട്. ഇവിടെ എന്റെ രക്തബന്ധത്തിൽ ആരുമില്ല. സമയത്തു തന്നെ സിറ്റിസൺ ആയി. ആരെയും ഫയൽ ചെയ്യുവാൻ സാഹചര്യം അനുവദിച്ചില്ല. വിസിറ്റിങ്ങിൽ അമ്മച്ചിയേയും രണ്ട് സഹോദരന്മാരെയും കൊണ്ടുവന്നു. പിന്നീട് പലരും വന്നു. കേവലം പത്തു മാസം ഇവിടെ പാർത്തവർ മരിക്കുന്നെങ്കിൽ നാട്ടിൽ കിടന്നാകട്ടെയെന്നു പറഞ്ഞു അമേരിക്ക വിട്ടു. നമ്മുടെ ആഗ്രഹങ്ങൾ ഒന്ന്. മറ്റൊന്ന് സംഭവിക്കുന്നു. കോവിഡ് എന്ന മഹാമാരിയിൽ നാമാരും മുങ്ങിപ്പോകാതെ ദൈവം കാത്തതിന് നന്ദി. നാം ചെയ്യേണ്ടത് തക്ക സമയത്തു ചെയ്താൽ തക്ക പ്രതിഫലം കിട്ടും. സംഭവിക്കേണ്ടത് സംഭവിക്കുക തന്നെ ചെയ്യും.

2025 അനുഗ്രഹത്തിന്റെ വർഷമായിത്തീരാൻ നമുക്കു പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, അദ്ധ്വാനിക്കാം. നന്ദി പറയേണ്ടവരോട് നന്ദി പറയാൻ മറക്കരുത്. പിന്നിലുള്ളത് മറന്ന് മുമ്പിലുള്ള ലക്ഷ്യത്തിലേക്ക് ഓടാം.

കേരളാ എക്സ്പ്രസ്സിനോട് എനിക്ക് നന്ദിയും കടപ്പാടുമുണ്ട്. ഈപ്പച്ചായൻ, അജിത് ഈപ്പൻ, അനീഷ്, ജോസ് കണിയാലി, മറ്റുള്ള ഇതിലെ ഭാരവാഹികൾ എല്ലാവർക്കും നന്ദി. നിങ്ങളുടെ സേവനങ്ങൾ അനേകർക്ക് ഒരു മുതൽക്കൂട്ടാണ്. ഈ പത്രത്തിന്റെ നിലവാരം വീണ്ടും ഉയരുവാൻ ദൈവം ഇടയാക്കട്ടെ. പുതുവത്സരാശംസകൾ നേരുന്നു.

# മാപ്പിന് പുതിയ ഭരണസമിതിയായി

ഫിലാഡൽഫിയ: അമേരിക്കയിലെ ഏറ്റവും പഴക്കംചെന്നതും ശക്തവുമായ അസോസിയേഷനുകളിൽ ഒന്നായ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ (മാപ്പ്) അതിന്റെ 2025-ലെ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. 2022-ൽ പാസാക്കിയ ഭരണഘടനാ ഭേദഗതി അനുസരിച്ച് ഇത്തവണ നോമിനേഷൻ പ്രക്രിയയിലൂടെ ഒഴിവുവന്ന എല്ലാ സ്ഥാനങ്ങളിലേക്കും അപേക്ഷ സ്വീകരിച്ചു. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസമായിരുന്ന നവംബർ 9-ന് ശനിയാഴ്ചയ്ക്കുശേഷം നവംബർ 17-ന് ഞായറാഴ്ച വൈകുന്നേരം 5-ന് ഇലക്ഷൻ കമ്മീഷണേഴ്സ് വിജയികളെ മാപ്പിന്റെ ഓഫീസിൽ വെച്ച് പ്രഖ്യാപിക്കുകയായിരുന്നു.

റോജീഷ് സാം സാമുവൽ

എതിരില്ലാതെയാണ് എല്ലാ സ്ഥാനാർത്ഥികളും തെരഞ്ഞെടുക്കപ്പെട്ടത്. തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് നേതൃത്വം നല്കിയത് തോമസ് ചാണ്ടി, അലക്സ് അലക്സാണ്ടർ, ജോൺ സാമുവൽ എന്നീ ഇലക്ഷൻ കമ്മീഷണർമാരാണ്.

2025-ലെ മാപ്പിന്റെ പുതിയ ഭാരവാഹികൾ: പ്രസിഡണ്ട്-ബെൻസൺ വർഗീസ് പണിക്കർ, വൈസ് പ്രസിഡണ്ട് -കൊച്ചുമോൻ വയലത്ത്, ജനറൽ സെക്രട്ടറി-ലിജോ പി. ജോർജ്, സെക്രട്ടറി-എൽദോ വർഗീസ്, ട്രഷറർ-ജോസഫ് കുരുവിള (സാജൻ), അക്കൗണ്ടന്റ്-ജെയിംസ് പീറ്റർ.

ബിഒടി അംഗങ്ങളായി അനു സ്കറിയ, ബിനു ജോസഫ്, ശാലു പുന്നൂസ്, തോമസ് ചാണ്ടി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

ചെയർപേഴ്സൺസായി അഷിത ശ്രീജിത് (ആർട്സ്), സന്തോഷ് ഫിലിപ്പ് (സ്പോർട്സ്), സജി വർഗീസ് (യൂത്ത്), റോജീഷ് സാം സാമുവൽ (പബ്ലിസിറ്റി ആൻഡ് പബ്ലിക്കേഷൻ), ഫെയ്ത് മരിയ എൻദോ (എഡ്യൂക്കേഷൻ ആൻഡ് ഐടി), ഫിലിപ്പ് ജോൺ (മാപ്പ് ഐസിസി), ലിബിൻ പുന്നശ്ശേരി (ചാരിറ്റി ആൻഡ് കമ്യൂണിറ്റി), ജോൺസൻ മാത്യു (ലൈബ്രറി),




(ശേഷം 30-ാം പേജിൽ)



# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ലോകോത്തര ശക്തിയാക്കി മാറ്റിയ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്

**സതീശൻ നായർ**

പ്രതിസന്ധികളിലൂടെ ഇഴഞ്ഞു നീങ്ങിയ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ അടിമുടി മാറ്റിക്കൊണ്ട് ലോകത്തെ ആദ്യ അഞ്ചു സാമ്പത്തിക ശക്തികളിൽ ഒന്നാക്കി വളർത്തിയെടുത്ത ഒരു സാമ്പത്തിക വിദഗ്ദ്ധനായിരുന്നു ഡോ. മൻമോഹൻ സിങ്. ഇന്ത്യൻ വിപണി ലോകത്തിനു മുമ്പാകെ തുറന്നുകൊടുത്ത വിപ്ലവകരമായ ഒരു ബജറ്റ് അവതരിപ്പിച്ച ഒരു ധനമന്ത്രിയായിരുന്നു ഡോ. സിങ്. 2004 മുതൽ പത്തു വർഷക്കാലം പ്രധാനമന്ത്രിയായിരുന്ന ഡോ. സിങ് ലോകമറിയപ്പെടുന്ന ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ കൂടിയായിരുന്നു. സാമ്പത്തിക വിഷയങ്ങളിൽ കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ ഏതൊരു നേതാവിനും ഏതു സമയത്തും ആശ്രയിക്കാമായിരുന്ന ഉപദേഷ്ടാവ് കൂടിയായിരുന്നു ഡോ. സിങ്.

പഠനത്തിനുശേഷം ഐക്യരാഷ്ട്ര സംഘടനയിൽ പ്രവർത്തിക്കുന്നതിനിടെയാണ് ഡോ. സിങ്ങിനെ വാണിജ്യ വ്യവസായ വകുപ്പിൽ ഉപദേശകനായി നിയമിക്കുന്നത്. ഇരുപതു വർഷക്കാലം സർക്കാരിന്റെ പല സ്ഥാനമാനങ്ങളും അദ്ദേഹം വഹിച്ചിരുന്നു. 1971-ൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഉപദേഷ്ടാവ്, 1972-ൽ ചീഫ് എക്കണോമിക് അഡ്വൈസർ, 1976-ൽ റിസർവ് ബാങ്ക് ഡയറക്ടർ, 1982-ൽ റിസർവ് ബാങ്ക് ഗവർണർ, 1985-ൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ ചെയർമാൻ, 1991-ൽ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് അതോടൊപ്പം യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ ചെയർമാൻ, ഇതോടൊപ്പം തന്നെ ലോക വ്യാപാര സംഘടനയിലും ലോകബാങ്കിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. യുജിസി ചെയർമാനായിരിക്കുമ്പോഴാണ് അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവു തന്റെ മന്ത്രിസഭയിലേക്ക് മൻമോഹൻ സിങ്ങിനെ ക്ഷണിക്കുന്നത്.

ധനമന്ത്രിയായതിനു ശേഷമാണ് അദ്ദേഹം രാജ്യസഭയിലൂടെ അസാമിൽ നിന്നുമുള്ള പാർലമെന്റ് അംഗമായത്. ഉദാരവത്കരണം ആദ്യമായി നടപ്പാക്കുവാൻ തീരുമാനമുണ്ടായത് അദ്ദേഹം ധനമന്ത്രിയായിരിക്കുമ്പോഴാണ്. പക്ഷേ, അത് പ്രശംസയേക്കാളേറെ വിമർശനങ്ങൾക്കാണ് വഴിതുറന്നത്. യാതൊരു രാഷ്ട്രീയ പാരമ്പര്യവുമില്ലാത്ത ഒരു സാമ്പത്തിക ശാസ്ത്ര



ജ്ഞന് രാജ്യത്തെ സുപ്രധാന പദവി നല്കിയതിൽ ഒട്ടേറെ വിമർശനങ്ങളുണ്ടായി. ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണെന്നു വരെ ജനം പരിഹസിച്ചു. പക്ഷേ, അതിനുശേഷം ചുമതലയേറ്റെടുത്ത ധനമന്ത്രിമാരെല്ലാം അദ്ദേഹത്തിന്റെ പാത പിന്തുടർന്ന് ഉദാരവത്കരണം ശക്തമാക്കുകയാണുണ്ടായതെന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

വലിയ രാഷ്ട്രീയ നാടകത്തിനൊടുവിൽ 2004-ൽ യുപിഎ സർക്കാരിന്റെ പ്രധാനമന്ത്രിയായി അദ്ദേഹം അധികാരമേറ്റെടുത്തു. സോണിയ ഗാന്ധിയെയായിരുന്നു പ്രധാനമന്ത്രിയായി ആദ്യം കോൺഗ്രസ് പ്രവർത്തകരും സഖ്യകക്ഷികളും ഒന്നടങ്കം നിർദ്ദേശിച്ചത്. പക്ഷേ, ഒരു വിദേശവനിത പ്രധാനമന്ത്രിയാകുവാൻ അനുവദിക്കില്ലെന്ന നിലപാടിൽ ബിജെപി രാജ്യവ്യാപകമായി പ്രതിഷേധിച്ചു. തന്റെ പേരിൽ രാജ്യത്ത് ഒരു കലാപവും ഭിന്നിപ്പും ഉണ്ടാകാതിരിക്കുവാൻ സോണിയാജി പ്രധാനമന്ത്രി സ്ഥാനത്തേക്ക് താനില്ലെന്ന് ശക്തമായ നിലപാടെടുത്തു. അഴിമതി വീരന്മരായ മന്ത്രിമാരും നേതാക്കന്മാരുമൊക്കെ രാജിവെച്ചൊഴിയുവാൻ വിസമ്മതിക്കുന്ന ഈ ഘട്ടത്തിൽ സമ്മർദ്ദങ്ങളെ അതിജീവിച്ച് പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ച സോണിയ ഗാന്ധിയുടെ തീരുമാനം പ്രശംസനീയമായിരുന്നു.

സോണിയ ഗാന്ധിക്കു പകരം മറ്റാരെന്ന ചോദ്യത്തിനു മൻമോഹൻ സിങ് എന്ന ഒരുത്തരമേയുണ്ടായുള്ളൂ. ഇടതുപക്ഷംപോലും അദ്ദേഹത്തെ പിന്തുണച്ചു. പേരിനും പ്രശസ്തിക്കും വേണ്ടി അദ്ദേഹം ഇക്കാലമത്രയും ഒന്നും ചെയ്തിരുന്നില്ല. സർക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളും പദ്ധതികളുമൊക്കെ തന്റെ പേരിൽ അറിയപ്പെടേണ്ടെന്ന് നിർബന്ധമുണ്ടായിരുന്ന ഒരേയൊരു പ്രധാനമന്ത്രിയായിരുന്നു ഡോ. മൻമോഹൻ സിങ്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു ഭരണാധികാരി എന്താണോ ചെയ്യേണ്ടത് അതു കൃത്യമായി പരിപാലിച്ചുവന്ന പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. മോഹനവാഗ്ദാനങ്ങൾ നല്കി ജനങ്ങളെ കൈയിലെടുക്കുവാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിട്ടില്ല. കാരണം അദ്ദേഹം അധികാരമോഹിയായ ഒരു രാഷ്ട്രീയക്കാരനായിരുന്നില്ല. എതിരാളികൾക്കെതിരെ അദ്ദേഹം നടത്തിയിട്ടുള്ള രാഷ്ട്രീയ വിമർശനങ്ങൾക്കുപോലും ഒരു മാന്യതയുണ്ടായിരുന്നു. കോൺഗ്രസ് പാർട്ടിയുടെ ആഭ്യന്തര പ്രശ്നങ്ങളിൽ പോലും മൻമോഹൻ സിങ്ങിന്റെ പേര് ഉയർന്നുവന്നിട്ടില്ല.

ഇന്ത്യൻ സമ്പദ്ഘടനയുടെ ശില്പിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അതുല്യമായ ജ്ഞാനവും വിനയവും രാജ്യത്തിന്റെ സമ്പദ്ഘടനയിൽ ഒട്ടേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് മൻമോഹൻ സിങ് നല്കിയ സംഭാവനകൾ മറക്കാനാവുന്നതല്ല.

അദ്ദേഹത്തിന്റെ വേർപാട് ഇന്ത്യക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസിനും തീരാനഷ്ടമാണ്. ഒട്ടും രാഷ്ട്രീയക്കാരനല്ലായിരുന്ന ആ നീലത്തലപ്പാവുകാരൻ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതി നിർണ്ണയിച്ചു. തകരാറിലായിരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തി. ഒച്ചപ്പാടുകളും അവകാശവാദങ്ങളുമൊന്നുമില്ലാതെ അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു പോയി. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ കേരള ഘടകത്തിന്റെ ആദരാഞ്ജലികൾ അദ്ദേഹത്തിന് അർപ്പിക്കുന്നു.

**സതീശൻ നായർ**

**പ്രസിഡണ്ട്, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി)**

**കേരളാ ചാപ്റ്റർ**

# IOCUSA CONDOLES THE PASSING AWAY OF FORMER PRIME MINISTER DR. MANMOHAN SINGH

**George Abraham**

New York: 'India has lost a great statesman, a man of immense intellect with incredible humility,' said George Abraham, Vice-Chair of the Indian Overseas Congress, USA, condoling the passing away of the former Prime Minister Dr. Manmohan Singh. "He will be fondly remembered for his outstanding contributions to India's economic and social development."

Dr. Manmohan Singh was the Chief Architect of India's new economy. He has taken a centrally planned, inward-looking, public sector-centered economy and reversed its direction. What he has accomplished is just phenomenal. This dramatic change paints a picture of a man who is some sort of a revolutionary. If India has entered the 21st century, Dr. Manmohan Singh has much to do with it.

In addition, during his tenure as the Prime Minister of India, he was instrumental in establishing policies that lifted more than 20 crores of people above the poverty level, as per the World Bank report. IOCUSA expresses our sincere condolences to the family and the nation.



# ഡാളസ് സെന്റ് അൽഫോൻസാ ചർച്ചിന്റെ ധനസഹായം കേരളത്തിലെ വിവിധ കാരുണ്യ പദ്ധതികൾക്ക്

**ബിനോയി സെബാസ്റ്റ്യൻ**

ഡാളസ്: കോപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തലിക് ദേവാലയത്തിലെ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചു സമാഹരിച്ച ധനസഹായം ചി



ക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് കേരളത്തിലെ കപ്പൂച്ചിൻ സഭാംഗമായ ഫാ. ടോം കണ്ണന്താനത്തിനും സിഎംഐ സഭാംഗമായ ഷിജോ ചുരക്കലിനും ഇർവിംഗ് ഇൻഡ്യ വൺ ഓവൺ കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ കൈമാറി.

ഇടുക്കിയിൽ ഫാ. ജിജോ കുര്യന്റെ നേതൃത്വത്തിൽ ഭവനരഹിതർക്കായി നടത്തുന്ന നാടുകാണി ഭവനദാന പദ്ധതിക്കായും പാലക്കാട് പാലന ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടക്കുന്ന ഡയാലിസിസ് സെന്ററിനുവേണ്ടിയും അമ്പതുലക്ഷം രൂപയുടെ ചെക്കാണ് കൈമാറിയത്. ഇതോടൊപ്പം വൈദികവിദ്യാർത്ഥികളുടെ പഠന സഹായവും കൈമാറി.

ആധുനിക കാലഘട്ടത്തിൽ ദേവാലയങ്ങളിലെ ആഘോഷങ്ങളിൽ മാത്രമൊതുങ്ങി നിൽക്കുന്ന ഇടവക പെരുന്നാളുകൾക്ക് വിശുദ്ധ അൽഫോൻസാമ്മയുടെ ഈ തിരുനാൾ ഒരു മാതൃകയാകണമെന്ന് മാർ ജോയ് ആലപ്പാട്ട് അഭിപ്രായപ്പെട്ടു. എഴുപത്തിരണ്ടു സഭാംഗങ്ങൾ സംയുക്തമായി ചേർന്നു നേതൃത്വമേകിയ തിരുനാളിന്റെ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിച്ചത് ജോജോ കോട്ടയ്ക്കലും അജോമോൻ ജോസഫുമാണ്.



# SEEKING BRIDEGROOM

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Knanaya catholic parents seeking a suitable alliance for their daughter. She is a well educated, professionally established one. Born in Kerala and settled in U S A, (citizen). Age: 36 years, (August 19). Marital status: Divorce. (No children). Height. 5.4" Seeking alliance from Kna Catholic or Kna Jakobite boys from US. Phone: **1 630 788 2132.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the

# SEEKING BRIDE

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

## SEEKING BRIDEGROOM CONTD.....

US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# നിര്യാതരായി

## ജോർജ് ജോസഫ്

**തോട്ടയ്ക്കാട്:** ആനാറ്റിൽ പുത്തൻപുരയിൽ ജോർജ് ജോസഫ് (ജോർജുകുട്ടി-86) അന്തരിച്ചു. ഭാര്യ പുതുക്കരി പയറ്റുതറയിൽ ത്രേസ്യാമ്മ. മക്കൾ: സുരേഷ് (ആനാട്ടിൽ മോട്ടേഴ്സ്, എംഎംപി കേബിൾവിഷൻ),സ്വപ്ന, സുഭാഷ് (യുഎസ്), പരേതനായ തോമസുകുട്ടി. മരുമക്കൾ: ജൂബി ശ്രാമ്പിക്കൽ മാമ്മൂട്, ബെസ്റ്റിൻ ഇടപ്പാടിയിൽ പൈക, ബ്ലസി പുഞ്ചമണ്ണിൽ തിരുവാങ്കുളം (യുഎസ്).

**ഏരൂർ:** അവന്തീസ് ഫാർമ റിട്ട. ഉദ്യോഗസ്ഥൻ തണ്ടാശേരിൽ പി.ആർ. ജോസഫ് (റെജി-68) അന്തരിച്ചു.

**ചങ്ങനാശേരി:** സിഎംഐ തിരുവനന്തപുരം സെ. ജോസഫ് പ്രോവിൻസ് അംഗവും ചെത്തിപ്പുഴ സാൻജോ ഭവനാംഗവും മാന്നാനം കെ.ഇ. കോളജ് മുൻ പ്രിൻസിപ്പലുമായിരുന്ന ഫാ. തോമസ് വെമ്പാല (90) അന്തരിച്ചു.

## മറിയാമ്മ ജോസഫ്

**വടക്കേക്കര:** മാരേട്ട് പുതുപ്പറമ്പിൽ പരേതനായ ജോസഫിന്റെ ഭാര്യ മറിയാമ്മ ജോസഫ് (തങ്കമ്മ-91) അന്തരിച്ചു. കുരിശുമ്മൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ കുര്യച്ചൻ, അലക്സ്, സാബു (ദുബായ്), സെലിൻ, ഓമന, ജാൻസി. മരുമക്കൾ: മേഴ്സിക്കുട്ടി മാതകോട്ടായിൽ (യുഎസ്), ബിനു കോയിപ്പള്ളിൽ, ബിൻസി പൂവാടിയിൽ, കുഞ്ഞുമോൻ പതിനഞ്ചിൽ, ടോമിച്ചൻ നീലത്തുംമുക്കിൽ, ജോസുകുട്ടി കൈമുണ്ടംകാലായിൽ.

**പീരുമേട്:** പ്ലാന്ററും ഹോട്ടൽ വ്യവസായിയുമായ എരുമേലി കുറുവാമൂഴി പൂവേലിക്കുന്നേൽ സന്തോഷ് പി. ആന്റണി (58) അന്തരിച്ചു.

**കുറുമ്പനാടം:** റിട്ട. സുബേദാർ മേജർ കുടിലംപറമ്പിൽ കെ.എം. ജോസഫ് (ജോയിച്ചൻ-84) അന്തരിച്ചു.

**വെമ്പള്ളി:** കാരിക്കോട് റവ.ഫാ. ജിഎംവി എച്ച്എസ്എസ് റിട്ട. അധ്യാപകൻ മാളിയേക്കൽ ജെസ്ഫെർട്ട് ആഗി (58) അന്തരിച്ചു.

**പ്രവിത്താനം:** ഓലിയേക്കാട്ടിൽ പരേതനായ മാത്തുക്കുട്ടിയുടെ മകൻ അലക്സ് മാത്യു (50) അന്തരിച്ചു.

**പള്ളം:** എൻടിപിസി മുൻ ഉദ്യോഗസ്ഥൻ നാലുന്നാക്കൽ പാറപ്പാട്ട് പി.സി. കുര്യാക്കോസ് (തമ്പി-71) അന്തരിച്ചു.

**തെള്ളകം:** വെള്ളാരംകാല (അമ്പലത്തിങ്കൽ) അന്നമ്മ വർക്കി (കുഞ്ഞിപെണ്ണ്-89) അന്തരിച്ചു.

**തിരുവല്ല:** ആമല്ലൂർ നെല്ലിമൂട്ടിൽ എൻ.പി. ചാക്കോ (ബേബി-89) അന്തരിച്ചു.

**കോട്ടയം:** വിസിറ്റേഷൻ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ പക്കോമിയ (79) അന്തരിച്ചു.

## കെ. കൃഷ്ണകുമാർ

**കോഴിക്കോട്:** സംസ്ഥാന അഗ്നി രക്ഷാസേന മേധാവി ഡിജിപി കെ. പത്മകുമാറിന്റെ സഹോദരൻ കെ. കൃഷ്ണകുമാർ (62) അന്തരിച്ചു. ഭാര്യ: വാണി നാലപ്പാട്ട് (കോഴിക്കോട്). മക്കൾ: വാസുദേവ്, ഗായത്രി. മരുമക്കൾ: സ്നേഹ, ആദിത്യ (എല്ലാവരും യുഎസിൽ).

## ലീലാമ്മ ജോസഫ്

**കോട്ടയം:** എസ്.എച്ച് മൗണ്ട് കാരിമറ്റത്തിൽ ലീലാമ്മ ജോസഫ് (82) അന്തരിച്ചു. സംക്രാന്തി പൂഴിക്കുന്നേൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കെ.എം. ജോസഫ് (റിട്ട. സബ് രജിസ്ട്രാർ). മക്കൾ: റീന, റജീന (കാനഡ), റോണി (ചിക്കാഗോ). മരുമക്കൾ: ഷാജി ഞാവള്ളിൽ (കോട്ടയം),ജോർജ് തോമസ് കളപ്പുരയ്ക്കൽ (നീറിക്കാട്), ചിന്നു കുളങ്ങര (എസ്.എച്ച്. മൗണ്ട്).

**കടുത്തുരുത്തി:** കുറിച്ച്യാപറമ്പിൽ പരേതനായ കെ.കെ. ജോർജിന്റെ ഭാര്യ കാതറൈൻ ജോർജ് (കുട്ടിയമ്മ-91) അന്തരിച്ചു.

**മീനടം:** രൂപം ആർട്ടിസ്റ്റ് ഉടമ ളാകത്ത് ആർട്ടിസ്റ്റ് മോഹൻ കെ. നായർ (69) അന്തരിച്ചു.

**മുട്ടമ്പലം:** കഞ്ഞിക്കുഴി പള്ളിപ്പറമ്പിൽ പരേതനായ പി.സി. ജോർജിന്റെ ഭാര്യ സാലി ജോർജ് (70) അന്തരിച്ചു.

## ജോസ് അഗസ്റ്റിൻ

**ഇളങ്ങോയി:** മുംബൈ ഗൊരെഗോൺ വിവേക് കോളജ് റിട്ട. പ്രഫ. കുഴിപ്പള്ളിൽ ജോസ് അഗസ്റ്റിൻ (72) അന്തരിച്ചു. ഭാര്യ വഴിത്തല കുര്യനാൽ അൽഫോൻസ് ജോസ്. മക്കൾ: ഡെൽമ ജോസ് (ഓസ്ട്രേലിയ), ഡയ്ന ജോസ് (യുഎസ്), ദിവ്യ ജോസ് (യുഎസ്). മരുമക്കൾ: ജെംസൺ തെക്കിനേത്ത് (ഓസ്ട്രേലിയ), അമയ് (യുഎസ്).

**കല്ലൂപ്പാറ:** പുതുശേരി മഞ്ഞനാംകുഴിയിൽ ആശീർവാദിൽ അഞ്ചിലവുങ്കൽ ചെറിയാൻ മാത്യു (റോയി-77) അന്തരിച്ചു.

**അടിമാലി:** കുറ്റിശ്രകുടിയിൽ വർഗീസ് മാത്യു (ഓമനക്കുട്ടി-72) അന്തരിച്ചു.

**കുമരകം:** ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് റിട്ട. ഉദ്യോഗസ്ഥൻ കോട്ടയം ചാർത്തുശ്ശേരിൽ എം.സി. മത്തായി (73) അന്തരിച്ചു.

**കോട്ടയം:** ചക്കാലമുറിയിൽ അലക്സാണ്ടർ ചാക്കോ (ജോയ്-73) അന്തരിച്ചു.

**തുരുത്തിക്കാട്:** ഗവ. ഓഫ് ഇന്ത്യ പ്രൊഡക്ഷൻ തിരുവല്ല സെന്റർ റിട്ട. ഉദ്യോഗസ്ഥൻ പട്ടത്തേട്ട് പി.സി. അലക്സാണ്ടർ (പാപ്പച്ചൻ-87) അന്തരിച്ചു.


**വൈക്കം:** വൈക്കത്തുശേരി (കൊണത്താപ്പുള്ളി) ശാന്തമ്മ ജോസഫ് (72) അന്തരിച്ചു.

**മാമ്മൂട്:** ഓലിക്കര മത്തച്ചന്റെ ഭാര്യ തങ്കമ്മ മാത്യു (75) അന്തരിച്ചു.

## കെ.കെ. ജോസഫ്

**വടവാതൂർ:** ചെമ്പോല കരിമ്പിൽ കെ.കെ. ജോസഫ് (പാപ്പച്ചൻ-87) ഹൂസ്റ്റണിൽ അന്തരിച്ചു. വടവാതൂർ ഐപിസി എബനേസർ ചർച്ച് സെക്രട്ടറി, ട്രഷറർ, പാഴ്സണേജ് കൺസ്ട്രക്ഷൻ കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യമുണ്ടിയപള്ളി കുന്നേൽ സാറാമ്മ ജോസഫ്. മക്കൾ: ബിജു കെ. ജോസഫ് (ഹൂസ്റ്റൺ), അജി സുസൻ ഏബ്രഹാം (ഫ്ളോറിഡ), ജസിമോൾ ജോസഫ് (ചെന്നൈ). മരുമക്കൾ: സുബി ജോസഫ് കലങ്ങാടത്ത് (കങ്ങഴ), പി.സി. ഏബ്രഹാം പാറക്കുളത്ത് (ഇടമൺ), ജോസഫ് നൈനാൻ വിളനിലത്ത് (കൂടൽ).

## തോമസ് വർഗീസ്



**കങ്ങഴ:** ഇളവക്കുന്നേൽ തോമസ് വർഗീസ് (64) യുഎസിൽ അന്തരിച്ചു. ഭാര്യ തുരുത്തി കാട്ടാടിയിൽ നാൻസി തോമസ്. മക്കൾ: തപസ്യ, തുഷാര.

**തിരുവാർപ്പ്:** കട്ടത്തറ 15-ൽ റിട്ട. എൽഐസി ഉദ്യോഗസ്ഥൻ കെ.സി. മാത്യു (ജോയി-88) അന്തരിച്ചു.

**പുതുപ്പള്ളി:** കുഴിയടിത്തറയിൽ റിട്ട. അധ്യാപകൻ (എം.ജി.എം എച്ച്എസ് പാമ്പാടി) പരേതനായ കെ. തോമസ് പോത്തന്റെ ഭാര്യ ശോശാമ്മ പോത്തൻ (93) അന്തരിച്ചു.

## കെ. തോമസ്

**കോഴിക്കോട്:** കേരള വാട്ടർ അതോറിറ്റി റിട്ട. ഓവർസിയർ കെ. തോമസ് വടക്കേവിള (87) അന്തരിച്ചു. ഭാര്യ എം.ആർ സോഫിയാമ്മ (റിട്ട. നേഴ്സിങ് സൂപ്രണ്ട് കോഴിക്കോട് മെഡിക്കൽ കോളജ്). മക്കൾ: സുരേഷ് തോമസ്, സോണി തോമസ് (യുഎസ്), മരുമക്കൾ: കവിത സുരേഷ് കുന്നുംപുറത്ത്, ഷീബ സോണി വാളനാംകുഴിയിൽ (യുഎസ്).

**അങ്ങാടിപ്പുറം:** കലാമണ്ഡലം റിട്ട. പ്രിൻസിപ്പലും മദ്ദള വാദകനുമായ മാണിക്യപുരം പുഷ്പകത്ത് (തട്ടകം-83) അന്തരിച്ചു.

**ചങ്ങനാശേരി:** ചങ്ങനാശേരി ഹോളി ക്യൻസ് പ്രൊവിൻസിലെ അംഗം സിസ്റ്റർ ആലീസ് ജെയ്നി (55) അന്തരിച്ചു.

**കണമല:** ആറാട്ടുകയം പരേതനായ ജോസഫ് തോമസിന്റെ ഭാര്യ മറിയാമ്മ ജോസഫ് (78) അന്തരിച്ചു.

## വി.എസ്. രാധാകൃഷ്ണൻ

**കടയനിക്കാട്:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ പടിഞ്ഞാറേമുറിയിൽ വി.എസ്. രാധാകൃഷ്ണൻ നായർ (94) അന്തരിച്ചു. മുരണിയിൽ വടക്കേടത്ത് കുടുംബാംഗമാണ്. ഭാര്യ: തങ്കമ്മ. മക്കൾ: സുരേഷ് ആർ. നായർ (ദുബായ്), മിനി ആർ നായർ, സുജ ആർ. നായർ (ഇരുവരും യുഎസ്). മരുമക്കൾ: ഗീത സുരേഷ്, ബാലു രാധാകൃഷ്ണൻ.

## ടി.സി. ജോസഫ്

**പുന്നത്തുറ:** കടവിൽപുരയിൽ ടി.സി. ജോസഫ് (ഔസേപ്പ്-90) അന്തരിച്ചു. ഭാര്യ കിടങ്ങൂർ കോല്ലാലപാറ പരേതയായ നൈത്താമ്മ. മക്കൾ: സണ്ണി, മേഴ്സി, ഷേർലി, സജി, ടെസ്സി, പീറ്റർ, തോമസ്, വിൻസി. മരുമക്കൾ: ജൈനമ്മ, സൈമൺ, മാത്യു, മീന, ടോമി, ഷിബി, ജീത, ജെറ്റ്സി (എല്ലാവരും യുഎസ്).

**രാമപുരം:** കൊണ്ടാട് കാരമക്കാട്ടിൽ പരേതനായ ചാണ്ടിയുടെയും മേരിയുടെയും മകൻ സിജോ അലക്സാണ്ടർ (49) അന്തരിച്ചു.

**കുറവിലങ്ങാട്:** നസ്രത്തുഹിൽ വടയാപറമ്പിൽ വി.വി. ജോസഫ് (ജോണി-60) അന്തരിച്ചു.

**കൊല്ലാട്:** നാൽക്കവല പുല്ലക്കൊടി പി.ടി. മാത്യുവിന്റെയും ഏലമ്മയുടെയും മകൻ തോമസ് മാത്യു (51) അന്തരിച്ചു.

## ഇട്ടി കെ. ചെറിയാൻ

**മണർകാട്:** അമയന്നൂർ തേൻവള്ളി കുടുംബാംഗം പാറയിൽ ഇട്ടി കെ. ചെറിയാൻ (82) ബെംഗളൂരുവിൽ അന്തരിച്ചു. ഭാര്യ റിട്ട. ബിഇഎൽ ഉദ്യോഗസ്ഥ പാറമ്പുഴ തുരുത്തേൽ വട്ടമറ്റത്തിൽ പി.എം. ശോശാമ്മ. മക്കൾ: ഷൈൻ സക്കറിയ (ഓസ്ട്രേലിയ), ഡോ. ഷീന തോമസ് (യുഎസ്). മരുമക്കൾ: സുനിത സൂസൻ ഷൈൻ, ജോർജ് പി. തോമസ്.

**ഇരവിമംഗലം:** നെടിയകാലായിൽ (ഞാറക്കാട്ടിൽ) മേരി ജോസഫ് (89) അന്തരിച്ചു.

**പുതുപ്പള്ളി:** കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് എറികാട് മുണ്ടാക്കൽ വട്ടവേലി എം.ജെ. സാമുവൽ (80) അന്തരിച്ചു.

**പള്ളം:** കല്ലുപ്പറമ്പിൽ പരേതനായ ഏലിയാസ് കെ. തോമസിന്റെ (പിഡബ്ല്യുഡി റിട്ട. സൂപ്രണ്ടിംഗ് എൻജിനീയർ) ഭാര്യ പോളി ഏലിയാസ് (84) അന്തരിച്ചു.

**തിടനാട്:** ശ്രീവിഹാർ (കമ്മൂട്ടിൽ) പി.എസ് അനിൽകുമാർ (57) അന്തരിച്ചു.

**തിരുവനന്തപുരം:** മുൻ മന്ത്രി ഇ.പി. പൗലോസിന്റെ മകൾ സാറാമ്മ ജോർജ് (82) അന്തരിച്ചു.

**തുരുത്തി:** കുന്നത്ത് കെ.ജെ. ബേബി (ബേബിച്ചൻ-84) അന്തരിച്ചു.

## ആനി ചെറിയാൻ

**കുമരകം:** കണ്ണേഴത്തു കെ.സി. ചെറിയാന്റെ ഭാര്യ ആനി ചെറിയാൻ (കുഞ്ഞുമോൾ-78) അന്തരിച്ചു. തൃപ്പൂണിത്തുറ പുന്നക്കൽ കുടുംബാംഗമാണ്. മക്കൾ: ജയ് (യുഎസ്), ജോ (ചെന്നൈ), ജിം (ബെംഗളൂരു), ജീന (ചെന്നൈ). മരുമക്കൾ: സൗമ്യ ഓമത്തിൽ അമയന്നൂർ, എയ്‌ലീൻ ചെമ്പകശേരിൽ കൊല്ലാട്, റിനി കാഞ്ഞൂക്കാട് കുമരകം. ഷൈനോ ജോർജ് തുണ്ടിയിൽ ഇടനാട് ചെങ്ങന്നൂർ.

**തിരുവല്ല:** കിഴക്കൻ മുത്തൂർ കല്ലുപുരയ്ക്കൽ പരേതനായ കെ.വി. വർഗീസിന്റെ ഭാര്യ ലെനിയമ്മ വർഗീസ് (75) അന്തരിച്ചു.

**വല്ലകം:** ഒറ്റയിൽ പരേതനായ കുര്യാക്കോസിന്റെ ഭാര്യ പൊതി യുപി സ്കൂൾ റിട്ട. ടീച്ചർ ത്രേസ്യാമ്മ (91) അന്തരിച്ചു.

**പെരുമ്പനച്ചി:** കാലായിൽ പുതുപ്പറമ്പിൽ പരേതനായ കെ.വി. ജോസഫിന്റെ ഭാര്യ സാറാമ്മ ജോസഫ് (ലീലാമ്മ-88) അന്തരിച്ചു.

## പി.കെ. തങ്കമ്മ

**ആറന്മുള:** മായാലുമൺ ഗവ. എൽപിഎസ് റിട്ട. പ്രധാനാധ്യാപികയും പന്തളം ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ വല്ലന തമ്പുരുവിൽ പി.കെ. തങ്കമ്മ (72) അന്തരിച്ചു. ഭർത്താവ് ടി.ജെ. കുഞ്ഞുകുഞ്ഞ്. മക്കൾ: സംഗീത (യുഎസ്), സരിഗ അഭിലാഷ്. മരുമകൻ: അഭിലാഷ്.

**കിടങ്ങൂർ:** ജാനകിമന്ദിരത്തിൽ രവീന്ദ്രൻ നായരുടെയും പ്രഭാവതിയുടെയും മകൻ എസ്കെആർ എർത്ത് മൂവേഴ്സ് ഉടമ ആർ. പ്രകാശ് (51) അന്തരിച്ചു.

**കലൂർ:** പാട്ടശ്ശേരിൽ സെലിൻ ജോൺ (88) അന്തരിച്ചു.

**ഇളങ്കാട്:** റിട്ട. ജയിൽ സൂപ്രണ്ട് ഞർക്കാട് ഓലിക്കൽ അനിരുദ്ധൻ (68) അന്തരിച്ചു.

**വൈക്കം:** മൂത്തേടത്തുകാവ് ശ്രീഭവനത്തിൽ ലീലാദേവി (95) അന്തരിച്ചു.

**ഇടമറുക്:** ഇളംപ്ലാശേരിൽ ടോമി തോമസ് (70) അന്തരിച്ചു.

**കുറിച്ചി:** തുമ്പേപറമ്പിലായ കാവിത്താഴെ പരേതനായ കെ.ടി. കുരുവിളയുടെ ഭാര്യ ചിന്നമ്മ കുരുവിള (89) അന്തരിച്ചു.

**കുറുപ്പന്തറ:** പാണ്ടിയാമാക്കിൽ പരേതനായ ജോസഫിന്റെ ഭാര്യ മർഗരീത്ത (78) അന്തരിച്ചു.

**കങ്ങഴ:** ഇടവെട്ടാൽ കുരീക്കാട്ടിൽ അന്നമ്മ മത്തായി (ചിന്നമ്മ-77) അന്തരിച്ചു.

**കല്ലറ:** മണക്കാട്ട് പുത്തൻപുരയ്ക്കൽ അന്നമ്മ (93) അന്തരിച്ചു.

**വർക്കല:** മംഗല്യയിൽ ചിറയിൻകീഴ് പിഎൻഎം ജിഎച്ച്എസ്എസ് റിട്ട. പ്രധാനാധ്യാപകൻ എൻ. രാമചന്ദ്രൻ നായർ (88) അന്തരിച്ചു.

## മേരിക്കുട്ടി മത്തായി

**മുണ്ടക്കയം:** ചിറപ്പുറയിടത്തിൽ പരേതനായ തോമസ് മത്തായിയുടെ ഭാര്യ മേരിക്കുട്ടി മത്തായി (പൊന്നമ്മ-78) അന്തരിച്ചു. പീരുമേട് പള്ളിക്കുന്ന് പാറപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: മനോജ് മാത്യു (യുഎസ്), ബിനു മാത്യു, ആശ ബിനു. മരുമക്കൾ: ഷൈമ മനോജ് കോട്ടയം കാരമൂട് ചെമ്പിത്തറ (യുഎസ്), ജിൻസി ബിനു പുതുപ്പറമ്പിൽ കുന്നേൽ (മുണ്ടക്കയം), ബിനു ജോൺ കപ്പിലാമൂട്ടിൽ.

## തങ്കമ്മ ജോസഫ്

**വടവാതൂർ:** വെമ്പള്ളിയിൽ തങ്കമ്മ ജോസഫ് (83) അന്തരിച്ചു. തോട്ടയ്ക്കാട് പന്തമ്മാക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ബേബി. മക്കൾ: മോളി (യുഎസ്), ജയമോൾ, സന്തോഷ്. മരുമക്കൾ: ജഫ്രി (എറണാകുളം), ബേബിച്ചൻ താലിമൂട്ടിൽ (പേരൂർ), മേഴ്സി ചക്കാലച്ചിറയിൽ (വെട്ടിത്തുരുത്ത്).

**കരിങ്കുന്നം:** പഞ്ചാബ് ജലന്ധർ സിഎംസി കോൺവന്റ് മിഷനറി സ്ഥാപകാംഗവും പ്രൊവിൻഷ്യലുമായിരുന്ന സിസ്റ്റർ ആൽഫ്രഡ് (90) ജലന്ധറിൽ അന്തരിച്ചു.

**ചങ്ങനാശേരി:** റൂബി റബർ വർക്സ് മുൻ ഉദ്യോഗസ്ഥൻ പെരുന്ന കിഴക്ക് മലയിൽ എം.എ. തോമസ് (തൊമ്മച്ചൻ-92) അന്തരിച്ചു.

**മൂലവട്ടം:** പുത്തൻപറമ്പിൽ പാസ്റ്റർ ജോയി ജോസഫിന്റെയും സിന്ധു ജോയിയുടെയും മകൻ ജോസ് പി. ജോയി (29) അന്തരിച്ചു.

**തോട്ടയ്ക്കാട്:** കങ്ങഴ എംജിഡിഎം ആശുപത്രി റിട്ട. സ്റ്റാഫ് നേഴ്സ് കണ്ണൊഴുക്കത്ത് ലില്ലി കുരുവിള (87) അന്തരിച്ചു.

**നാലുകോടി:** കാപ്പിൽ പുതുശ്ശേരി ജോർജ് തോമസിന്റെ ഭാര്യ ഈത്തമ്മ ജോർജ് (87) അന്തരിച്ചു.

**വാഴൂർ:** താന്നിവയലിൽ എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ ടി.കെ. വർഗീസ് (80) ബെംഗളൂരുവിൽ അന്തരിച്ചു.

**കല്ലറ:** ഭെൽ റിട്ട. എൻജിനീയർ പുത്തൻപള്ളി പന്തനായിക്കുന്നേൽ (വൃന്ദാവനം) പി.എം. ജേക്കബ് (80) അന്തരിച്ചു.

**മാമ്മൂട്:** വാളിപ്ലാക്കൽ പരേതനായ വി.എ. മാത്യുവിന്റെ ഭാര്യ ആലീസ് മാത്യു (95) അന്തരിച്ചു.

**കല്ലിശേരി:** പാറയിൽ പുത്തൻവീട്ടിൽ പെണ്ണമ്മ ഏബ്രഹാം (90) അന്തരിച്ചു.

**കീഴ്‌വായ്പൂർ:** നിലമ്പൂർ ചേലോട് എസ്എയുപിഎസ്. റിട്ട. പ്രധാനാധ്യാപകൻ പാലമറ്റത്ത് പി.എം. മാത്യു (രാജു-83) അന്തരിച്ചു.

**പെരുവ:** ശാന്തിപുരം പഴേമ്പള്ളിൽ പരേതനായ ഫിലിപ്പിന്റെ ഭാര്യ ഏലിയാമ്മ ഫിലിപ്പ് (92) അന്തരിച്ചു.

# COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

## ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Firm Believer, Dallas*

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**

# LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, New York*

# അന്നം ജോൺ പോൾ മിസിസ് കേരള





മിസിസ് കേരള 2024 കിരീടം ചൂടിയ അന്നം ജോൺ പോൾ (ഇരിക്കുന്നത്) റണ്ണറപ്പുകളായ വിദ്യ എസ്. മേനോൻ, അഞ്ജു അന്ന തോമസ്, ഐശ്വര്യ സുരേന്ദ്രൻ എന്നിവർക്കൊപ്പം.

കൊച്ചി: വിവാഹിതരായ മലയാളി സ്ത്രീകൾക്കായി കൊച്ചിയിൽ നടത്തിയ സൗന്ദര്യമത്സരത്തിൽ അന്നം ജോൺ പോളിന് മിസിസ് കേരള 2024 കിരീടം. കോട്ടയം സ്വദേശിയായ അന്നം ജോൺ പോൾ സിനിമയിൽ സഹനിർമാതാവാണ്.

വിദ്യ എസ്. മേനോൻ ഫസ്റ്റ് റണ്ണറപ്പും അഞ്ജു അന്ന തോമസ് സെക്കൻഡ് റണ്ണറപ്പും ഐശ്വ്യര സുരേന്ദ്രൻ തേർഡ് റണ്ണർപ്പുമായി. ആലുവ ഇറാം കൺവൻഷൻ സെന്ററിൽ നടന്ന മത്സരത്തിന്റെ ഫൈനലിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 27 വനിതകളാണ് മാറ്റുരച്ചത്.

# എം.ടിയുടെ നിര്യാണത്തിൽ സാഹിത്യവേദിയുടെ അനുശോചനം

ചിക്കാഗോ: മലയാളികളുടെ ഏറ്റവും പ്രിയപ്പെട്ട സാഹിത്യകാരനും ജ്ഞാനപീഠം പുരസ്കാര ജേതാവുമായ എം.ടി. വാസുദേവൻ നായരുടെ നിര്യാണത്തിൽ ചിക്കാഗോ സാഹിത്യവേദി അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി.




സാഹിത്യ വേദിയുടെ ചർച്ചകളിൽ എം.ടിയുടെ കഥകളും കഥാപാത്രങ്ങളും മിക്കപ്പോഴും വിഷയമായിരുന്നു. 1999 മെയ് 7-ന് എം.ടിയുടെ കൃതികളെപ്പറ്റി മാത്രമായി സാഹിത്യവേദി ചർച്ച നടത്തിയിരുന്നു. 2000 ഒക്ടോബർ 12-ന് എം.ടിക്ക് സാഹിത്യവേദി സ്വീകരണം നല്കുകയുണ്ടായി. വെസ്റ്റ്മോണ്ടിലെ ഇന്ത്യാ ഗാർഡൻ റെസ്റ്റോറന്റിലായിരുന്നു സ്വീകരണം സംഘടിപ്പിച്ചത്. അന്നത്തെ യോഗത്തിൽ അദ്ധ്യക്ഷനായിരുന്ന സാഹിത്യവേദി കോ-ഓർഡിനേറ്റർ ജോൺ ഇലക്കാട്ട് എം.ടിയുടെ പ്രസംഗം വികാരവായ്പോടെ അനുസ്മരിച്ചു. എം.ടിയെ നേരിൽ കാണുകയും കേൾക്കുകയും ചെയ്ത അനുഭവങ്ങൾ സാഹിത്യവേദി അംഗങ്ങൾ ഇന്നും മനസ്സിൽ കാത്തുസൂക്ഷിക്കുന്നു.

2023 മാർച്ച് 3-ന് നടന്ന യോഗത്തിൽ എം.ടിയുടെ കാലം എന്ന നോവലിനെക്കുറിച്ചുള്ള വിശദമായ ചർച്ച നടത്തിയിരുന്നു. സ്വാതന്ത്ര്യാനന്തര കേരളം എം.ടി. വാസുദേവൻ നായരുടെ കാലം എന്ന നോവലിൽ എന്നതായിരുന്നു ചർച്ചാവിഷയം. എം.ടി. വാസുദേവൻ നായരുടെ രചനകൾ ആരാധനയോളം പോരുന്ന അനുവാചക ശ്രദ്ധ നേടുന്നത് അവയിലെ ഭാവാത്മകതയുടെ പേരിലാണെന്നും മനുഷ്യജീവിതം വിശിഷ്യാ ദൈനംദിന സാമൂഹിക ജീവിതം അവയിൽ പച്ചയായി പ്രതിപാദിക്കപ്പെട്ടിട്ടില്ല എന്നും ഒരു പൊതു അഭിപ്രായം നിലവിലുണ്ട്. തകഴി, ദേവ് തുടങ്ങിയവർ മുതൽ എസ്. ഹരിഷ് വരെയുള്ളവരുടെ കൃതികളിൽ കാണുന്ന പച്ചയായ ജീവിതചിത്രീകരണം എം.ടി കൃതികളിൽ കാണാൻ കഴിയില്ല എന്നാണ് പൊതുവേ പറയപ്പെടുന്നത്. എന്നാൽ ഈ അഭിപ്രായം ശരിയല്ലെന്നും ഏകാകിയുടെ മനോരാജ്യങ്ങളിൽ അയാൾ ജീവിക്കുന്ന സമൂഹം എല്ലാ സൗന്ദര്യ വൈരൂപ്യങ്ങളോടെയും അനുഭവേദ്യമാകുന്നു എന്ന് പ്രബന്ധകാരൻ ആർ.എസ് കുറുപ്പ് സമർത്ഥിച്ചു. സ്വാതന്ത്ര്യം കേരള സമൂഹത്തിൽ, വിശേഷിച്ച് മലബാറിലെ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ, അന്നത്തെ യുവതലമുറയുടെ മോഹങ്ങളും മോഹഭംഗങ്ങളും കാലം എന്ന നോവലിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നത് എങ്ങനെ എന്നുള്ള ഒരു പരിശോധനയാണ് സാഹിത്യവേദിയിലെ ചർച്ചയായത്. മലയാളി സാഹിത്യത്തിന്റെയും ചലച്ചിത്രത്തിന്റെയും മുടിചൂടാ മന്നനായി വിരാജിച്ച കാലാതിവർത്തിയായ ഈ യുഗപ്രഭാവന്റെ തിരോധാനത്തിൽ ലോകമെങ്ങുമുള്ള ഭാഷാസ്നേഹികൾക്കൊപ്പം സാഹിത്യവേദി അംഗങ്ങളും ഒരുപിടി കണ്ണീർപ്പൂക്കൾ സമർപ്പിക്കുന്നു.



# തടവറയിൽ വിശുദ്ധ വാതിൽ തുറന്ന് മാർപാപ്പ

റോം: ജൂബിലി വർഷത്തിൽ റോമിലെ തടവറയിൽ ദണ്ഡവിമോചനത്തിന്റെ വിശുദ്ധ വാതിൽ തുറന്ന് ഫ്രാൻസിസ് മാർപാപ്പ. റോമാ നഗരപ്രാന്തത്തിലെ റേബിബ്ബിയ ജയിൽ സന്ദർശിച്ച മാർപാപ്പ ജയിലിലെ ചാപ്പലിലാണ് വിശുദ്ധ വാതിൽ തുറന്നത്. പ്രതീക്ഷ നിരാശപ്പെടുത്തില്ല എന്നോർമ്മിപ്പിക്കാനാണ് ഇതെന്ന് ജയിലിലെ അന്തേവാസികളോടും ഗാർഡുമാർ അടക്കമുള്ള ജീവനക്കാരോടും മാർപാപ്പ പറഞ്ഞു.

ഇതാദ്യമായാണ് ഒരു മാർപാപ്പ ജയിലിൽ വിശുദ്ധ വാതിൽ തുറക്കുന്നത്. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്ക, സെന്റ് ജോൺ ലാറ്ററൻ, സെന്റ് മേരി മേജർ ബസിലിക്കകൾ, സെന്റ് പോൾ ബസിലിക്ക എന്നീ പേപ്പൽ ബസിലിക്കകളിൽ മാത്രമാണ് മാർപാപ്പ വിശുദ്ധ വാതിൽ തുറക്കാറുള്ളത്. കടന്നുപോകുന്ന തീർത്ഥാടകർക്ക് അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ദണ്ഡവിമോചനത്തിന്റെയും അനുഭവം നല്കുന്ന വാതിലുകളാണിവ.

സഭ ജൂബിലിവർഷം ആഘോഷിക്കുന്നത് 25 വർഷം കൂടുമ്പോഴാണ്. ഫ്രാൻസിസ് മാർപാപ്പ 24-ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ വാതിൽ തുറന്നതോടെ ആരംഭിച്ച ജൂബിലിയാഘോഷം 2026 ജനുവരി ആറു വരെ നീളും. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണ് ജൂബിലി ആപ്തവാക്യം.



റോമാ നഗരപ്രാന്തത്തിലെ റേബിബ്ബിയ ജയിലിലെ ചാപ്പലിലെ വിശുദ്ധ വാതിൽ മാർപാപ്പ തുറന്നപ്പോൾ.

# വ്യാജ സർട്ടിഫിക്കറ്റിലൂടെ സ്ഥാനക്കയറ്റം; രണ്ട് ഉന്നതർക്ക് സസ്പെൻഷൻ

കൊച്ചി: ഐഐടി ഖരഗ്പുരിന്റെ യോഗ്യതാപരീക്ഷ ജയിച്ചെന്ന വ്യജ സർട്ടിഫിക്കറ്റ് സമർപ്പിച്ചു സ്ഥാനക്കയറ്റം നേടിയ രണ്ട് ഉന്നതോദ്യോഗസ്ഥരെ വ്യവസായ-വാണിജ്യ വകുപ്പ് സസ്പെൻഡ് ചെയ്തു. ചങ്ങനാശേരിയിലെ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിലെ ഡപ്യൂട്ടി ഡയറക്ടർ എസ്. ശ്യാം, മഞ്ചേരിയിലെ അസി. ഡയറക്ടർ (റബർ) പി.ആർ. ഷാൻ എന്നിവരെയാണ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് സസ്പെൻഡ് ചെയ്തത്. ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ഇടതു സംഘടനയായ കെജിഒഎ മഞ്ചേരി ഏരിയ സെക്രട്ടറിയാണു ഷാൻ; ശ്യാം മുൻ ഭാരവാഹിയും.

രേഖകളുടെ ആധികാരികത പരിശോധിക്കാതെ ഉദ്യോഗക്കയറ്റത്തിനു ശിപാർശചെയ്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിനും ഉത്തരവായി. ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി ആനി ജൂല തോമസ് രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകണം.

വിവരാവകാശ രേഖകളുടെ പിൻബലത്തോടെ വയനാട് ജില്ലാ വ്യവസായ കേന്ദ്രം ചീഫ് അക്കൗണ്ടന്റ് എം. എസ്. സാനു, പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകിയ പരാതിയിലാണു നടപടി. ഇത്തരം പരീക്ഷ നടത്തുന്നില്ലെന്ന് ഐഐടി ഖരഗ്പുരും സർട്ടിഫിക്കറ്റിനു സാധുതയില്ലെന്നു സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും വ്യക്തമാക്കി. ഐഐടി ഖരഗ്പുർ റബർ ടെക്നോളജി സെന്റർ അസോഷ്യേറ്റ് പ്രഫസർ ഡോ. നാരായൺ ചന്ദ്ര ദാസിന്റെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തിയെന്നും പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

## ഇ-വേ ബിൽ നിർബന്ധം

(3-ാം പേജിൽനിന്നും)

സ്വകാര്യ വ്യക്തികൾക്ക് 35 ലക്ഷം രൂപയുടെ സ്വർണം കൈവശം വെക്കാമെന്നിരിക്കെ, കച്ചവടക്കാർക്ക് 10 ലക്ഷം രൂപയിലേറെ വിലയുള്ള സ്വർണത്തിനു ഇ-വേ ബിൽ വേണമെന്ന നിബന്ധന കള്ളക്കടത്തിനു കാരണമാകുമെന്ന് പരാതി ഉയർന്നിട്ടുണ്ട്. എന്നാൽ, സ്വർണം കൈവശം വെക്കുന്ന സ്വകാര്യവ്യക്തികൾക്ക് അതു വാങ്ങിയതിന്റെയും മറ്റും രേഖകൾ കാട്ടി കച്ചവട ആവശ്യത്തിനല്ലെന്നു ബോധ്യപ്പെടുത്താനാകുമെന്നാണ് ജിഎസ്ടി വൃത്തങ്ങൾ വ്യക്തമാക്കുന്നത്.

## 2024-ൽ യുഎസിൽ എത്തിയത്

(3-ാം പേജിൽനിന്നും)

താല്ക്കാലിയ ആവശ്യങ്ങൾക്കായി പോകുന്നവർക്ക് നല്കുന്നതാണ് നോൺ-ഇമിഗ്രന്റ് വിസ.

2008-09 അക്കാദമിക വർഷത്തിനു ശേഷം യുഎസിലേക്ക് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ അയച്ചതും ഇന്ത്യയാണ്. ബിരുദവിദ്യാർത്ഥികളെ അയയ്ക്കുന്നതിലും തുടർച്ചയായി രണ്ടാം വർഷവും ഇന്ത്യ ഒന്നാമതാണ്.

# പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത ക്രിസ്മസ് ആഘോഷത്തിൽ ക്ഷണിക്കപ്പെട്ട അതിഥിയായി സജിമോൻ ആന്റണിയും

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ക്രൈസ്തവ സഭാ നേതാക്കളുമൊത്ത് പ്രധാനമന്ത്രി നരേന്ദ്രമോദിജീ ദില്ലിയിൽ സിബിസിഐ ആസ്ഥാനത്ത് നടന്ന ക്രിസ്മസ് ആഘോഷത്തിൽ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി ക്ഷണിക്കപ്പെട്ട അതിഥിയായി പങ്കെടുത്തു. വിവിധ കത്തോലിക്ക സഭകളുടെ പ്രമുഖരക്കം ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി നൂറ്റിമുപ്പതോളം ക്ഷണിക്കപ്പെട്ട അതിഥികളിൽ നോർത്ത് അമേരിക്കയിൽനിന്നും പങ്കെടുത്ത ഏക വ്യക്തി സജിമോൻ ആന്റണി ആയിരുന്നു എന്നത് ശ്രദ്ധേയമായി. ഇത് ഫൊക്കാന പ്രസിഡണ്ട് എന്ന നിലയിൽ സജിമോൻ ആന്റണിക്ക് കിട്ടിയ അംഗീകാരമായിട്ടാണ് ഇതിനെ കാണുന്നത്.



എഴുപത് വർഷങ്ങൾക്കിടയിൽ ആദ്യമായാണ് ഒരു പ്രധാനമന്ത്രി ഇങ്ങനെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുക്കുന്നത്. ഈ ആഘോഷത്തിൽ അദ്ദേഹം രണ്ട് മണിക്കൂറോളം ചെലവഴിച്ചു. ഗവൺമെന്റിന്റെ പ്രതിനിധികളുമായും സഭയുടെ കർദിനാൾമാരുമായും വളരെ അധികം കാര്യങ്ങൾ ആശയവിനിമയം നടത്തുവാനും കഴിഞ്ഞു.

കാത്തലിക് സഭയുടെ സീറോ മലബാർ, സീറോ മലങ്കര, ലാറ്റിൻ റൈറ്റ്സ് എന്നീ റൈറ്റ്സിന്റെ കർദ്ദിനാൾ മാർ പങ്കെടുത്ത ഈ ആഘോഷത്തിൽ സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തും കർദ്ദിനാൾമാരായ മാർ ഓസ്വാൾഡ് ഗ്രേഷ്യസ്, മാർ ബസേലിയോസ് ക്ലിമീസ്, മാർ ജോർജ് കൂവക്കാട്ട്, മാർ ആന്റണി പൂല, മാർ ജോർജ് ആലഞ്ചേരി (ആർച്ച് ബിഷപ് എമിരിറ്റസ്), മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, ദില്ലി ആർച്ച് ബിഷപ് മാർ അനിൽ കൂട്ടോ, ആർച്ച് ബിഷപ് ജോർജ് ആന്റണി സാമി, ബിഷപ് ജോസഫ് മാർ തോമസ്, ഫാദർ മാത്യു കോയിക്കൽ തുടങ്ങിയവർ ഈ ആഘോഷത്തിൽ പങ്കെടുത്തു. സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തും സിബിസിഐ ഡെപ്യൂട്ടി ജനറൽ ഫാദർ മാത്യു കോയിക്കൽ തുടങ്ങിയവർ ഈ ആഘോഷത്തിന് നേതൃത്വം നൽകി. മന്ത്രി ജോർജ് കുര്യൻ, രാജീവ് ചന്ദ്രശേഖർ, അൽഫോൺസ് കണ്ണന്താനം, കെ.വി. തോമസ്, ടോം വടക്കൻ, അനിൽ ആന്റണി, ഷോൺ ജോർജ് തുടങ്ങിയവരും പരിപാടിക്കെത്തിയിരുന്നു.




സഭാ നേതാക്കൾക്കൊപ്പം ക്രിസ്മസ് ആഘോഷിക്കാൻ കഴിഞ്ഞത് ഭാഗ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സ്നേഹവും സാഹോദര്യവുമാണ് ക്രിസ്തുവിന്റെ സന്ദേശം. അത് ശക്തിപ്പെടുത്താൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാമെന്നും സമൂഹത്തിൽ അക്രമം നടത്തുന്ന ശ്രമങ്ങളിൽ വേദനയുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ക്രിസ്ത്യൻ സഭകളുമായി കൈകോർത്ത് പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



എല്ലാ മൈനോറിറ്റി കമ്മ്യൂണിറ്റികളെയും ചേർത്ത് പിടിച്ചുകൊണ്ട്, എല്ലാവർക്കും വലുതാവാനുള്ള (Sab ke Sath sabka Vikas) സാഹചര്യം ഒരുക്കിക്കൊടുത്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകണമെന്നും സഭാ നേതൃത്വം ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു.

പുതിയ കർദിനാൾ മാർ ജോർജ് കൂവക്കാട്ടിനെ മോദി ചടങ്ങിൽ ആദരിച്ചു. ഇന്ത്യയിൽനിന്നൊരാൾക്ക് ഈ അംഗീകാരം കിട്ടിയതിൽ ഏറെ സന്തോഷമുണ്ടെന്നും മോദി അറിയിച്ചു. ക്രിസ്ത്യൻ നേതൃത്വവുമായുള്ള ബന്ധം ശക്തമാക്കാൻ ആഗ്രഹിക്കുന്നു എന്ന സന്ദേശം തന്നെയാണ് മോദി തുടർച്ചയായ ഈ നീക്കങ്ങളിലൂടെ നൽകുന്നത്.


ക്രിസ്ത്യൻ സമൂഹത്തിന് ലഭിച്ച അംഗീകാരമാണ് പ്രധാനമന്ത്രി ചടങ്ങിൽ പങ്കെടുത്തത് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. ഫൊക്കാന പ്രസിഡണ്ട് എന്ന നിലയിൽ പ്രധാനമന്ത്രിയുടെ ഓഫീസുമായും കേന്ദ്രമന്ത്രി ജോർജ് കുര്യന്റെ ഓഫീസുമായും ബിജെപി വക്താവ് ഡോ. ബി സോയി സോങ്കർ ശാസ്ത്രി തുടങ്ങി നിരവധി ഒഫീഷ്യൽസുമായി അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാനും കഴിഞ്ഞത് നല്ല കാര്യമായാണ് കാണുന്നത് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

# എഫ്പിസിസി ഭാരവാഹികളായി ഡോ. വില്ലി എബ്രഹാമിനെയും പാസ്റ്റർ തോമസ് യോഹന്നാനെയും വീണ്ടും തെരഞ്ഞെടുത്തു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: വിവിധ പെന്തക്കോസ്ത് സഭകളുടെ സംയുക്ത പ്രവർത്തനവേദിയായ ഫെലോഷിപ്പ് ഓഫ് പെന്ത





ക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ 2025-ലെ ഭാരവാഹികളായി ഡോ. വില്ലി എബ്രഹാമിനെ കൺവീനറായും പാസ്റ്റർ തോമസ് യോഹന്നാനെ ജോയിന്റ് കൺവീനറായും വീണ്ടും തെരഞ്ഞെടുത്തു.

ഡിസംബർ 21-ന് ഇന്റർനാഷണൽ പെന്തക്കോസ്തൽ അസംബ്ലിയിൽവെച്ച് നടന്ന ജനറൽ ബോഡിയിൽവെച്ചാണ് തെരഞ്ഞെടുത്തത്. മലയാള സംഗീത വിഭാഗം കോ-ഓർഡിനേറ്റർ ആയി ബ്ര. ബിനോയ് ചാക്കോയെ വീണ്ടും നിയമിച്ചു. ഭാരവാഹികൾക്കായി പാസ്റ്റർ പി.സി. മാമ്മൻ പ്രാർത്ഥിച്ചു.


ഡോ. വില്ലി എബ്രഹാം അവതരിപ്പിച്ച 2024-ലെ പ്രവർത്തന റിപ്പോർട്ടും വരവ്ചെലവ് കണക്കുകളും ജനറൽ ബോഡി അംഗീകരിച്ചു. 17 സഭകൾ ഈ സംഘടനയിൽ അംഗങ്ങളാണ്. തുടർന്ന് നടന്ന മാസയോഗത്തിന് പാസ്റ്റർ ജോസഫ് കെ. ജോസഫ്, പാസ്റ്റർ ജോഷ്വ ജോസഫ് എന്നിവർ നേതൃത്വം നൽകി. ശ്വേത ജോർജ്, പാസ്റ്റർ ജോസഫ് ഡാനിയേൽ എന്നിവർ പ്രസംഗിച്ചു.

ഡോ. വിൽസൺ ഏബ്രഹാം എഴുതിയ 'എ ലൈറ്റ് ഓൺ ദി ഹിൽ' എന്ന പുസ്തകം പാസ്റ്റർ ജോസഫ് കെ. ജോസഫിന് നൽകി പ്രകാശനം ചെയ്തു.

# പ്രേം പ്രകാശിനു ഡാളസിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നു

പി.പി. ചെറിയാൻ

ഡാളസ്: പ്രശസ്ത സിനിമ സീരിയൽ നടൻ പ്രേം പ്രകാശിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നു. ഇന്ത്യ കൾച്ചറൽ എഡ്യൂക്കേഷൻ സെന്റർ, കേരള അസോസിയേഷൻ ഓഫ് ഡാളസ് എന്നിവ ചേർന്നാണ് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നടൻ പ്രേം പ്രകാശിന് ജനുവരി നാലിനു നടക്കുന്ന പ്രത്യേക ചടങ്ങിൽ നൽകുന്നത്.



മലയാള സിനിമ, സീരിയൽ മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് ആണ് ഈ പുരസ്കാരം. കഴിഞ്ഞ 56 വർഷമായി നിർമ്മാതാവ്, നടൻ, ഗായകൻ എന്നീ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ദേഹം ഇരുപതോളം പ്രശസ്ത സിനിമകളും ഇരുപത്തിയഞ്ചോളം സീരിയലുകളും നിർമ്മിക്കുകയും നൂറിൽ പരം സിനിമകളിൽ അഭിനയിക്കുകയും ചെയ്തു. ഒരു പിന്നണി ഗായകൻ കൂടിയാണ് പ്രകാശ്. അദ്ദേഹത്തിന് ഇതിനോടകം ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കരിയാച്ചൻ എന്ന പേരിലുള്ള പ്രേം പ്രകാശ് പ്രശസ്ത സിനിമ നടൻ ജോസ് പ്രകാശിന്റെ സഹോദരനാണ്. ജനുവരി നാലിന് വൈകിട്ട് ആറിന് ഗാർലൻഡ് സെന്റ് തോമസ് കാത്തലിക് ചർച്ചിൽവെച്ച് നടത്തപ്പെടുന്ന കേരള അസോസിയേഷൻ ക്രിസ്മസ് ന്യൂഇയർ ചടങ്ങിൽ അദ്ദേഹം ചീഫ് ഗസ്റ്റായി പങ്കെടുത്ത് പുരസ്കാരം ഏറ്റുവാങ്ങും. ഡാളസിൽ ഉള്ള മലയാളികൾ പ്രസ്തുത ചടങ്ങിൽ പങ്കെടുക്കണമെന്ന് ഇന്ത്യ കൾച്ചറൽ എഡ്യൂക്കേഷൻ സെന്റർ പ്രസിഡണ്ട് ഷിജു അബ്രഹാം, ഡാളസ് കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ എന്നിവർ അഭ്യർത്ഥിച്ചു.

# തേനിയിൽ അപകടം: കുറവിലങ്ങാട് സ്വദേശികളായ മൂന്നു സുഹൃത്തുക്കൾ മരിച്ചു

തേനി: വേളാങ്കണ്ണി തീർഥാടനം കഴിഞ്ഞു മടങ്ങിയ കുറവിലങ്ങാട് സ്വദേശികൾ സഞ്ചരിച്ചിരുന്ന കാറും തേനിയിൽ നിന്നു യേർക്കാട്ടേക്കു പോകുകയായിരുന്ന ടൂറിസ്റ്റ് ബസും കൂട്ടിയിടിച്ച് കാർ യാത്രക്കാരായ മൂന്നു പേർ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരുക്കേറ്റു. കുറവിലങ്ങാട് കാളികാവ് കുര്യം ഗോവിന്ദപുരം കോളനി കാഞ്ഞിരത്തിങ്കൽ കെ.ജെ. സോണിമോൻ (45), നമ്പൂശേരി കോളനി അമ്പലത്തുങ്കൽ ജോബിൻ തോമസ് (ജോബിഷ്-33), പകലോമറ്റം കോയിക്കൽ ജയിൻ തോമസ് (34) എന്നിവരാണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന കുര്യം ഗോവിന്ദപുരം കോളനി പുത്തൻകുളത്തിൽ പി.ഡി. ഷാജിയെ (47) പരുക്കുകളോടെ തേനി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാർ മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടെ എതിരെ വന്ന ടൂറിസ്റ്റ് ബസിൽ ഇടിച്ചാണ് അപകടമെന്ന് തമിഴ്നാട് പോലീസ് പറയുന്നു. കാർ പൂർണമായി തകർന്നു. ബസ് മറിയുകയും ചെയ്തു. മൂന്നു പേരും സംഭവസ്ഥലത്തു തന്നെ മരിച്ചു.

## ഉമ തോമസിന് ഗുരുതരപരുക്ക്

(3-ാം പേജിൽനിന്നും)

മന്ത്രിയടക്കമുള്ള വിശിഷ്ടാതിഥികളെ അഭിവാദ്യം ചെയ്തശേഷം ഉമ തോമസ് മുന്നോട്ടു നടക്കുന്നതിനിടെ ക്യൂ മാനേജരിന്റെ കുറ്റിയിൽ പിടിച്ചു. നില തെറ്റി മൂന്ന് കുറ്റികളും നാടയുമുൾപ്പെടെ താഴേക്കു പതിച്ചു. താഴെ പ്രവേശനദ്വാരത്തിൽ പാകിയിരുന്ന കോൺക്രീറ്റ് സ്ലാബിൽ തലയിടിച്ചാണു വീണത്. അപ്പോൾ തന്നെ ബോധം മറഞ്ഞു. എംഎൽഎയെ ഉടൻ ആംബുലൻസിൽ ആശുപത്രിയിലേക്കു മാറ്റി.

ഇവന്റ് മാനേജ്മെന്റ് കമ്പനിയായ ഓസ്കർ ഇവന്റ്സ്, സംഘാടകരായ മൃദംഗവിഷൻ എന്നിവർക്കെതിരെ കേസെടുത്തു.

## പുതുവത്സരസന്ദേശം

(22-ാം പേജിൽനിന്നും)

അവയിലൊന്നു പൊട്ടിയാൽ ഈ ഭൂമി ആകമാനം വെന്തു ചാമ്പലാകും. അങ്ങനെയൊന്നു സംഭവിച്ചാൽ നമ്മുടെ നിത്യത നാം എവിടെ കഴിക്കും? മരണാനന്തരം ഒരു യഥാർത്ഥജീവിതം നാം തുടരുകയായിരിക്കും. ഒന്നുകിൽ നിത്യനരകാഗ്നിയിൽ അല്ലെങ്കിൽ നിത്യസൗഭാഗ്യത്തിൽ. അതിൽ ഏതു തെരഞ്ഞെടുക്കാമെന്ന സ്വാതന്ത്ര്യം ദൈവം നമുക്കു നല്കിയിട്ടുണ്ട്. പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം അനുവദിച്ചാൽ ഒരു പുതിയ തീരുമാനത്തോടെ മരണം നേരിട്ടാൽ മരണാനന്തര ജീവിതം നിത്യസൗഭാഗ്യത്തിലായിരിക്കും എന്ന ലക്ഷ്യത്തോടെ ജീവിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മേ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

## മൻമോഹൻ

(11-ാം പേജിൽനിന്നും)

പൊതുവിതരണ ശൃംഖലയിലൂടെ നൽകുന്ന സാധനങ്ങളുടെ വില കുത്തനെ ഉയർന്നപ്പോഴായിരുന്നു രണ്ടാമത്തെ രാജിസന്നദ്ധത. അതും റാവു സ്വീകരിച്ചില്ല. ഭക്ഷ്യമന്ത്രി കൽപനാഥ് റായും പൊതുവിതരണമന്ത്രി എ.കെ. ആന്റണിയും അന്നു രാജിവെച്ചു.

പാർട്ടിക്കുള്ളിൽനിന്നു ചിലർ വിമർശിച്ചപ്പോഴായിരുന്നു മൻമോഹൻ മൂന്നാം തവണ രാജിക്കൊരുങ്ങിയത്. എന്നാൽ, റാവു അതു കൈക്കൊണ്ടില്ലെന്നു മാത്രമല്ല, മൻമോഹനെ രാജ്യസഭയിൽ കോൺഗ്രസിന്റെ നേതാവാക്കുകയും ചെയ്തു.

വാജ്പേയിയുടെ കാലത്തു തുടങ്ങിയ യുഎസ് പ്രസിഡണ്ട് ജോർജ് ബുഷുമായുള്ള സൗഹൃദം മൻമോഹൻ പ്രധാനമന്ത്രിയായപ്പോഴും തുടർന്നു. അദ്ദേഹം തനിച്ചാണു യുഎസുമായുള്ള ആണവക്കരാർ ചർച്ചകൾ കൈകാര്യം ചെയ്തത്. ഇത് ഇടതുകക്ഷികളുടെ എതിർപ്പു ക്ഷണിച്ചുവരുത്തിയെന്നു മാത്രമല്ല വിദേശകാര്യമന്ത്രി നട്വർ സിങ്ങിനെയും ദേഷ്യം പിടിപ്പിച്ചു. ആദ്യ യുപിഎ സർക്കാരിന്റെ കാലത്ത് മൻമോഹന് ഗ്രാമീണമേഖലയിൽ ക്ഷേമം ഉറപ്പാക്കിയ തൊഴിലുറപ്പു പദ്ധതി നടപ്പാക്കി. രണ്ടാംഘട്ട സാമ്പത്തിക പരിഷ്കരണ നടപടികൾക്കും തുടക്കമിട്ടു. സർക്കാർ ഉടമസ്ഥതയിലുള്ള ടെലികോം സ്പെക്ട്രം, കൽക്കരിപ്പാടങ്ങൾ എന്നിവയുടെ സ്വകാര്യവൽക്കരണമായിരുന്നു ഇതിൽ പ്രധാനം. ഇതാകട്ടെ രണ്ടാം യുപിഎ സർക്കാരിന്റെ കാലത്തു വലിയ വിവാദമായി. ആണവക്കരാറിലെ രാഷ്ട്രീയ ധൈര്യം, തൊഴിലുറപ്പ് അടക്കം ക്ഷേമ പദ്ധതികൾ, സമ്പദ്വ്യവസ്ഥയുടെ മുന്നേറ്റം, കൂട്ടുകക്ഷിഭരണത്തെ മികവോടെ നയിക്കൽ എന്നീ ഘടകങ്ങൾ മൻമോഹന്റെ നേതൃത്വത്തിലുള്ള സർക്കാരിനു വൻവിജയമാണു തെരഞ്ഞെടുപ്പിൽ നേടിക്കൊടുത്തത്. തെരഞ്ഞെടുപ്പുകാലത്തെ ഏറ്റവും ശ്രദ്ധേയമായ ഒരു ചിത്രം കോൺഗ്രസ് പ്രകടനപത്രികയുടെ പ്രകാശനച്ചടങ്ങായിരുന്നു. കോൺഗ്രസ് ജയിച്ചാൽ ആരാണു പ്രധാനമന്ത്രിയെന്നു മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ സോണിയ ഗാന്ധി പ്രകടനപത്രിക എടുത്തുയർത്തി. അതിന്റെ മുഖചിത്രം സോണിയയും മൻമോഹനുമായിരുന്നു. അവർ തന്റെ ചിത്രം കൈകൊണ്ടു മറച്ചശേഷം മൻമോഹന്റെ മുഖം മാത്രം ഉയർത്തിക്കാട്ടി. സോണിയയെ മൻമോഹൻ നിരാശപ്പെടുത്തിയില്ല. യുപിഎ കേവല ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തി.

കുടുംബമഹിമയോ മത, വംശീയ പരിഗണനകളോ അടക്കം ഒന്നിന്റെയും പിന്തുണയില്ലാതെ അദ്ദേഹം സർക്കാരിലും രാഷ്ട്രീയത്തിലും ഉന്നത നിലയിലെത്തി.

കടുത്ത ദാരിദ്ര്യത്തോടു പടവെട്ടി വിദ്യാഭ്യാസം നേടിയ മൻമോഹൻ അക്കാദമിക, സർക്കാർ തസ്തികകളിൽ മികവു തെളിയിച്ചു. കൂട്ടത്തിൽപെടാത്ത ഒരാളെപ്പോലെ എല്ലായിടത്തും നിന്നപ്പോഴും തനിക്കു മുന്നിലെത്തിയ എല്ലാ അവസരങ്ങളെയും സ്വീകരിക്കുകയും പ്രയോജനപ്പെടുത്തുകയും അതിലൂടെ ഇന്ത്യയെ മാറ്റിമറിക്കുന്ന ഭരണനടപടികൾക്കു നേതൃത്വം നൽകുകയും ചെയ്തു.

# മൻമോഹൻ സിങ് ഓർമയായി

(3-ാം പേജിൽനിന്നും)

കൊടുംതണുപ്പിനെയും ചാറ്റൽ മഴയെയും അവഗണിച്ച് 'മൻമോഹൻ സിങ് അമർ രഹേ...' എന്ന മുദ്രാവാക്യമുയർത്തി പ്രവർത്തകർ അദ്ദേഹത്തെ ഒരുനോക്ക് കാണാൻ എഐസിസി ആസ്ഥാനത്തു തടിച്ചുകൂടിയിരുന്നു. വാർത്താസമ്മേളനം നടക്കുന്ന പ്രത്യേക ഹാളിലായിരുന്നു നേതാക്കൾക്കും പ്രവർത്തകർക്കും അന്തിമോപചാരം അർപ്പിക്കുന്നതിന് അവസരമൊരുക്കിയിരുന്നത്. അലങ്കരിച്ച സൈനികവാഹനത്തിൽ കോൺഗ്രസ് ആസ്ഥാനത്തുനിന്നു വിലാപയാത്രയായാണ് ഡോ. മൻമോഹൻ സിങ്ങിന്റെ ഭൗതികദേഹം നിഗംബോധ് ഘട്ടിൽ എത്തിച്ചത്. സാമ്പത്തികപ്രതിസന്ധിയുടെ കാറുംകോളും നിറഞ്ഞ സമുദ്രത്തിലൂടെ ഇന്ത്യയെ അടിപതറാതെ നയിച്ച നേതാവിന് അന്ത്യാഭിവാദ്യം അർപ്പിക്കാൻ മൃതദേഹം കൊണ്ടുപോയ പാതയ്ക്കിരുപുറവും ജനം കാത്തുനിന്നിരുന്നു. 'മൻമോഹൻ സിങ് നീണാൾ വാഴട്ടെ' എന്ന മുദ്രാവാക്യം അന്തരീക്ഷത്തിൽ മുഴങ്ങി.

രാഷ്ട്രപതി ദ്രൗപദി മുർമു ഭൗതികദേഹത്തിൽ പുഷ്പചക്രം അർപ്പിച്ച് അന്തിമ സല്യൂട്ട് നൽകി. തുടർന്ന് കുടുംബാംഗങ്ങളും സിക്ക് പുരോഹിതരും മതപരമായ ചടങ്ങുകൾ പൂർത്തിയാക്കി. 21 തവണ ആചാരവെടി മുഴക്കി സൈന്യം ഇന്ത്യയുടെ ആദരമർപ്പിച്ചു. ഉച്ചയ്ക്ക് ഒന്നോടെ മൂത്ത മകളും അറിയപ്പെടുന്ന ചരിത്രകാരിയുമായ ഉപീന്ദർ സിങ് പ്രധാനമന്ത്രിയടക്കം മുതിർന്ന നേതാക്കളെയും പ്രവർത്തകരെയും സാക്ഷിയാക്കി മൻമോഹൻ സിങ്ങിന്റെ ചിതയ്ക്കു തീകൊളുത്തി.

സാമ്പത്തികവിപ്ലവത്തിന്റെ പാതയിലൂടെ ഇന്ത്യയെ നയിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് യമുനാതീരത്തെ നിംഗംബോധ്ഘട്ടിൽ അന്ത്യവിശ്രമം. പൂർണ സൈനികബഹുമതികളോടെയാണ് ഇന്ത്യ അതുല്യ വ്യക്തിത്വത്തിനു വിടചൊല്ലിയത്.

2004 മുതൽ 2014 വരെ പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിങ് ഇന്ത്യയുടെ സാമ്പത്തിക പരിഷ്കർത്താവുമാണ്. തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം, ഗ്രാമീണ ആരോഗ്യമിഷൻ എന്നിവ മൻമോഹൻ സിങ്ങിന്റെ ഭരണനേട്ടങ്ങളാണ്. 1991-ൽ നരസിംഹ റാവു മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്ന മൻമോഹൻ സിങ്ങാണ് സാമ്പത്തികരംഗത്ത് ഉദാരവത്കരണം നടപ്പാക്കിയത്. റിസർവ് ബാങ്ക് ഗവർണറായും അന്താരാഷ്ട്ര നാണയനിധിയുടെ ഇന്ത്യയിലെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. പ്രണബ് മുഖർജി കേന്ദ്ര ധനമന്ത്രിയായിരുന്ന കാലത്താണ് മൻമോഹൻ സിങ് ആർബിഐ ഗവർണറായി സേവനമനുഷ്ഠിച്ചത്. യുജിസി ചെയർമാൻ, പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. കേംബ്രിജ്, ഓക്സ്ഫഡ് സർവകലാശാലകളിലായിരുന്നു ഉന്നത വിദ്യാഭ്യാസം.

1932 സെപ്റ്റംബർ 26-ന് അവിഭക്ത ഇന്ത്യയിൽ പാക് പഞ്ചാബ് പ്രവിശ്യയിലാണു മൻമോഹൻ സിങ് ജനിച്ചത്. വിഭജനത്തെത്തുടർന്ന് കുടുംബം ഇന്ത്യയിലെത്തി. പ്രധാനമന്ത്രി സ്ഥാനത്തെത്തിയ ഏക സിക്കുകാരനാണ് ഇദ്ദേഹം. ഭാര്യ: ഗുരുചരൺ. മൂന്നു പെൺമക്കളുണ്ട്; ഉപീന്ദർ സിങ്, ദമൻസിങ്, അമൃത് സിങ്. ലോക്സഭയിലേക്ക് ഒരിക്കലും തെരഞ്ഞെടുക്കപ്പെടാത്ത മൻമോഹൻ സിങ് 1991 മുതൽ 2019 വരെ ആസാമിൽനിന്നും 2019-ൽ രാജസ്ഥാനിൽനിന്നും രാജ്യസഭയിലെത്തി. എ.ബി. വാജ്പേയി പ്രധാനമന്ത്രിയായിരുന്ന 1998-2004 കാലത്ത് രാജ്യസഭാ പ്രതിപക്ഷനേതാവായിരുന്നു. 1999-ൽ മൻമോഹൻ ലോക്സഭയിലേക്കു മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. ഇടതുപക്ഷത്തിന്റെ പിന്തുണയോടെ ഒന്നാം യുപിഎ സർക്കാരിനെ നയിച്ച മൻമോഹൻ സിങ്, 2009-ൽ കൂടുതൽ സീറ്റ് നേടി വീണ്ടും അധികാരത്തിലെത്തിയത്. 1987-ൽ ഇന്ത്യ പദ്മഭൂഷൺ നല്കി ആദരിച്ചു.

## ജിമ്മി കാർട്ടർ അന്തരിച്ചു

(3-ാം പേജിൽനിന്നും)

വൈറ്റ് ഹൗസിൽ തനിക്കുശേഷം ഏഴു പ്രസിഡണ്ടുമാരെക്കണ്ടും ലോകം മാറിമറിയുന്നതറിഞ്ഞും ജോർജിയയിലെ കൊച്ചുവീട്ടിലായിരുന്നു താമസം. കഴിഞ്ഞവർഷം ഫെബ്രുവരി മുതൽ വീട് ആശുപത്രിയാക്കിയുള്ള സ്നേഹപരിചരണത്തിൽ കഴിയുകയായിരുന്നു. അറ്റ്ലാന്റയിലും വാഷിങ്ടണിലും പൊതുദർശനം ഉണ്ടാകുമെന്ന് കാർട്ടർ സെന്റർ അറിയിച്ചു.

## മാപ്പിന് പുതിയ ഭരണസമിതി

(23-ാം പേജിൽനിന്നും)

ജോൺ ശാമുവേൽ (ഫണ്ട് റെയ്സിങ്), അലക്സ് അലക്സാണ്ടർ (മെംബർഷിപ്), ദീപ് തോമസ് (വിമൻസ് ഫോറം) എന്നിവരെ തെരഞ്ഞെടുത്തു.

ഏലിയാസ് പോൾ, ദീപു ചെറിയാൻ, ജോർജ് എം. കുഞ്ഞാണ്ടി, ജോർജ് മാത്യു, ലിസി തോമസ്, മാത്യു ജോർജ്, രാജു ശങ്കരത്തിൽ, റോയ് വർഗീസ്, സാബു സ്കറിയ, ഷാജി സാമുവൽ, സോബി ഇട്ടി, സോയ നായർ, സ്റ്റാൻലി ജോൺ, തോമസുകുട്ടി വർഗീസ്, വിൻസന്റ് ഇമ്മാനുവൽ, ശ്രീജിത്ത് കോമത്ത് എന്നിവർ കമ്മിറ്റി അംഗങ്ങളാണ്.

പുതിയ ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനവും അധികാര കൈമാറ്റവും പുതിയവർഷാരംഭത്തിൽ തന്നെ ഉണ്ടാകുമെന്ന് പ്രസിഡണ്ട് ശ്രീജിത് കോമത്ത്, നിയുക്ത പ്രസിഡണ്ട് ബെൻസൺ വർഗീസ് പണിക്കർ എന്നിവർ വ്യക്തമാക്കി.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______
CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

VISA
MasterCard
DISCOVER

# കെ.സി.സി വെസ്റ്റേൺ ഒണ്ടാരിയോയ്ക്ക് ഉജ്വല തുടക്കം

**ബൈജു ആലപ്പാട്ട്**

കാനഡ: കാനഡയിലെ വെസ്റ്റേൺ ഒണ്ടാരിയോയിൽ രൂപീകൃതമായ പുതിയ ക്നാനായ അസോസിയേഷന് വർണ്ണശബളമായ തുടക്കം. ഡിസംബർ ഒന്നാം തീയതി ലണ്ടനിലെ സേക്രഡ് ഹാർട്ട് ക്നാനായ പള്ളിയിലെ വിശുദ്ധ കുർബാനയ്ക്കുശേഷം





ക്നായി തൊമ്മൻ പാരിഷ് ഹാളിൽ വെച്ച് നടന്ന സമ്മേളനത്തിൽ വെച്ച് കെ.സി.സി എൻ.എ പ്രസിഡണ്ട് ഷാജി എടാട്ട് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

സഭയുടെയും സമുദായത്തിന്റെയും ഉന്നമനത്തിനായി എല്ലാ ക്നാനായക്കാരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും യുവതീയുവാക്കളെ ചേർത്തുനിർത്തി പുതിയ അസോസിയേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ആഹ്വാനം ചെയ്തു. അസോസിയേഷന്റെ പ്രഥമ പ്രസിഡണ്ടായ ഫെബി തൈക്കകത്ത് അദ്ധ്യക്ഷനായിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ ക്നാനായ സമുദായത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ വെള്ളവും വളവും തേടിപ്പോകുന്ന വേരുകൾ ആയി പ്രവർത്തിക്കുവാൻ ഓരോ ക്നാനായക്കാരനോടും അദ്ദേഹം അഭ്യർത്ഥിച്ചു.

250-ഓളം വരുന്ന അംഗങ്ങളും കാനഡയിലെ വിവിധ മേഖലകളിൽ നിന്നും എത്തിയ മറ്റ് സമുദായസ്നേഹികളും പങ്കെടുത്ത സമ്മേളനത്തിന് അസോസിയേഷന്റെ ജനറൽ സെക്രട്ടറി മജീഷ് കീഴടത്തുമലയിൽ സ്വാഗതം അർപ്പിച്ചു. കെസിസിഡബ്ല്യുഒക്ക് വേണ്ടി രൂപകല്പന ചെയ്ത ലോഗോ പ്രസിദ്ധീകരിച്ചുകൊണ്ട് സേക്രഡ് ഹാർട്ട് ചർച്ച് വികാരി റവ.ഫാ. സജി ചാഴിശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. കെസിസിഎൻഎ റീജിയണൽ വൈസ് പ്രസിഡണ്ട് ലൈജു ചേനങ്ങാട്ടും ക്നാനായ കാത്തലിക് അസോസിയേഷന്റെ കാനഡയുടെ മുൻ പ്രസിഡണ്ട് ഫിലിപ്സ് കൂട്ടതാംപറമ്പിലും ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

വിവിധങ്ങളായ കലാപരിപാടികൾ സമ്മേളനത്തിന് കൊഴുപ്പേകി. വിമൻസ് ഫോറം പ്രസിഡണ്ടും കെസിഡബ്ല്യുഎഫ്എൻഎ വൈസ് പ്രസിഡണ്ടുമായ ജെസ്സി പുത്തൻപുരയിൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. പരിപാടിയുടെ സുഗമമായ നടത്തിപ്പിന് വൈസ് പ്രസിഡണ്ട് സിബി മുളയിങ്കൽ, ജോ. സെക്രട്ടറി ജോസ്മോൻ തേക്കിലക്കാട്ടിൽ, ട്രഷറർ ഷിജോ മങ്ങാട്ട്, ജോ. ട്രഷറർ ജിബിൻ പൂരത്തെച്ചിറ, നാഷണൽ കൗൺസിൽ മെംബേഴ്സ് ഷെല്ലി പുത്തൻപുരയിൽ, റിജോ മങ്ങാട്ട്, മറ്റ് കമ്മിറ്റി മെംബേഴ്സായ വിനു വടക്കേ മണിയംകുന്നേൽ, അജോ കൈതക്കനിരപ്പേൽ എന്നിവരും കെസിഡബ്ല്യുഎഫ്ഡബ്ല്യുഒ സെക്രട്ടറി അഞ്ജന ഈന്തുംകാട്ടിൽ വൈസ് പ്രസിഡണ്ട് സിമി കളമ്പാംകുഴിയിൽ, ജോ. സെക്രട്ടറി ലിസ പെരുമപാടം, ട്രഷറർ ഷീബ മുള്ളൂർ, ജോ. ട്രഷറർ എലിസബത്ത് കോരപ്പള്ളി എന്നിവരും നേതൃത്വം നല്കി.






















Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**